മലങ്കര മാർത്തോമ്മാ സുറിയാനിസഭ
പരസ്യാരാധനക്രമം



ഞായറാഴ്ച കാലത്തെ നമസ്കാരവും കുർബനക്രമവും

DIGITAL VERSION

by

Church Animation Centre (CHANCE)

Click to Select



ഉള്ളടക്കം

പുറം

Other Topics

Note:

- All cross-referenced pages are linked to make it user friendly.
- Click on the icon on left bottom of each page to reach here. Swipe to scroll or use mouse or cursor keys on the keypad.
- Most suitable for reading with iPad or iPhone.

Digitized by: G. M. John, St. Thomas Mar Thoma Church, Thiruvalla - September 2018

ഉള്ളടക്കം

Click to Select




പുറം

മഹത്ത്വീകരണം (കൗമാ) 1
അനുതാപത്തിന്റെ മസ്മൂർ 4
അനുതാപ പ്രാർത്ഥനകൾ 6
സ്തോത്രം- കന്യകമറിയാമിന്റെ പാട്ട് 11
മസ്മൂർ 12
മാലാഖമാരുടെ സ്തുതി 18
പരിശുദ്ധാത്മാവിനുവേണ്ടിയുള്ള അപേക്ഷകൾ 22
ഓരോ ഞായറാഴ്ചത്തേക്കുള്ള
പ്രോമ്യോൻ, സെദറാ.
ഒന്നാം ഞായറാഴ്ച 28
രണ്ടാം ഞായറാഴ്ച 34
മൂന്നാം ഞായറാഴ്ച 38
നാലാം ഞായറാഴ്ച 43
അഞ്ചാം ഞായറാഴ്ച 47
രണ്ടാം ഭാഗം ശുശ്രൂഷ 51
നിഖ്യാ വിശ്വാസപ്രമാണം 55
ഹൂത്താമ്മാ 57
പ്രത്യേക പ്രാർത്ഥനകൾ 61
വിശുദ്ധകുർബാനയുടെ ക്രമം 68
വി. കുർബാനയുടെ പരസ്യശുശ്രൂഷ 71



മലങ്കര മാർത്തോമ്മാ സുറിയാനി സഭ

പരസ്യാരാധനക്രമം



ഞായറാഴ്ച കാലത്തെ നമസ്കാരവും
കുർബാനക്രമവും

മാർത്തോമ്മാ എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിയോടുകൂടി
മാർത്തോമ്മാ സഭാ പ്രസിദ്ധീകരണ സമിതി
പ്രസിദ്ധപ്പെടുത്തുന്നത്

Click on Page No.



1 2 3 4 5 6 7 8 9 10

11 12 13 14 15 16 17 18 19 20

21 22 23 24 25 26 27 28 29 30

31 32 33 34 35 36 37 38 39 40

41 42 43 44 45 46 47 48 49 50

51 52 53 54 55 56 57 58 59 60

61 62 63 64 65 66 67 68 69 70

71 72 73 74 75 76 77 78 79 80

81 82 83 84 85 86 87 88 89 90

91 92 93 94 95 96 97 98 99 100

101 102 103 104 105 106 107 108



പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ

ചൊല്ലേണ്ടുന്ന

പ്രാർത്ഥന

ദൈവമേ, നിന്റെ ഭവനത്തിലേക്കു ഞാൻ പ്രവേശിച്ചു. നിന്റെ സിംഹാസനത്തിൻ മുമ്പാകെ ഞാൻ വന്നിരിക്കുന്നു. സ്വർഗ്ഗസ്ഥനായ രാജാവേ, നിനക്കു വിരോധമായി ഞാൻ ചെയ്തുപോയ സകല പാപങ്ങളും ക്ഷമിക്കണമേ.

ദൈവമേ നീ ഏറ്റവും കരുണയുള്ളവനാകയാൽ മുടിയനായ പുത്രനെ കൈക്കൊണ്ടതുപോലെ എന്നെ കൈക്കൊണ്ട് എന്നോട് കരുണ ചെയ്യണമേ. ആമേൻ.

ഞായറാഴ്ച കാലത്തെ
നമസ്കാരക്രമം

ഒന്നാംഭാഗം ശുശ്രൂഷ

1 മഹത്ത്വീകരണം

പട്ടക്കാരൻ:

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം: ആദിമുതൽ എന്നെന്നേക്കുംതന്നെ-ആമേൻ

പട്ടക്കാരൻ: ആകാശവും ഭൂമിയും തന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ-പരിശുദ്ധൻ-പരിശുദ്ധൻ- ഉന്നതങ്ങളിൽ സ്തുതി.

ജ. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു- ഉന്നതങ്ങളിൽ സ്തുതി.

പ. *ദൈവമേ, നീ പരിശുദ്ധനാകുന്നു.

ജ. ബലവാനേ, നീ പരിശുദ്ധനാകുന്നു.

പ. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

ജ. ഞങ്ങൾക്കുവേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

*ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം

പ. ഞങ്ങളുടെ കർത്താവേ; ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ഞങ്ങളുടെ കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്കാരവും ശുശ്രൂഷയും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ദൈവമേ, നിനക്കു സ്തുതി.

പ. സ്രഷ്ടാവേ, നിനക്കു സ്തുതി.

ജ. പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി- ബാറെക്മാർ.

കർത്താവിന്റെ പ്രാർത്ഥന

പട്ടക്കാരൻ:

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ-

ജനം: നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ- നിന്റെ രാജ്യം വരണമേ-നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ-ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ-ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ-ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ- ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ-ഞങ്ങളെ ദുഷ്ടനിൽനിന്നു രക്ഷിച്ചുകൊള്ളണമേ- എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു-ആമേൻ.

(അല്ലെങ്കിൽ)
ഗീതം

പട്ടക്കാരൻ. *ദൈവമേ! നീ പരിശുദ്ധൻ,-ഹാലേ-ലൂയ്യാ

ജനം. ബലവാനേ! നീ പരിശുദ്ധൻ, കുറി-യേലായിസ്സോൻ
മൃതിരഹിതാ! നീ പരിശുദ്ധൻ, ഹാലേ-ലൂയ്യാ
അടിയാർക്കായ് ✠ ക്രൂശേറ്റവനേ അനുഗ്രഹിച്ചീടണമേ

പ. കർത്താവേ! അനുഗ്രഹിക്ക, ഹാലേ-ലൂയ്യാ

ജ. ദ-യ-വായ് നീ അനുഗ്രഹിക്ക, കുറി-യേലായിസ്സോൻ
പ്രാർത്ഥന ശ്രുശ്രൂഷകളേറ്റി-
ട്ടനുഗ്രഹിച്ചീടണമേ.

പ. ദൈവമേ! സ്തുതി നിനക്കു, ഹാലേ-ലൂയ്യാ

ജ. സ്രഷ്ടാവേ! സ്തുതി നിനക്കു, കുറിയേ-ലായിസ്സോൻ
പാപികളിൽ കനിയും മ്ശിഹാ-
രാജാ സ്തുതി നിനക്കു ബാറെക്മാർ.

കർത്താവിന്റെ പ്രാർത്ഥന

(ഗീതം)

പ. സ്വർല്ലോകത്തി-ലിരുന്നരുളും
ദേവാ ഞങ്ങ-ളുടെ താതാ-

ജ. നിന്തിരുനാമം പാവനമായ്
പെരുമാ-റപ്പെ-ട്ടീ-ടണമേ.

പ. താതാ! നിന്നു ടെ-തിരുരാജ്യം
വന്നീടണമേ-ഈ ഉലകിൽ

ജ. തിരുഹിതം എതുപോൽ സുരലോകേ-
അതുപോ-ലിവിടെയും-ആ-കണമേ.

പ. വേണ്ടുന്നാഹാ-രം എങ്ങൾക്കി-
ന്നേകണമേ-നീ-കർത്താവേ

ജ. അന്യരോടെങ്ങൾ ക്ഷമിച്ചതുപോൽ-
അടിയാർ-പാപം-മോചിക്ക.

പ. പരീക്ഷയിലെ ങ്ങ-ളെയാക്കരുതേ
ദുഷ്ടനിൽനിന്നൊഴിവാക്കുക നീ

ജ. രാജ്യം ശക്തി മഹത്വങ്ങൾ
എന്നും-നിനക്കു-ള്ള-വയാമേൻ.

* ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം

അപേക്ഷ

പ. ദൈവമായ കർത്താവേ, ഭാഗ്യം നൽകുന്നവയും പ്രകാശം നിറഞ്ഞിരിക്കുന്നവയുമായ നിന്റെ രശ്മികളാൽ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. മരിച്ചവരുടെ ഇടയിൽനിന്നുള്ള നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ഈ ദിവസത്തിൽ, ഞങ്ങളെ സന്തോഷിപ്പിക്കണമേ. നിന്റെ കർത്തൃത്വത്തിന്റെ ഉദയത്താൽ ഞങ്ങളെ ആനന്ദിപ്പിക്കണമേ. ഞങ്ങളുടെ ജീവന്റെ പ്രത്യാശയും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷിതാവുമായി, ഞങ്ങളുടെ കർത്താവും ദൈവവുമായ മ്ശിഹായേ, നിന്റെ കൃപയുടെ സഹായങ്ങൾ കൊണ്ട് ഞങ്ങളെ തുണയ്ക്കുകയും ചെയ്യണമേ.

ജ. ആമേൻ

2 പാപം ഏറ്റുപറച്ചിൽ

അനുതാപത്തിന്റെ മസുമൂർ

പ. ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമേ- നിന്റെ കരുണകളുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

ജ. എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി- എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ.

പ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു –എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

ജ. നിന്നോടു നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പാകെ തിന്മകൾ ഞാൻ ചെയ്തു.

പ. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമേ-ഞാൻ നിർമ്മലനാകും. അതിനാൽ എന്നെ നീ വെളുപ്പിക്കണമേ-ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെൺമയുള്ളവനാകും.

ജ. എന്റെ പാപങ്ങളിൽനിന്നും നിന്റെ മുഖം തിരിച്ച്-എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമേ.

പ. ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ-സ്ഥിരമായുള്ളോരാത്മാവിനെ എന്റെ ഉള്ളിൽ പുതുക്കണമേ.

ജ. നിന്റെ സന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതേ-നിന്റെ വിശുദ്ധ റൂഹായെ എന്നിൽ നിന്ന് എടുക്കുകയും അരുതേ.

പ. നിന്റെ രക്ഷയും ആനന്ദവും എനിക്കു തിരിച്ചു തരണമേ-മഹത്വമുള്ള നിന്റെ റൂഹാ-എന്നെ താങ്ങുമാറാകണമേ.

ജ. കർത്താവേ, എന്റെ അധരങ്ങളെ തുറക്കണമേ-എന്റെ വായ് നിന്റെ സ്തുതികൾ പാടും. ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ-ആമേൻ.

(എല്ലാവരും മൗനമായി തങ്ങളുടെ പാപങ്ങൾ ഏറ്റുപറയുന്നു. പിന്നീട് പട്ടക്കാരനോടുകൂടെ താഴെയുള്ള പ്രാർത്ഥനകളിൽ ഒന്നു ചൊല്ലണം)

മൈൗദ്യാനൂസാ (അനുതാപ പ്രാർത്ഥനകൾ)

I

സർവ്വശക്തനും കാരുണ്യവാനുമായ ദൈവമേ-സത്യമായി അനുതപിക്കുന്നവരെ കൈക്കൊള്ളുമെന്നുള്ള-നിന്റെ വാഗ്ദാനത്തിൽ ഞങ്ങൾ ആശ്രയിച്ചുകൊണ്ട്-തിരുമുമ്പാകെ പാപങ്ങളും കുറ്റങ്ങളും ഞങ്ങൾ ഏറ്റു പറയുന്ന ഈ സമയത്ത്-തിരുച്ചെവി ചായിച്ചു ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ദൈവമേ ഞങ്ങൾ നിനക്കു വിരോധമായി പാപം ചെയ്തു-നിന്റെ കല്പനകൾ എല്ലാം ലംഘിച്ചിരിക്കുന്നു. മനസ്സോടും മനസ്സുകൂടാതെയും-അറിവോടും അറിവുകൂടാതെയും-വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും ഞങ്ങൾ പിഴച്ചു. തിരുഹിതത്തിനു പ്രസാദമായതു ഞങ്ങൾ ചെയ്യാതെ-തിരുമുമ്പാകെ അറപ്പും വെറുപ്പും ഉള്ളവ ചെയ്തു-നിന്റെ കോപത്തിനും ശിക്ഷയ്ക്കും പാത്രമായി തീർന്നിരിക്കുന്നു. ഇതു നിമിത്തമായി നിന്റെ നാമത്തിനു അപമാനവും ദുഷിയും-ഞങ്ങളുടെ ചുറ്റുമുള്ളവർക്കു നഷ്ടവും ഞങ്ങൾ വരുത്തിയിരിക്കുന്നു. കാരുണ്യവാനും മനുഷ്യരെ സ്നേഹിക്കുന്നവനുമായ ദൈവമേ-പാപികളുടെ മരണത്തിൽ ഇഷ്ടമില്ലാത്തവനായ കർത്താവേ-മഹാ പാപികളായ ഞങ്ങളോടു കരുണ ചെയ്ത്-ഞങ്ങളുടെ സകല പാപങ്ങളും ഞങ്ങളോട് ക്ഷമിച്ച്-ഞങ്ങളെ ആശ്വസിപ്പിക്കണമേ. പരിശുദ്ധനും

നീതിമാനുമായ ദൈവമേ-സകല മലിനതകളിൽ നിന്നും കറകളിൽ നിന്നും ഞങ്ങളെ ശുദ്ധീകരിക്കണമേ. ഞങ്ങളുടെ ആയുഷ്കാലം മുഴുവനും നിഷ്ക്കളങ്കമായി ജീവിച്ച് -ലോകത്തിൽ വെളിച്ചങ്ങളായി ശോഭിപ്പാനും-ഞങ്ങളുടെ കർത്താവായ യേശു മ്ശിഹായുടെ എഴുന്നള്ളത്തിങ്കൽ-ലജ്ജകൂടാത്ത മുഖത്തോടുകൂടെ അവനെ എതിരേല്പാനും-നിന്റെ മഹത്വരാജ്യത്തിൽ നിത്യാനന്ദം അനുഭവിപ്പാനും-ഞങ്ങളെ യോഗ്യതയുള്ളവരാക്കുകയും ചെയ്യണമേ.
ആമേൻ.

II

കരുണാനിധിയും സ്നേഹസമ്പൂർണ്ണനുമായ പിതാവാം ദൈവമേ-ഞങ്ങളുടെ ബഹുവിധ പാപങ്ങൾ ഇപ്പോൾ ഏറ്റു പറയുന്നു. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളെ അധമരാക്കിത്തീർത്തു. മറ്റുള്ളവർക്ക് സങ്കടത്തിനും നഷ്ടത്തിനും ഞങ്ങൾ കാരണക്കാരായി. ദൈവമഹിമക്കു കുറവും ദുഷിയും-അവിടുത്തെ പിതൃവാത്സല്യത്തിനു ദുഃഖവും ഞങ്ങൾ വരുത്തി. ഞങ്ങളുടെ മാനസികവും ശാരീരികവും ആയ പാപങ്ങളെയും-രഹസ്യവും പരസ്യവുമായ വീഴ്ചകളെയും-സങ്കടപൂർവ്വം ഞങ്ങൾ ഏറ്റുപറയുന്നു. സ്വർഗസ്ഥനായ പിതാവേ, ഇവയെല്ലാം ഞങ്ങളോടു ക്ഷമിക്കണമേ. അൻപുള്ള യേശുവേ-ഞങ്ങളുടെ പാപഭാരം നീക്കണമേ. വിശുദ്ധീകരിക്കുന്ന റൂഹായേ-ഞങ്ങളെ ശുദ്ധീകരിക്കണമേ. പിതൃപുത്ര പരിശുദ്ധാത്മാവാം ത്രിയേക ദൈവമേ,ഞങ്ങളെ നിന്റെ പുത്രത്വത്തിന്റെ അവകാശത്തിൽ

സ്ഥിരപ്പെടുത്തുകയും ചെയ്യണമേ. മ്ശിഹായുടെ നാമത്തി **ലുള്ള** ഞങ്ങളുടെ പ്രാർത്ഥന കേൾക്കുമാറാകേണമേ. ആമേൻ.

III

സർവ്വശക്തനായ ദൈവമേ, ഞങ്ങളിൽ ജീവശ്വാസം ഊതിയ സ്രഷ്ടാവേ,പരിശുദ്ധ താല്പര്യങ്ങളെയും ചിന്ത കളെയും ഞങ്ങളിൽ പുലർത്തുന്ന പ്രിയനാഥാ-നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ ബഹുവിധ പാപ ങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. ചെയ്യേണ്ടതു ചെയ്യാ തെയും -ചെയ്യരുതാത്തത് ചെയ്തും ഞങ്ങൾ നിന്നെ ദുഃഖി പ്പിച്ചു. ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ വിചാ രങ്ങളെയും ആഗ്രഹങ്ങളെയും പ്രയത്നങ്ങളെയും വിശു ദ്ധീകരിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ച്-അ പ്രത്യക്ഷവും നിത്യവുമായ യാഥാർത്ഥ്യങ്ങളെ കണ്ടുഗ്ര ഹിപ്പാൻ-ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങൾ വെറുത്ത് ഏറ്റുപറഞ്ഞ പാപങ്ങൾ-ഞങ്ങളുടെമേൽ ഇനി അധികാരം നടത്തുകയില്ല എന്ന ഉറപ്പ് ഞങ്ങൾക്കു തരണമേ. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവർക്കുള്ള ഭാഗ്യാവസ്ഥ ഞങ്ങൾ അനുഭവിച്ച്-നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള പുണ്യവാ ന്മാരോടും പുണ്യവതികളോടും കൂടെ-നിത്യമോക്ഷാനന്ദ ത്തിനു ഞങ്ങളെ അർഹരാക്കുകയും ചെയ്യണമേ. ഞങ്ങ ളുടെ കർത്താവേശുമ്ശിഹാ നിമിത്തം ഞങ്ങൾ നിന്നോട് അപേക്ഷിച്ചുകൊള്ളുന്നു-ആമേൻ.

IV

സർവ്വശക്തനും നിത്യനുമായ പിതാവാം ദൈവമേ, അന്ധകാരത്തിലിരിക്കുന്നവർക്കു പ്രകാശവും-ബലഹീനർക്കു ശക്തിയും-പാപത്തിൽ വീഴുന്നവർക്കു ഏകാശ്രയവും-നീ മാത്രമാകുന്നു. ബഹുലവും നീചവുമായ ഞങ്ങളുടെ പാപങ്ങൾ-ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നതിനു നൽകിയ ഈ അവസരത്തിനായി നിനക്കു സ്തുതി. അനുതാപ ഹൃദയത്തോടെ നിങ്കലേക്കു ചേർന്നു വരുന്ന ഏവരെയും,നീ സ്വീകരിക്കുന്നു എന്നുള്ള ധൈര്യത്തിൽ-തൃക്കാരുണ്യത്തെ ഞങ്ങൾ വിളിച്ചപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നുള്ള ദൃഢവിശ്വാസത്തിൽ-നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുവാൻ-മ്ശിഹാ നിമിത്തം ഞങ്ങളെ അർഹരാക്കുകയും ചെയ്യണമേ, ആമേൻ.

V

സർവ്വശക്തനും മഹാകാരുണ്യവാനുമായ പിതാവേ-ഞങ്ങൾ കാണാതെപോയ ആടുകളെപ്പോലെ നിന്റെ വഴികളിൽ നിന്ന് തെറ്റിച്ചിതറിപ്പോയിരിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളിലെ വിചാരങ്ങളെയും മോഹങ്ങളെയും-ഞങ്ങൾ മുറ്റും അനുസരിച്ചു നടന്നിരിക്കുന്നു. ഞങ്ങൾ നിന്റെ വിശുദ്ധ കല്പനകളെ ലംഘിച്ചിരിക്കുന്നു. ഞങ്ങൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ ചെയ്യാതെ-ചെയ്യരുതാത്തവ ചെയ്തിരിക്കുന്നു. എങ്കിലും കർത്താവേ-അരിഷ്ടപാപികളും കുറ്റ

ക്കാരുമായ ഞങ്ങളോടു കരുണയുണ്ടാകണമേ. ദൈവമേ, തങ്ങളുടെ പിഴകൾ ഏറ്റുപറയുന്നവരോട് നീ ക്ഷമിക്കുന്നവനല്ലോ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാമൂലം-നീ മനുഷ്യവർഗ്ഗത്തോടു അറിയിച്ചിരിക്കുന്ന വാഗ്ദാനപ്രകാരം-അനുതപിക്കുന്ന ഞങ്ങളെ വീണ്ടും കൈക്കൊള്ളണമേ. കാരുണ്യവാനായപിതാവേ, നിന്റെ പരിശുദ്ധ നാമത്തിന്റെ മഹത്വത്തിനായി-ഞങ്ങൾ ഇനിമേൽ ദൈവഭക്തിയോടും നീതിയോടും സുബോധത്തോടും നടക്കേണ്ടതിനു-മ്ശിഹാനിമിത്തം കൃപ ചെയ്യണമേ...ആമേൻ

മാർ ബാലായുടെ അപേക്ഷ

പ. പാപികളോടു കരുണയുള്ളവനായ ദൈവമേ, നിന്റെ ന്യായവിധിയിൽ ഞങ്ങളോടു കരുണചെയ്യണമേ. നിന്റെ ഭക്തവാത്സല്യത്തിന്റെ ആധിക്യം നിമിത്തം ഞങ്ങളുടെ കുറ്റങ്ങൾ ക്ഷമിക്കണമേ. കരുണയുള്ളവനേ, ഞെരുങ്ങിയിരിക്കുന്നവരായ ഞങ്ങൾ, നിന്റെ വാതിലിൽ മുട്ടുന്നു. നിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ യാചനകൾ നൽകണമേ. കുറ്റം ചെയ്തുപോയവർ തിരിഞ്ഞു സങ്കടത്തോടെ പ്രാർത്ഥിച്ചാൽ അവർക്കു നീ അനുഗ്രഹങ്ങൾ നൽകുന്നവൻ ആകയാൽ, കരുണാപൂർണ്ണനായ യേശുമ്ശിഹായേ: ഞങ്ങൾക്കും അനുഗ്രഹങ്ങളുടെ വാതിൽ തുറന്നുതരണമേ. സ്വർഗ്ഗസ്ഥനായ പിതാവേ: നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ. വിളിപ്പിൻ ഞാൻ ഉത്തരം പറയുമെന്നും, മുട്ടുവിൻ ഞാൻ തുറക്കുമെന്നും, ചോദിപ്പിൻ ഞാൻ തരുമെന്നും അരുളിചെയ്തവന് സ്തുതി.

ജ. മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ-ആമേൻ.

പ. *ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ-

ജ. ദൈവമേ നിനക്കു സ്തുതി.

ഒന്നാം പാഠം (പഴയനിയമം)

3. സ്തോത്രം

കന്യകമറിയാമിന്റെ പാട്ട്

പ. എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു-എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ സന്തോഷിച്ചു.

ജ. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്ചയെ കടാക്ഷിച്ചിരിക്കുന്നുവല്ലോ. കണ്ടാലും ഇതു മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.

പ. എന്തെന്നാൽ ശക്തനായവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചു: അവന്റെ നാമം പരിശുദ്ധവുമാകുന്നു.

ജ. അവനെ ഭയപ്പെടുന്നവർക്ക്-അവന്റെ കരുണ തലമുറകൾക്കും ഗോത്രങ്ങൾക്കും ഉണ്ടാകുന്നു.

പ. അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി, ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു.

*ഇപ്രകാരം മൂന്ന് പ്രാവശ്യം ചൊല്ലണം

ജ. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്നു മറിച്ചിട്ട്-താണവരെ ഉയർത്തി.

പ. അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കി-ധനവാന്മാരെ വെറുതെ അയച്ചു.

ജ. അവൻ തന്റെ ദാസനായ യിസ്രായേലിനെ സഹായിക്കുകയും-താൻ അബ്രഹാമിനോടും അവന്റെ സന്തതിയോടുമായി-നമ്മുടെ പിതാക്കന്മാരോട് അരുളിചെയ്ത പ്രകാരം-എന്നേക്കും തന്റെ കരുണ ഓർക്കയും ചെയ്തു-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നെന്നേക്കും തന്നെ-ആമേൻ.

എക്ബാ

പ. സാരാംശത്തിൽ ഏകമായിരിക്കുന്ന ശക്തിയും പിതാവും പുത്രനും പരിശുദ്ധറൂഹായും എന്ന മൂന്നു ആളത്വങ്ങൾ ഉള്ളവനുമായി-സത്യൈകദൈവവുമായുള്ളോവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

ജ. ആമേൻ.

(പിന്നാലെയുള്ള സങ്കീർത്തനങ്ങളിൽ ഏതെങ്കിലും ഒന്ന് ഓരോ ഞായറാഴ്ചത്തേക്ക് ഉപയോഗിക്കണം)

148-ാം മസ്മൂർ

പ. ഉറങ്ങുന്നവരേ, ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, സ്വർഗ്ഗത്തിൽനിന്നും കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

ജ. അവന്റെ സകല ദൂതന്മാരുമേ-അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ-അവനെ സ്തുതിപ്പിൻ.

പ. സൂര്യചന്ദ്രന്മാരേ, അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ, അവനെ സ്തുതിപ്പിൻ. സ്വർഗ്ഗാധി സ്വർഗ്ഗവും-ആകാശവിതാനത്തിന് അപ്പുറമുള്ള ആഴങ്ങളുമേ, അവനെ സ്തുതിപ്പിൻ.

ജ. അവ കർത്താവിന്റെ തിരുനാമത്തെ സ്തുതിക്കട്ടെ. എന്തുകൊണ്ടെന്നാൽ അവൻ അരുൾ ചെയ്തു-അവ ഉണ്ടായി-അവൻ കല്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.

പ. അവൻ എന്നന്നേക്കുമായി അവയെ സ്ഥിരപ്പെടുത്തി-ലംഘിക്കാവതല്ലാത്ത ഒരു നിയമം കൊടുക്കുകയും ചെയ്തു.

ജ. ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും സകല അഗാധങ്ങളും അഗ്നിയും കൽമഴയും മഞ്ഞും ഉറച്ച മഞ്ഞും-അവന്റെ വചനത്തിന്റെ സൃഷ്ടിയായ കാറ്റുകളും ചുഴലിക്കാറ്റുകളുമേ കർത്താവിനെ സ്തുതിപ്പിൻ.

പ. പർവ്വതങ്ങളും കുന്നുകളും-ഫലവൃക്ഷങ്ങളും സകല കാരകിലുകളും-കാട്ടുമൃഗങ്ങളും സകല നാട്ടു മൃഗങ്ങളും-ഇഴജന്തുക്കളും പറവജാതികളുമേ-അവനെ സ്തുതിപ്പിൻ.

ജ. ഭൂമിയിലെ രാജാക്കന്മാരും സകല ജാതികളും ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും-ഉണ്ണികളും കന്യകമാരും-വൃദ്ധന്മാരും യുവാക്കളും-കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

പ. എന്തുകൊണ്ടെന്നാൽ അവന്റെ നാമം മാത്രം ശ്രേഷ്ഠതയുള്ളതാകുന്നു. അവന്റെ മഹത്വം സ്വർഗ്ഗത്തിലും ഭൂമിയിലുമുണ്ട്.

ജ. അവന്റെ സകല നീതിമാന്മാർക്കും-അവനോടു ചേർന്ന ജനമായ യിസ്രായേൽ പുത്രന്മാർക്കും പുകഴ്ചയായി-സ്വജനത്തിന്റെ കൊമ്പിനെ ഉയർത്തുന്നു. ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു.-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ, ആമേൻ.

149-ാം മസുമൂർ

പട്ടക്കാരൻ. കർത്താവിന് ഒരു പുതിയപാട്ടും, നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവീൻ. യിസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കട്ടെ. സെഹിയോന്റെ മക്കൾ തങ്ങളുടെ രാജാവിൽ ആനന്ദിക്കട്ടെ.

ജനം. അവർ തപ്പുകൾകൊണ്ടും ചതുരത്തപ്പുകൾ കൊണ്ടും അവന്റെ നാമത്തെ സ്തുതിക്കട്ടെ. കിന്നരങ്ങൾ കൊണ്ട് അവന് അവർ പാടട്ടെ.

പ. എന്തുകൊണ്ടെന്നാൽ കർത്താവ് തന്റെ ജനത്തിൽ പ്രസാദിക്കുന്നു-ദരിദ്രന്മാർക്കു രക്ഷ നൽകുകയും ചെയ്യുന്നു.

ജ. നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെട്ട് തങ്ങളുടെ കിടക്കകളിന്മേൽ അവനെ സ്തുതിക്കട്ടെ. അവർ തങ്ങളുടെ തൊണ്ടകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

പ. ജാതികൾക്കു പ്രതികാരവും, ജനങ്ങൾക്കു ശിക്ഷയും നടത്തുവാനും-അവരുടെ രാജാക്കന്മാരെ ബന്ധനങ്ങൾകൊണ്ടും-അവരുടെ മാന്യന്മാരെ ഇരുമ്പു ചങ്ങലകൾകൊണ്ടും ബന്ധിപ്പാനും-

ജ. എഴുതിയിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനായി-അവരുടെ കൈയിൽ ഇരുപുറവും മൂർച്ചയുള്ള വാളും ഉണ്ട്. അത് അവന്റെ സകല നീതിമാന്മാർക്കും മഹത്വം ആകുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ-ആമേൻ.

150-ാം മസ്മൂർ

പ. കർത്താവിനെ അവന്റെ വിശുദ്ധ മന്ദിരത്തിൽ സ്തുതിപ്പിൻ; അവന്റെ ശക്തിയുടെ ആകാശ വിതാനത്തിൽ അവനെ സ്തുതിപ്പിൻ.

ജ. അവന്റെ വല്ലഭത്വം നിമിത്തം അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുലതപ്രകാരം അവനെ സ്തുതിപ്പിൻ.

പ. കാഹളശബ്ദംകൊണ്ട് അവനെ സ്തുതിപ്പിൻ. നന്തു നികൾകൊണ്ടും കിന്നരങ്ങൾ കൊണ്ടും അവനെ സ്തുതിപ്പിൻ.

ജ. തപ്പുകൾകൊണ്ടും ചതുരത്തപ്പുകൾകൊണ്ടും അവനെ സ്തുതിപ്പിൻ; ഇമ്പമുള്ള വീണ കൾകൊണ്ടും അവനെ സ്തുതിപ്പിൻ.

പ. നാദമുള്ള കൈത്താളങ്ങൾകൊണ്ടും അവനെ സ്തുതിപ്പിൻ; ഉച്ചനാദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ.

ജ. ജീവനുള്ളതൊക്കെയും കർത്താവിനെ സ്തുതി ക്കട്ടെ. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു -- ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ--ആമേൻ.

113, 117 മസുമുറുകൾ

പട്ടക്കാരൻ. പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ദാസന്മാരേ, സ്തുതിപാടുവീൻ-

ജനം. കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടിരിക്കട്ടെ.

പ. സൂര്യന്റെ ഉദയം മുതൽ അസ്തമയം വരെ കർത്താ വിന്റെ തിരുനാമം വലിയതാകുന്നു.

ജ. കർത്താവു സകല ജാതികൾക്കു മീതെയും-അവന്റെ ബഹുമാനം ആകാശത്തിനു മീതെയും ഉയർന്നിരിക്കുന്നു.

പ. ഉന്നതങ്ങളിൽ വസിക്കയും, അഗാധത്തിൽ നോക്കികാണുകയും ചെയ്യുന്ന ദൈവമായ കർത്താവിനെപ്പോലെ സ്വർഗ്ഗത്തിലും ഭൂമിയിലും ആരുള്ളൂ.

ജ. അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് അവനെ ഉയർത്തുന്നു.

പ. അവൻ ഭവനത്തിൽ വന്ധ്യയായവളെ മക്കളുടെ മാതാവായി സന്തോഷത്തോടെ വസിക്കുമാറാക്കുന്നു.

ജ. സകല ജാതികളുമേ, അവനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ, അവനെ സ്തുതിപ്പിൻ; എന്തുകൊണ്ടെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ശക്തിപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ-ആമേൻ.

പ. ത്രിത്വത്തിനു സ്തുതി-ത്രിത്വത്തിനു സ്തുതി-സ്തുതിക്കപ്പെട്ടതും സ്വയംഭൂവായതും, ആദിയും അന്തവും ഇല്ലാത്തതുമായ ത്രിത്വത്തെ, ഞങ്ങളും സ്തുതിക്കുന്നു.

ജ. ദൈവമേ, എല്ലാനേരവും സ്തുതി നിനക്കു യോഗ്യമാകുന്നു-ആമേൻ.

മാലാഖമാരുടെ സ്തുതി

പ. അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിക്കുന്നു.

എല്ലാവരും: എല്ലാക്കാലവും എല്ലാ സമയവും ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും-ഭൂമിയിൽ സമാധാനവും നിരപ്പും-മനുഷ്യർക്കു നല്ല പ്രത്യാശയും ഉണ്ടായിരിക്കട്ടെ. സർവ്വശക്തിയുള്ള പിതാവായി-സ്വർഗ്ഗീയ രാജാവായി-സ്രഷ്ടാവായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും-സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ അർപ്പിക്കയും-നിന്റെ മഹത്വത്തിൻ ശ്രേഷ്ഠത നിമിത്തം നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുകയും ചെയ്യുന്നു. വിശുദ്ധറൂഹായോടുകൂടെ-യേശുമ്ശിഹാ ആയഏക പുത്രനായ ദൈവമേ, പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവകുഞ്ഞാടും ആയ കർത്താവേ-ഞങ്ങളോടു കരുണ ചെയ്യണമേ. ലോകത്തിന്റെ പാപത്തെനീക്കിക്കളയുന്നവനേ, നിന്റെ ചെവി ചായിച്ചു ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ. തന്റെ പിതാവിന്റെ വലത്തു ഭാഗത്തു മഹത്വത്തോടിരിക്കുന്നവനേ-ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു; പിതാവായ ദൈവത്തിന്റെ മഹത്വത്തിനു വിശുദ്ധറൂഹായോടുകൂടെ, യേശുമ്ശിഹാ ആയ നീ മാത്രം കർത്താവാകുന്നു.
ആമേൻ.

(അല്ലെങ്കിൽ)

ഗീതം

കുക്കായ

1 പാപികളും ബലഹീനരുമാ-മടിയാ-രി-താ
മേല്പെട്ടവരാം ദൂതരെപ്പോൽ-സ്തുതിചെയ്തീടു-ന്നു
എല്ലായ്പോഴും-ഉന്നതനാം ദേവാ-
എല്ലാനാളും-സ്തുതി നിനക്കുണ്ടാക-
ഭൂവിൽ സമാധാനമിണക്കം-മർത്യർ-ക്കെല്ലാം-
പ്രത്യാശയുമുണ്ടായ്വരട്ടെ-എന്നേക്കും ദൈ-വമേ-
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.

2 സർവ്വേശ്വരനാമുടയോനേ-മഹത്വദൈവ-മേ
പാപികളാമടിയാർ നിന്നെ-സ്തുതിചെയ്തീടു-ന്നു-
വാഴ്ത്തിടുന്നു-വന്ദനം-ചെയ്യുന്നു-
സ്തുതിയുടെ ശബ്ദം-പാടി ഏറ്റുന്നു-
സ്വർല്ലോകത്തിന്നധിപതിയേ-അപ്പാസ്ര-ഷ്ടാ-വേ!
നിന്തിരുനാമത്തിനുസ്തോത്രം-എന്നേക്കും ദൈ-വമേ-
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

3 വിശുദ്ധാത്മാവോടുകൂടെ-ക്രിസ്തേശു-വേ
ബാവായുടെ ഏകസൂതനാം-ദൈവാധി ദൈവമേ!
ദൈവസുതനേ-വചനസ്വരൂപാ-
ലോകരിൻ പാപം-വഹിച്ചൊരു കുഞ്ഞാടേ!
കല്മഷമെല്ലാം ഒഴിച്ചോനേ-തിരുച്ചെവിചാ-യ്ച്
അടിയാരുടെ പ്രാർത്ഥനയെ കേട്ടനുഗ്രഹിക്ക-ദൈ-വമേ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

4 തിരുജനകനുടെ വലഭാഗ-ത്തമരും മഹിമാ-സനാ!
ദയവോടു ദർശിച്ചടിയാരെ-അനുഗ്രഹിച്ചീടണമേ.
എന്നന്നേക്കും-നീ മാത്രം വിശുദ്ധൻ
എന്നന്നേക്കും-നീ മാത്രം നാഥൻ
വിശുദ്ധാത്മാവോടുംകൂടെ പിതൃനാമത്തി-നു
മഹിമയുണ്ടാകട്ടെ ദേവാ എന്നേക്കും ആ-മേ-ൻ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

പ. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, എല്ലാക്കാലവും എല്ലാ സമയവും ഞങ്ങളുടെ ആയുസ്സിൻ നാളൊക്കെയും നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതും ആയ നിന്റെ പരിശുദ്ധനാമത്തെ ഞങ്ങൾ സ്തുതിക്കയും ചെയ്യും. ദൈവമായ കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. തിരുനാമം സ്തുതിക്കപ്പെട്ടതും എന്നന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതും ആകുന്നു, സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവും ആയവനേ, ഏക പുത്രനോടും ജീവനുള്ള വിശുദ്ധ റൂഹായോടുംകൂടെ സ്തുതി നിനക്കു യോഗ്യമാകുന്നു-സ്തുതി നിനക്കു ചേർച്ചയാകുന്നു. സർവ്വകാലവും പുകഴ്ച നിനക്കു ന്യായവുമാകുന്നു.

ജ. ആമേൻ.

(അല്ലെങ്കിൽ) ഗീതം

കുക്കായ

1 സർവ്വേശ്വരനാം കർത്താവേ-പിതാക്കൾക്കുടയോ-നേ-
ഉർവ്വിയിൽ അടിയാർ ജീവിക്കും-നാളെല്ലാം നി-ന്റെ-
തിരുനാമത്തെ-എന്നേക്കും സ്തുതിക്കും
പരനേ നിന്നെ-എന്നേക്കും വാഴ്ത്തും
തിരുനാമത്തെ കൊണ്ടാടി-എന്ന-ന്നേക്കും
മഹത്വത്തോടെ പ്രാബല്യം-പാടീടും ഞങ്ങൾ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

2 പിതൃപുത്രവിശുദ്ധാത്മാവേ!-സ്തുതിനിനക്കു യോഗ്യം
തിരുനാമത്തിനു ബഹുമാനം-അഴകായിടു-ന്നു-
പുകഴ്ചയ്ക്കെന്നും-തിരുനാമം പാത്രം
കീർത്തിക്കെന്നും-തിരുനാമം യോഗ്യം
അടിയാരുടെമേൽ ദയതോന്നി-കരളലിഞ്ഞീടേ-ണമേ,
സ്തുതികൾ പാടിഘോഷിപ്പാൻ-തിരുവരമരുളേ-ണ-മേ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ-നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ നേരെ അടച്ചുകളയരുതേ.

ജ. കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു-ഞങ്ങളെ അനുഗ്രഹിക്കണമേ.

പ. കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാൻ, നിന്റെ സ്നേഹം നിന്നെ നിന്റെ സ്ഥലത്തുനിന്നു, ഞങ്ങളുടെ അടുക്കലേക്കു ഇറക്കിക്കൊണ്ടുവന്നു.

ജ. കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ-ആമേൻ.

(അല്ലെങ്കിൽ)

ഗീതം

മോറാനീശോമ്ശിഹായേ നിൻ അനുഗ്രഹവാതിൽ
ഞങ്ങൾക്കെതിരായ് ഒരു നാളും അടച്ചീ-ട-രു-തേ.
നാഥാ ഞങ്ങൾ പാപികളെന്നേറ്റീടുന്നു
നിൻ അനുഗ്രഹമെങ്ങൾമേൽ ചൊരിഞ്ഞീടണമേ.
നിൻ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോവാൻ
നിൻ സ്നേഹം നിന്നെ ഇറക്കി-ക്കൊണ്ടുവ-ന്നു
കർത്താവേ നിൻ അനുഗ്രഹമെങ്ങളുടെമേൽ
പൊഴിക്കണമേ എന്നുമെന്നേ-ക്കും ആമേൻ.

(എല്ലാവരും ഇരിക്കുന്നു)

രണ്ടാംപാഠം (പുതിയനിയമം)

4. പരിശുദ്ധാത്മാവിനുവേണ്ടിയുള്ള അപേക്ഷകൾ

(താഴെയുള്ള അഞ്ച് അപേക്ഷകളിൽ ഒന്ന്)

I

പട്ടക്കാരൻ. വലിയവനും, ആദിയും അന്തവും ഇല്ലാത്തവനും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദാനവും സത്യവും പാലിക്കുന്നവനും യേശുമ്ശിഹായായ തന്റെ പുത്രനാൽ പാപത്തിൽനിന്നു രക്ഷയുണ്ടാക്കിയവനും സകലത്തിന്റെയും ജീവനും തന്നിൽ സങ്കേതപ്പെടുന്നവരുടെ ശരണവും തന്നെ അന്വേഷിക്കുന്നവരുടെ സഹായകനും മൂന്നാംമണിനേരം അഗ്നിനാവിന്റെ സാദൃശ്യത്തിൽ വിശുദ്ധ റൂഹായാൽ ഞങ്ങളെ പ്രബലരാക്കിയവനും ആയ കർത്താവേ, ഈ പരിശുദ്ധദാനം എല്ലാ സമയത്തും ഞങ്ങൾക്കു നൽകി അതിൽ ഞങ്ങളെ ഐശ്വര്യമുള്ളവരാക്കണമേ. രഹസ്യവും പരസ്യവുമായ പാപങ്ങളിൽനിന്നും നിനക്ക് ഇഷ്ടമില്ലാത്ത സകല വിചാരങ്ങളിൽ നിന്നും അവനാൽ ഞങ്ങളെ ശുദ്ധീകരിക്കണമേ. ഞങ്ങളോടുള്ള നിന്റെ സകല കൃപകൾക്കും വേണ്ടി നിനക്കു സ്തോത്രം ചെയ്വാനും നിർമ്മല ഹൃദയത്തോടും ഉത്തമമനസ്സോടും കൂടെ തിരുമുമ്പാകെ ജീവിപ്പാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കിത്തീർക്കണമേ.

ജ. ആമേൻ.

II

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ, രഹസ്യങ്ങൾ വെളിപ്പെടുത്തിയ മാളികയിൽ വച്ച്, വിശുദ്ധ ശ്ലീഹന്മാർക്കു നീ നല്കിയ പരിശുദ്ധ റൂഹായെ ഞങ്ങൾക്കും നൽകണമേ. എല്ലായ്പ്പോഴും ഞങ്ങളോടുകൂടെ പാർപ്പാനും, ഞങ്ങളിൽ അവന്റെ വ്യാപാരങ്ങൾ മുടങ്ങാതിരിപ്പാനും, സകലത്തിന്മേലും അധികാരമുള്ള പുത്രത്വത്തിന്റെ റൂഹായെ, അറിവിന്റെയും ശക്തിയുടെയും റൂഹായെത്തന്നെ, ഞങ്ങൾക്കു നൽകണമേ. സ്വർഗ്ഗീയ രാജാവും, സത്യാത്മാവായ ആശ്വാസപ്രദനും, സർവ്വവ്യാപിയും സകലവും പൂർണ്ണമാക്കുന്നവനും, നന്മകളുടെ ശ്രീഭണ്ഡാരവും ജീവൻ നൽകുന്നവനുമായ പരിശുദ്ധാത്മാവാം ദൈവമേ, ഞങ്ങളിലേക്കു തിരിഞ്ഞു ഞങ്ങളിൽ പാർക്കണമേ. സകല അശുദ്ധിയും നീക്കി ഞങ്ങളെ ശുദ്ധീകരിച്ച്, ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കണമേ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ, നിന്റെ ശിഷ്യന്മാരുടെ അടുക്കൽ നീ പ്രവേശിച്ച് അവർക്കു സമാധാനം നൽകിയ പ്രകാരം എന്നേക്കും നിന്റെ അടിയാരായ ഞങ്ങളോടുകൂടെ ഇരുന്ന് സമാധാനം നല്കുമാറാകണമേ. പിതാവും പുത്രനും വിശുദ്ധ റൂഹായും ആയ ദൈവമേ. സ്തുതിയും സ്തോത്രവും നിനക്കു യോഗ്യമായിരിക്കുന്നു.

ജ. ആമേൻ.

III

പ. സകലഹൃദയങ്ങളെയും ശോധനചെയ്യുന്നവനും പരിശുദ്ധനും, വിശുദ്ധിയുള്ളവരോട് അനുകൂലനും പാപ

ങ്ങളെ ക്ഷമിക്കുന്നവനും ആയ കർത്താവേ, തിരു സന്നിധിയിൽ നില്പാൻ ഞങ്ങൾ അയോഗ്യരാകുന്നു എന്നും നിങ്കലേക്കു അടുത്തുവരുവാനും നിന്റെ കർത്തൃത്വത്തിന്റെ മഹാസന്നിധിയിൽ വായ്തുറപ്പാനും ഞങ്ങൾക്കു ധൈര്യമില്ലെന്നും നീ അറിയുന്നുവല്ലോ. ഇതുനിമിത്തമായി തിരുഹിതംപോലെ നിന്നെ വന്ദിപ്പാൻ നിന്റെ കരുണകളുടെ ആധിക്യംകൊണ്ട് ഞങ്ങളെ യോഗ്യതയുള്ളവരാക്കണമേ. താഴ്മയുള്ളവരെ സ്നേഹിക്കുന്ന ദൈവം നീ ആകയാൽ, ഞങ്ങളുടെ കുറ്റങ്ങൾ ക്ഷമിച്ച്, ഈ സമയത്ത് അനുഗ്രഹങ്ങളും കൃപയും കണ്ടെത്തുവാൻ ഞങ്ങളെ അർഹരാക്കണമെ. നിന്റെ വിശുദ്ധറൂഹയാൽ ഞങ്ങൾ ശക്തിപ്രാപിച്ചു നിനക്കു ഇഷ്ടമുള്ളവരായിരിപ്പാൻ വിശുദ്ധശ്ലീഹന്മാർക്കു നീ അയച്ച പ്രകാരം നിന്റെ വിശുദ്ധിയുടെ ഔന്നത്യത്തിൽനിന്ന് അവന്റെ ശക്തിയെ ഞങ്ങൾക്കും അയച്ചുതരണമേ. കർത്താവേ, നീ തിരിഞ്ഞു ഞങ്ങളെ അനുഗ്രഹിച്ച് കാത്തുകൊള്ളണമേ. ഞങ്ങളുടെ ആത്മാക്കളുടെ പുണ്യവും പ്രത്യാശയുടെ ശരണവും കണ്ണുകൾക്ക് പ്രകാശവും ജീവന്റെ ഉടയവനും നീ ആകയാൽ കുറ്റമറ്റ ജീവിതം ഞങ്ങൾക്കു നൽകണമേ. ഞങ്ങളെല്ലാവരും ഏകശരീരമായിരിപ്പാനും നിന്റെ ഇഷ്ടന്മാരായ പരിശുദ്ധന്മാരോടുകൂടെ ഞങ്ങൾക്ക് ഓഹരി ലഭിപ്പാനും; നിന്റെ വിശുദ്ധറൂഹായുടെ കൃപയാൽ ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും ശുദ്ധീകരിക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായും ആയ ദൈവമേ; സ്തുതിയും

സ്തോത്രവും ബഹുമാനവും എന്നേക്കും നിനക്കു യോഗ്യമായിരിക്കുന്നു.

ജ. ആമേൻ.

IV

പ. കർത്താവേ, നിന്റെ കല്പന അനുസരിച്ച് ഉയരത്തിൽ നിന്നു ശക്തി പ്രാപിപ്പാനായി ഒരുമനപ്പെട്ടു കാത്തിരുന്ന നിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിനു ചിന്തിക്കൊടുത്ത ആ പരിശുദ്ധാത്മവരത്തിനു ഞങ്ങളെയും അർഹരാക്കിയിരിക്കുന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു, ഞങ്ങൾ നിന്റെ കൃപാവരങ്ങളെ പ്രാപിക്കുന്നുവെങ്കിലും, അവയെ നഷ്ടപ്പെടുത്തിക്കളയുന്ന പാപസ്വഭാവമുള്ളവരാകുന്നുവെന്നു ഏറ്റു പറഞ്ഞു കൊള്ളുന്നു.

പരിശുദ്ധാത്മാവിന്റെ ശക്തിയെ ഞങ്ങളിൽ പുതുക്കണമേ. കർത്താവേ, ഞങ്ങളെ സ്നേഹമുള്ളവരാക്കണമേ. ഞങ്ങൾ ഞങ്ങളിൽതന്നെ സന്തോഷമുള്ളവരും മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നവരും ആയിത്തീരണമേ. ഞങ്ങൾ സമാധാനം അനുഭവിക്കുന്നവരായിരിക്കണമേ. ദീർഘക്ഷമയും ദയയും ഞങ്ങൾക്കു നല്കണമേ. ഞങ്ങൾ നിന്നോടും മറ്റുള്ളവരോടും ഞങ്ങളോടുതന്നെയും വിശ്വസ്തതയുള്ളവരായിരിക്കണമേ. പരോപകാരതല്പരത ഞങ്ങളിൽ വളർന്നുവരണമേ. സൗമ്യതയാകുന്ന അക്ഷയഭൂഷണത്താൽ ഞങ്ങളെ അലങ്കരിക്കണമേ. ഇന്ദ്രിയജയം ഞങ്ങൾക്കു നൽകണമേ.

ഇങ്ങനെ ഞങ്ങൾ ആത്മാവിന്റെ ഫലങ്ങളെ പുറപ്പെടുവിക്കയും, സകല കാര്യങ്ങളിലും വിവേകമുള്ളവരായി സമാധാനവും സന്തോഷവും അനുഭവിക്കയും ചെയ്വാൻ കൃപയരുളുമാറാകണമേ.

ജ. ആമേൻ.

V

പ. പരിശുദ്ധരൂഹാ വന്ന് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും എന്നു കല്പിച്ചരുളിച്ചെയ്ത കർത്താവേ, ഈ പരിശുദ്ധാത്മാവിന്റെ അധിവാസം ഞങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കണമേ. പാപത്തിന്റെ ഭയങ്കര ഫലങ്ങൾ-അതിന്റെ മ്ലേച്ഛത, നന്ദികേട്-ഇവയെപ്പറ്റി യഥാർത്ഥമായ ബോധം ഞങ്ങൾക്ക് നല്കണമേ. നീതിബോധമില്ലാത്ത ഞങ്ങളുടെ പ്രവൃത്തികൾ, വ്യക്തിപരവും സാമൂഹികവുമായ ഞങ്ങളുടെ അനീതികൾ ഇവമൂലം ഞങ്ങളുടെമേലും ഞങ്ങളുടെ വർഗ്ഗത്തിന്മേലും വരുത്തിവയ്ക്കുന്ന ഭയങ്കര ന്യായവിധിയെക്കുറിച്ചുള്ള ബോധം ഞങ്ങളിൽ വർദ്ധിപ്പിക്കണമേ. നിന്റെ പരിശുദ്ധാത്മാവ് ഞങ്ങളിൽ വസിച്ച്-തെറ്റുകളിൽനിന്നു ഞങ്ങളെ അകറ്റി കഷ്ടങ്ങളിൽ ആശ്വസിപ്പിച്ച് നിന്റെ ഇഷ്ടപ്രകാരം നിയന്ത്രിച്ചു ഭരിക്കണമേ. നിന്റെ ആത്മാവ് ഞങ്ങളെ എല്ലാ സത്യത്തിലും നീതിയിലും വഴിനടത്തി, ഈ ലോകത്തിൽ നിന്റെ പ്രസാദം അനുഭവിക്കുന്ന ജീവിതവും മേൽ ലോകത്തിൽ നിന്റെ

മക്കൾക്കായി ഒരുക്കിയിരിക്കുന്ന മോക്ഷാനന്ദവും ഞങ്ങൾക്ക് അനുഭവമാക്കുകയും ചെയ്യണമേ.

ജ. ആമേൻ.

അപേക്ഷ

പ. സകലത്തിന്റെയും ഉടയവനായ ഞങ്ങളുടെ പിതാവായ ദൈവമേ, ഈ സമയത്തോളം ഞങ്ങളെ ക്ഷേമത്തോടെ കൊണ്ടുവന്നിരിക്കുന്നതിനായി നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെ കരുണയാൽ ഇന്നേദിവസം പാപവും ആപത്തും കൂടാതെ ഞങ്ങളെ കാത്ത്, നീതിയിൽ ഞങ്ങളെ പാലിച്ചുകൊള്ളണമേ. കർത്താവേ, ഞങ്ങളുടെ ശരണം നിന്നിൽ മാത്രമാകയാൽ, നിന്റെ പ്രീതിവാത്സല്യവും ആർദ്രകരുണയും ഞങ്ങളുടെമേൽ ഉണ്ടായിരിക്കേണമേ. നീ കൃപയുള്ള കർത്താവാകയാൽ, നിന്റെ പ്രമാണങ്ങളുടെവഴി ഞങ്ങളെ പഠിപ്പിച്ച് അതിൽ ഞങ്ങളെ നടത്തണമേ. പരിശുദ്ധനായ കർത്താവേ, നിന്റെ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ. ഇന്നേദിവസം ഞങ്ങൾക്ക് ആവശ്യമുള്ള സകല നന്മകളും ഞങ്ങളുടെ മേൽ വർഷിക്കുകയും ചെയ്യണമേ. സ്തുതിയും ബഹുമാനവും ആധിപത്യവും നിനക്കു യോഗ്യമായിരിക്കുന്നു.

ജ. ആമേൻ.

5 ഓരോ ഞായറാഴ്ചത്തേക്കുമുള്ള പ്രോമ്യോനും സെദറായും

ഒന്നാം ഞായറാഴ്ച

പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോടു അനുഗ്രഹങ്ങളും കരുണയും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു ഞങ്ങളെ സഹായിക്കണമേ.

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും മാഞ്ഞുപോകാത്ത മഹിമയും നിരന്തരം കരേറ്റുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായിത്തീരണമേ.

തിരുഹിതപ്രകാരം മനുഷ്യജന്മം എടുക്കയും കരുണയുടെ ആധിക്യത്താൽ കബറിലേക്കു പ്രവേശിക്കയും ചെയ്ത നല്ലവനും മനുഷ്യസ്നേഹമുള്ള ഉടയവനും, സ്വഭാവേന സകലത്തിനും മീതെ ഉയർന്നിരിക്കുന്ന അദൃശ്യനും മഹോന്നതനും, നാനാഭാഗങ്ങളിലേക്കും തന്റെ ശ്രീഭണ്ഡാരത്തിൽനിന്നു നിക്ഷേപങ്ങൾ വിഭാഗിച്ചുകൊടുക്കുന്നവനുമായ മ്ശിഹാതമ്പുരാനു, പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.....

ജ. ആമേൻ.

സെദറാ

പ. രക്ഷാകരമായ വ്യപാരത്താലും ദൈവികമായ മനുഷ്യസ്നേഹത്താലും അപ്പൊസ്തൊലികമായ കാതോലിക്കാസഭയെ സകല ജാതികളിൽനിന്നും തെരഞ്ഞെടുക്കയും, പരിശുദ്ധ രക്തംകൊണ്ട് അതിനെ വിലയ്ക്കു വാങ്ങിക്കയും, മഹത്വമുള്ള മണവാട്ടിയായി അതിനെ പ്രദർശിപ്പിക്കയും, ഞങ്ങളെ സ്വന്തമക്കളും അവകാശികളുമാക്കിത്തീർക്കയും ചെയ്ത ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, ദൈവികമായ നിന്റെ കല്പനകൾ പ്രമാണിപ്പാനും അവയെ ധ്യാനിപ്പാനും ഞങ്ങൾക്കെല്ലാവർക്കും കൃപ നൽകണമേ. നിന്നിൽനിന്നുള്ള വിശുദ്ധിയാൽ ഞങ്ങൾ വിശുദ്ധീകരിക്കപ്പെട്ടു പൂർണ്ണരാകുകയും നിന്നിൽ ഞങ്ങൾ സന്തോഷിക്കയും, ജീവൻ നല്കുന്ന നിന്റെ സുവിശേഷം ഞങ്ങൾ സർവ്വജനതകളുടെയും ഇടയിൽ അറിയിക്കയും ചെയ്വാൻ കൃപ നല്കണമേ. നിന്റെ ദൈവത്വത്തിൽ വിശ്വസിക്കയും, നിന്റെ ക്രൂശുമരണത്തെ ഏറ്റുപറകയും, നിന്റെ കരുണയ്ക്കായി കാത്തിരിക്കയും ചെയ്യുന്ന നിന്റെ സഭയ്ക്കും ഇടവകയ്ക്കും നിരപ്പും സമാധാനവും സൗജന്യമായി നൽകണമേ. സ്വർഗ്ഗത്തിൽനിന്നുള്ള നിന്റെ എഴുന്നള്ളത്തിന്റെ ദിവസത്തിൽ വലത്തുഭാഗത്തുള്ള സന്തോഷം ഞങ്ങൾക്കും നൽകണമേ. വിശ്വാസമുള്ള സഭയിലെ സന്താനങ്ങളായ ഞങ്ങൾ ഏവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. ഹോശോ.....

ജ. ആമേൻ.

കുക്കായ

എല്ലാ ദിവസങ്ങളിൽ വലുത്-ഞായർദിനം തന്നെ
ഇഹപരലോകേ സൃഷ്ടിഗണം-മോദിക്കുന്നീ-ദിനം-
ദൈവനാമം-ഇതിൽ മഹിമപ്പെടുന്നു-
രക്ഷയിൻ സുവിശേ-ഷമിതിലറിയിക്കുന്നു-
ജീവികൾ മരിച്ചവർക്കാശ്വാസം-പ്രത്യാശയുമു-ണ്ടായ്
കബറിൽനിന്നിഹകർത്താവും-ഉയർത്തെഴുന്നേറ്റീ-ദിനം
ഹാലേലുയ്യാ-സഭ മോദിക്കുന്നു-ബാറെക്മാർ
പിതൃപുത്രവിശുദ്ധാത്മനു സ്തുതി-ഹാലേലുയ്യാ
ലോകരക്ഷകൻ മ്ശിഹാരാജ-ന്റുയിർത്തെഴുന്നേല്പി-ങ്കൽ
ഇഹപരലോകം ആസകലം-വലുതായ് സന്തോഷിച്ചു
നരരക്ഷയ്ക്കായ്-ജഡത്തെ താൻധരിച്ചു-
കഷ്ടത സഹിച്ചു-സ്ലീബാമേൽ ഏറി
ഇഷ്ടത്താൽ താൻ മരണത്തെ-രുചിനോക്കിക്ക-ണ്ടു-
പാതാളം പുക്കുമഹത്വത്തോടെ-കബറിൽനിന്നു-യിർത്തു
ഹാലേലുയ്യാ തന്നാൽ ജഗന്മോദം
നാഥാ-അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ.

എത്രാ

പ. കർത്താവേ, നിന്റെ കരുണയാൽ നിന്റെ ഉയിർത്തെഴുന്നേല്പിനെ വന്ദിക്കയും സ്തുതിക്കയും ബഹുമാനിക്കയും, നിന്റെ മുറിവുകളെ സ്നേഹിക്കയും ആലിംഗനം ചെയ്യുകയും ചെയ്യുന്ന നിന്റെ ആടുകളുടെ സ്തോത്രങ്ങളിലും പ്രാർത്ഥനകളിലും നീ പ്രസാദിച്ചുകൊണ്ട്, നിന്റെ വിശുദ്ധ സഭയുടെ ഫലങ്ങളെയും പൗരോഹിത്യമുള്ള നിന്റെ ഇടവകയുടെ മാധുര്യമുള്ള ഫലങ്ങളെയും കൈക്കൊള്ളണമേ. നിന്റെ സഭ കൃതജ്ഞതയുടെ കാഴ്ചകൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സർവ്വദാ

അർപ്പിപ്പാൻ തക്കവണ്ണം എല്ലാ ഭാഗങ്ങളിലും അതിന്റെ കൊമ്പിനെ ഉയർത്തുകയും ചെയ്യണമേ.

ജ. ആമേൻ

മാർ യാക്കോബിന്റെ അപേക്ഷ

പ. മഹത്വകരമായ ഉയർത്തെഴുന്നേല്പിനാൽ തിരുസഭയെ വഴിതെറ്റിൽനിന്നും രക്ഷിച്ചവനായ ദൈവപുത്രാ, നിന്റെ സമാധാനം അതിനു നല്കി-പ്രകാശത്തിന്റെസ്സീബാകൊണ്ടു അതിന്റെ സന്താനങ്ങളെ കാത്തുകൊള്ളണമേ.

ജ. നമ്മുടെ നിമിത്തം ജഡത്തിൽ വെളിപ്പെടുകയും-കഷ്ടത അനുഭവിച്ച് മരിക്കയും-മഹത്വത്തോടെ കബറിൽ നിന്നുയിർത്തെഴുന്നേല്ക്കുകയും ചെയ്ത അദൃശ്യനായിരിക്കുന്നവനു സ്തുതി.

പ. കർത്താവേ, ജീവനുള്ളവരെയും മരിച്ചവരെയും നീ രക്ഷിച്ചതുകൊണ്ട് നിനക്കും നിന്നെ അയച്ച പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതി, കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. സ്വർലോകരെയും ഭൂലോകരെയും സമാധാനപ്പെടുത്തിയ സമാധാനമായുള്ളോവേ-നിന്റെ തിരു സഭയെ സമാധാനപ്പെടുത്തി-പ്രകാശത്തിന്റെ സ്സീബാകൊണ്ട് അതിന്റെ സന്താനങ്ങളെ കാത്തുകൊള്ളണമേ.

(അല്ലെങ്കിൽ)

ഗീതം

1 ദേവജാതനേ! നി-ന്നുയിർപ്പാൽ സഭയെ
വീണ്ടോനേ! നിൻ യോഗ്യതയരുളി-
ക്രൂ-ശാലതിനെ-കാ-ത്തീടണമേ നീ

2 ഞങ്ങൾക്കായതി പീഡകൾ-മരണം-
ഏറ്റോനേ നീ-മഹത്വത്തോടെ
ഉ-യിർത്തതിനാൽ സ്തോ-ത്രം ചെയ്യുന്നു.

3 രക്ഷപ്പെട്ടോരായ്-നിനക്കും നിൻതാ-
തനും ശുദ്ധാ-ത്മനും സ്തോത്രം-
ചെ-യ്യുന്നെങ്ങളെ-വാ-ഴ്ത്തീ-ടണമേ നീ

4 വിണ്ണോർ മണ്ണോർ-ഇവരെ യോജി-
പ്പിച്ചോനേ നിൻ-സ്വന്തം തിരുസഭ-
യ്ക്ക-രുളി സ്നേഹാ-യാൽ കാത്തീടണമേ.

പ. അത്യുന്നതങ്ങളിൽ കർത്താവിന്റെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

ജ. അത്യുന്നതങ്ങളിൽ കർത്താവിന്റെ ബഹുമാനം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. അത്യുന്നതങ്ങളിൽ കർത്താവിന്റെ ബഹുമാനം എന്നന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

പ. വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ-ഞങ്ങളുടെ മേൽ അനുഗ്രഹമരുളണമേ.

ജ. വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ-ഞങ്ങളുടെ മേൽ അനുഗ്രഹമരുളണമേ-വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ-ദയതോന്നി ഞങ്ങളുടെമേൽ അനുഗ്രഹമരുളണമേ.

പ. നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.

ജ. നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു-നീ വിശുദ്ധിയുള്ളവനാകുന്നു-നിന്റെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

പ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി.

ജ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി-
എന്നേക്കും ഞങ്ങളുടെ ശരണവുമേ, നിനക്കു
സ്തുതി-ബാറെക്മാർ.

(അല്ലെങ്കിൽ) ഗീതം

ഉന്നതത്തിൽനിന്നു കർത്താവിൻ തിരുനാമം
എന്നേക്കും അതു വാഴ്വുള്ളതാകുന്നു.
ഉന്നതത്തിൽ നിന്നു കർത്താവിൻ ബഹുമാനം
എന്നന്നേക്കും അതു വാഴ്വുള്ളതാകുന്നു.
പരിശുദ്ധൻ മഹിമാവാൻ ത്രിയേക ദൈവമേ!
അനുഗ്രഹം ഞങ്ങളിൽ നീ ചൊരിയേണം എപ്പോഴും
പരിശുദ്ധൻ മഹിമാവാൻ ത്രി-ഏകദൈവമേ!
ദയയാലനുഗ്രഹം നീ ചൊരിഞ്ഞീടണമേ.
എന്നേക്കും നീ പരിശുദ്ധൻ, പരിശുദ്ധൻ
പരിശുദ്ധൻ കർത്താവേ മഹിമാവാൻ നിത്യം.
എന്നും നീ സ്തുത്യൻ പരിശുദ്ധൻ നാഥാ!
തിരുനാമമെന്നേക്കും വാഴ്വുള്ളതാകുന്നു.
എൻ കർത്താവേ സ്തുതിതേ, സ്തുതി എൻ കർത്താവേ,
നിത്യശരണവുമേ സ്തുതിതേ ബാറെക്മാർ

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,...

ജ. നിന്റെ നാമം.....

അതിനുശേഷം

കുർബാനയുള്ള ദിവസം "സകല ബുദ്ധിയേയും കവിയുന്ന....." (പുറം 58) എന്നുള്ള ആശീർവാദം പറയണം. കുർബാന ഇല്ലാത്ത ദിവസം കർത്താവിന്റെ പ്രാർത്ഥനയ്ക്കു ശേഷം രണ്ടാം ഭാഗം ശുശ്രൂഷ ആരംഭിക്കണം. (പുറം 51)

രണ്ടാം ഞായറാഴ്ച

പ്രോമ്യോൻ

പ. നാമെല്ലാവരും..... (പുറം 28)

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ-ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കണമേ.

പ. സ്തുതിയും സ്തോത്രവും.....

അവർണ്ണനീയമായ കൃപയാൽ നമ്മെ മരണമില്ലാത്ത വരാക്കിത്തീർപ്പാനായി, നാം അന്വേഷിക്കാതെ സ്വമനസ്സാ നമ്മുടെ അടുക്കൽ എഴുന്നെള്ളുകയും, തന്റെ തിരുമേനിയുടെ പീഡാനുഭവങ്ങളാൽ നമ്മുടെ കടങ്ങൾ പരിഹരിക്കയും, തന്റെ പുനരുത്ഥാനം മൂലം മരണമുള്ള നമ്മുടെ വർഗ്ഗത്തിനു മരണമില്ലായ്മയും മേലുള്ളവർക്കും താഴെയുള്ളവർക്കും, സന്തോഷവും ആനന്ദവും പ്രദാനം ചെയ്യുകയും ചെയ്ത നല്ല ഉടയവനായ മ്ശിഹാതമ്പുരാനു, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ.

സെദറാ

പ. സകലത്തിന്റെയും സ്രഷ്ടാവും സംരക്ഷകനും, ശക്തിയും തേജസ്സും സ്വതസിദ്ധമായിട്ടുള്ളവനും ആയ ദൈവമേ, നിന്റെ സ്നേഹത്താൽ ഞങ്ങളുടെ രക്ഷയ്ക്കായി പീഡാനുഭവത്തിനും കുരിശുമരണത്തിനുമായി സ്വമനസ്സാ നീ എഴുന്നള്ളി, യെഹൂദന്മാരിൽനിന്ന് അപമാനവും പരിഹാസവും നിന്ദയും നീ സഹിച്ചു. ന്യായാധിപതികളുടെ ന്യായാധിപതി

നീ ആയിരിക്കെ, നാടുവാഴിയായ പീലാത്തോസി നാൽ നീ ന്യായം വിസ്തരിക്കപ്പെട്ടു. മഹോന്നതങ്ങ ളിൽ ക്രോബകളുടെമേൽ അത്യന്തം ഭയഭക്തി യോടെ ആഘോഷിക്കപ്പെടുന്നവൻ ആയിരിക്കെ നിന്ദ്യമായ സ്ലീബാമേൽ നീ തൂക്കപ്പെട്ടു. കുരിശിൽ നഗ്നനായി തറയ്ക്കപ്പെട്ടപ്പോൾ, സൂര്യനെ ഇരുളു മാറാക്കി. ഉഗ്രമായ നിന്റെ നിലവിളിയാൽ ദൈവാല യത്തിലെ തിരശ്ശീല കീറി. ഭൂമിയെ നീ വിറപ്പിച്ചു. പാറകളെ നീ പിളർന്നു. പാതാളത്തിലേക്കുള്ള നിന്റെ പ്രവേശനത്താൽ മരണത്തെയും സാത്താനെയും നീ ജയിച്ചു. മരിച്ചവർക്കുപ്രത്യാശയും ജീവനും നീ സമ്പാദിച്ചു. നിന്റെ പുനരുത്ഥാനത്താൽ സർവ്വസൃ ഷ്ടിക്കും പുതിയ ജീവൻ നീ പ്രദാനം ചെയ്തു. അനുഗ്രഹിക്കുന്നവനായ കർത്താവേ, രക്ഷിക്കു ന്നതും ജീവൻ നല്കുന്നതുമായ നിന്റെ ഉയിർത്തെ ഴുന്നേല്പിന്റെ ഈ ദിവസത്തിൽ നിന്റെ കൃപയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളെ മരണമില്ലാത്ത വരും നാശമില്ലാത്തവരുമാക്കിത്തീർക്കുകയും, നികൃ ഷ്ടവും നിന്ദ്യവുമായ സകല വികാരങ്ങളിൽ നിന്നും ഞങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യണമേ. നിന്റെ ഉത്തമ സാക്ഷികളായിരിപ്പാൻ നിന്റെ ശക്തിയാൽ ഞങ്ങളെ പ്രാപ്തരാക്കണമേ. നിന്റെ രണ്ടാമത്തെ എഴുന്നെള്ളത്തിങ്കൽ സന്തോഷത്തോടെ നിന്നെ എതിരേല്പാൻ ഞങ്ങളെ എല്ലാവരെയും യോഗ്യത യുള്ളവരാക്കുകയും ചെയ്യണമേ. നിനക്കും പിതാ വിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിക്കുന്നു. ഹോശോ....

ജ. ആമേൻ.

(എനോനോനുഹറോ രീതി)

ഒന്നാം നാൾ അഗ്നിമയന്മാരും
ആത്മീയരുമാം ഈറേന്മാർ
തീജ്വാലധരിച്ചവരാം ദൂതർ
വിശുദ്ധൻ എന്നതി മൂന്നുഴം
ചൊന്നവർ കബറിങ്കൽ വന്നാർ
മഹത്ത്വം ശക്തി എന്നിവയാൽ
ദൈവം കബർ വിട്ടുയിർത്തെഴുന്നു
ഇവരെ കണ്ട കാവല്ക്കാർ
മരിച്ചവരെപ്പോൽ വീഴുന്നു-ബാറെക്മാർ

ശുബഹാ

ഒന്നാംനാൾ ദേവാട്ടിൻകുട്ടി
മരിച്ചവരിൽ നിന്നുയിർത്തെഴുന്നു
ക്ഷയം തന്മേൽ പ്രബലപ്പെട്ടില്ലേതും
ദുഷ്ടനും സൈന്യവും തോറ്റോടി
ദൈവം സ്തുതിയോടും നാഥൻ
കാഹളധ്വനിയോടുമുയിർത്തു
ഇതു കണ്ടുരച്ചാൻ ദാവീദും
വിണ്ണോർ മണ്ണോർ ഇരുലോകെ
വാഴ്ത്തിടുന്നു അക്ഷയനെ
നാഥാ-അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ.

എത്രാ

പ. സ്ലീബാമേൽ തന്നത്താൻ അർപ്പിക്കയും, തന്റെ യാഗത്താൽ ഞങ്ങളുടെ കടങ്ങളെ പരിഹരിക്കയും, സ്വന്ത മരണത്താൽ ഞങ്ങളെ ജീവിപ്പിക്കയും തന്റെ ഉയിർത്തെഴുന്നേൽപുകൊണ്ട് ഞങ്ങളെ എഴുന്നേല്പിക്കയും ചെയ്ത ഞങ്ങളുടെ മ്ശിഹായേ, ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊണ്ടു ഞങ്ങളുടെ പാപങ്ങൾക്കു ക്ഷമയും

പിഴകൾക്കു മോചനവും നൽകണമേ. കർത്താവേ, തിരുരക്തത്താൽ വീണ്ടുകൊള്ളപ്പെട്ട നിന്റെ സഭയിൽനിന്ന് എല്ലാത്തര വേദവിപരീതങ്ങളും തർക്കങ്ങളും ഭിന്നതകളും തന്നിഷ്ടങ്ങളും നീക്കിക്കളയുകയും, സ്നേഹംകൊണ്ടും സമാധാനംകൊണ്ടും ഐക്യമത്യംകൊണ്ടും ത്രി-ഏക ദൈവത്തെക്കുറിച്ചുള്ള അറിവുകൊണ്ടും അതിനെ അലങ്കരിക്കയും ചെയ്യുമാറാകണമേ.

ജ. ആമേൻ.

മാർ അപ്രേമിന്റെ അപേക്ഷ

പ. മഹത്വകരമായ ഉയിർത്തെഴുന്നേല്പുകൊണ്ട് ഞങ്ങളെ സ്വതന്ത്രരാക്കിയ ദൈവപുത്രനായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ-പിതാവിന്റെ വചനമായ ഏകജാതൻ കബറിൽനിന്നുയിർത്തെഴുന്നേറ്റ് പ്രിയപ്പെട്ടവരുടെ കൂട്ടങ്ങളെ സന്തോഷിപ്പിച്ചു-അവർതന്റെ പുനരുത്ഥാനത്തെക്കുറിച്ച് പ്രസംഗിക്കയും ചെയ്തു.

പ. പിതാവിന്റെ ആദ്യജാതനായുള്ളോവേ, നിനക്കു സ്തുതി-മറിയാമ്മിന്റെ ആദ്യജാതനായുള്ളവേ, നിനക്കു സ്തുതി-മരിച്ചവരിൽനിന്ന് ആദ്യജാതനായുള്ളോവേ, നിനക്കു സ്തുതി.

ജ. പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾ നൽകുന്നവനുമായുള്ളോവേ-ഞങ്ങളുടെ പ്രാർത്ഥനകേട്ടു നിന്റെ കൃപയാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമേ.

(അല്ലെങ്കിൽ) ഗീതം

1 നിന്നുയിർപ്പാൽ വിടുതൽ തന്ന-
കർത്താവേ-അനുഗ്രഹിക്ക.

2 പിതൃവചന-മാകുന്നേക-
ജാതനുയിർത്തിന്നാളിൽ
വത്സലരിൻ-കൂട്ടങ്ങൾ
മോദം പൂണ്ടറിയിച്ചിന്നാൾ.

3 താതന്റെ-ആദ്യജാതനും-
സ്തുതിയുണ്ടാകട്ടെ എന്നും
മരിച്ചവൻ-കടിഞ്ഞൂലിനും-
സ്തുതിയുണ്ടാകട്ടെ എന്നും.

4 മരിച്ചവരിൽ-നിന്നുയിർത്ത
ആദ്യജാതനും സ്തുതി
ആദ്യന്ത-നായുള്ള നീ
വാഴ്ത്തപ്പെ-ട്ടോനാകട്ടെ.

5 നമസ്കാരം-കേൾക്കുന്നോനേ-
യാചനകൾ-നൽകുന്നോനേ-
ഞങ്ങളിൽ പ്രാർത്ഥനകൾ കേട്ട്
യാചനകൾ-നല്കീടണമേ.

അത്യുന്നതങ്ങളിൽ കർത്താവിന്റെ..... (പുറം 32)

മൂന്നാം ഞായറാഴ്ച

പ്രോമ്യോൻ

പ. നാമെല്ലാവരും..... (പുറം 28)

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ-ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കണമേ.

പ. സ്തുതിയും സ്തോത്രവും...

മഹത്തായ സ്ലീബായുടെ ബലത്താൽ തിരുസഭയെ വീണ്ടെടുക്കയും, രക്ഷാകരമായ ഉയിർത്തെഴുന്നേല്പിനാൽ സ്വന്ത അവകാശമായ ആട്ടിൻകൂട്ടത്തെ

സന്തോഷിപ്പിക്കയും, വിശുദ്ധ സമാധാനത്താൽ ശിഷ്യന്മാരെ സമാധാനപ്പെടുത്തുകയും, മഹത്വദർശനത്താൽ ശ്ലീഹന്മാരെ ഉറപ്പിക്കയും ചെയ്ത രക്ഷിതാവായ മ്ശിഹാതമ്പുരാനു, പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു.

ഹോശോ...

ജ. ആമേൻ.

സെദറാ

സാക്ഷാൽ തേജഃസ്വരൂപനായ ദൈവമേ, നിന്റെ പ്രത്യക്ഷതയാൽ സൃഷ്ടിയെ നീ പ്രകാശിപ്പിച്ചു. നിന്റെ വരവിനാൽ മരണമുള്ളവരായ ഞങ്ങളെ നീ രക്ഷിച്ചു. അദൃശ്യനായ ഞങ്ങളുടെ കർത്താവേ, നിന്റെ കൃപയാൽ ഞങ്ങളെ രക്ഷിക്കുവാനും ജീവിപ്പിക്കുവാനുമായി, തത്ത്വഭേദം വരാതെ നീ മനുഷ്യനായി അവതരിച്ചു. നിന്റെ മുഖശോഭയാൽ മരണനിഴലിൻ താഴ്വരയെ നീ പ്രകാശിപ്പിച്ചു. നിന്റെ കബറടക്കത്താൽ ഞങ്ങളുടെ കബറടക്കം നീ പ്രത്യാശപൂർണ്ണമാക്കിത്തീർത്തു. നിന്റെ ഉയിർപ്പിനാൽ ഞങ്ങളെ നീ ജീവിപ്പിച്ചു. നിന്റെ ജയത്താൽ ഞങ്ങളെ വീഴ്ചയിൽനിന്നു എഴുന്നേല്പിച്ചു. നിന്റെ മാഹാത്മ്യത്താൽ ഞങ്ങളുടെ ബലഹീനത നീ നീക്കിത്തന്നു. ആകയാൽ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, ഞങ്ങളുടെ രക്ഷയ്ക്കായി നീ സാധിച്ചുതന്നിട്ടുള്ള വിവിധ സഹായങ്ങൾ നിമിത്തം സ്തുതിയുടെ ശബ്ദം ഉയർത്തി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളോടുയുദ്ധം ചെയ്യുന്ന ദൃശ്യരും അദൃശ്യരും

ആയ സകല ശത്രുക്കളിൽനിന്നും ഞങ്ങളെ വിടുവിച്ച് രക്ഷിക്കണമേ. രക്ഷയുടെ ശ്രേഷ്ഠമായ പരിച ഞങ്ങൾക്കു നല്കണമേ. കരുണയും സഹായങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ ബലമുള്ള വലങ്കൈയാൽ ഞങ്ങളെ കാത്തുകൊള്ളണമേ. നിനക്കു പ്രസാദകരമായ വിശുദ്ധിയുള്ള അവസാനത്തിലേക്കു ഞങ്ങളെ അടുപ്പിക്കയും ചെയ്യണമേ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റും.

ഹോശോ...

ജ. ആമേൻ.

(ലോക്മൊറിയൊ കോറേനാൻ രീതി)

ഒന്നാംനാൾ ഉഷസ്സിൽ താൻ മഹത്ത്വത്തോടെ,
കബറിൽനിന്നുയിർത്തു സ്വർഗ്ഗേ-ഏറിയതാൽ ദൂതർ
തേജസ്സാൽ കുഴലൂതി വലഭാഗേ-താൻ
ഇരിക്കയിൽ സ്രാഫകളാം ദൂതർ-തന്നെ വന്ദിച്ചു
മാലാഖാ-കബറിൻ മുദ്രകളെ
തകർത്തതിന്റെ-കല്ലുരുട്ടീട്ടുടനെ-
ഭൂലോകക്കുയിർത്തെഴുന്നേല്പും-ജീവനുമറിയിച്ചു

ബാറെക്മാർ

ശൂബഹാ

കബറിൽനിന്നുയിർത്തവനാം ദൈവസുതനേ
സ്തുതി, നീ ജാതികളിൽ സഭയെ-വേളിക്കായുറച്ച
ജീവനാം തിരുമേനി തിരുരക്തവും
ഭാഗ്യങ്ങളുടെ മേശയതായ് അവൾക്കായ് നീ ഒരുക്കി
നിൻ ക്രൂശാൽ-അവളെ വീണ്ടതിനും
മരണത്താൽ-ജീവിപ്പിച്ചതിനും
പരിഹാരാർത്ഥം നീ നിന്നെ തന്നതിനും സ്തോത്രം
നാഥാ അനുഗ്രഹിച്ചങ്ങളെ തുണയ്ക്കണമേ.

പ. ഗാഗുൽത്തായുടെ മുകളിൽ യാഗമായി അർപ്പിക്കപ്പെടുകയും കുരിശിലെ മരണത്താൽ ലോകത്തിന്റെ അകൃത്യത്തെ പരിഹരിക്കയും ചെയ്ത പാപപരിഹാരബലിയും, നിരപ്പുണ്ടാക്കുന്ന ധൂപവും ആയ കർത്താവേ, നിന്റെ മനുഷ്യസ്നേഹത്താൽ ഞങ്ങളുടെ അപേക്ഷ കേൾക്കണമേ. നിന്റെ ബഹുമാനത്തിന്റെ മഹാപരിശുദ്ധസ്ഥലത്തേക്കു ഞങ്ങളെ പ്രവേശിപ്പിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ കാരുണ്യത്താൽ ഞങ്ങളുടെ കുറ്റങ്ങൾക്കു ക്ഷമയും, പാപങ്ങൾക്കു മോചനവും നൽകണമേ. നിന്റെ നാമമഹത്ത്വത്തിനു ഉതകത്തക്കവിധത്തിൽ ഞങ്ങളുടെ ജീവിതം ശരിപ്പെടുത്തുവാൻ ഞങ്ങൾക്കു നീ സഹായിക്കയും ചെയ്യണമേ.

ജ. ആമേൻ.

മാർ യാക്കോബിന്റെ അപേക്ഷ

പ. മഹത്ത്വകരമായ ഉയിർത്തെഴുന്നേല്പുകൊണ്ട് തിരുസഭയെ വഴിതെറ്റിൽനിന്നു രക്ഷിച്ചവനായ ദൈവപുത്രാ-നിന്റെ സമാധാനം നൽകി പ്രകാശത്തിന്റെ സ്ലീബാകൊണ്ട് അതിന്റെ സന്താനങ്ങളെ കാത്തുകൊള്ളണമേ.

ജ. മരണത്തെ കീഴ്പെടുത്തിയ ശക്തിമാനായവൻ കുരിശിൽ ഉറങ്ങിയശേഷം-മൂന്നാം ദിവസം ഉറക്കം ഉണർന്ന് ഉയിർത്തെഴുന്നേറ്റു-താൻ മൂന്നുദിവസം കബറിൽ വസിച്ചശേഷം തന്റെ ഭാരം നീങ്ങിപ്പോയി; കഷ്ടതയനുഭവിച്ചവൻ ദൈവശക്തിയാൽ നാശം കാണാതെ ഉണരുകയും ചെയ്തു.

പ. മഹാശക്തിയോടെ പുത്രനെ ഉയിർത്തെഴുന്നേല്പിച്ച പിതാവിനു മഹത്ത്വം-മനസ്സോടെ കബറിൽനിന്നു യിർത്തെഴുന്നേറ്റ പുത്രനു വന്ദനം-മരിച്ചവരുടെ ഇട യിൽനിന്നു ആഘോഷപൂർവ്വംതന്നെ ബഹുമാനിച്ച റൂഹായിക്കു സ്തോത്രം-ത്രിത്വമായിരിക്കുന്ന സർവ്വ ശക്തനായ ദൈവമേ, നിനക്കുസ്തുതി.

ജ. സ്വർലോകരെയും ഭൂലോകരെയും സമാധാനപ്പെടു ത്തിയ സമാധാനമായുള്ളോവേ, നിന്റെ തിരുസഭയെ സമാധാനപ്പെടുത്തി, പ്രകാശത്തിന്റെ സ്നീഭാ കൊണ്ട്,അതിന്റെ സന്താനങ്ങളെ കാത്തുകൊള്ള ണമേ.

(അല്ലെങ്കിൽ) ഗീതം

1 ദേവജാ-തനേ നിന്നുയിർപ്പാൽ സഭയെ
വീണ്ടോനേ!-നിൻ യോജ്യത-
യരുളി ക്രൂശാലതിനെ-കാത്തീടണമേ.

2 മൃത്യു-ഏറ്റ-മല്ലൻ ക്രൂശിൽ
നിദ്രകൊ-ണ്ടു മൂന്നാംനാൾ
താനുണർന്നു-ബലവാൻ താ-
നുയിർത്തെഴുന്നു-തേജസ്സോടെ.

3 കബറിന്നുൾ-വസിച്ചപിൻ
കഷ്ടതകൾ-നീങ്ങിപ്പോയ്
പരിശ്രാന്തൻ-ശിക്ഷകളാൽ
നാശം കാണാതുയിർത്തു.

4 ശക്തിയാൽ തൻസുതനെ
ഉയിർപ്പിച്ച-താതനും
സ്തുതി നന്മ-നസ്സാലുയിർത്ത
പുത്രനും-വന്ദനം

5 മൃതരിൻ ഗേ-ഹേ തന്നെ
മാനിച്ച-റൂഹായ്ക്കും
സ്തോത്രം ത്രിത്വമതാം
ഏകന്നും-വന്ദനം

6 വിണ്ണോർ-മണ്ണോർ ഇവരെ
യോജിപ്പി-ച്ചോനെ-നിൻ
സ്വാസ്ഥ്യം തി-രു സഭയ്ക്കരുളി,
സ്സീബായാൽ-കാത്തീടേണമേ.

അത്യുന്നതങ്ങളിൽ കർത്താവിന്റെ .....(പുറം 32)

നാലാം ഞായറാഴ്ച

പ്രോമ്യോൻ

നാമെല്ലാവരും..... (പുറം 28)

അനുഗ്രഹിക്കുന്നവനായ കർത്താവേ-ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കേണമേ.

സ്തുതിയും സ്തോത്രവും....

തേജോമയമായ ഉയിർത്തെഴുന്നേല്പുകൊണ്ട് തന്നെ ധിക്കരിച്ചവരെ ഓടിച്ചുകളയുകയും, തന്റെ സമാധാനത്താൽ ശിഷ്യന്മാരെ സന്തോഷിപ്പിക്കയും, തന്റെ മുഖദർശനത്താൽ ശ്ലീഹന്മാരെ സ്ഥിരപ്പെടുത്തുകയും, സർവ്വ സൃഷ്ടിയിലും സ്വന്ത ഉപദേശത്തെ വിതയ്ക്കുകയും ചെയ്ത ശക്തിമാനായ മ്ശിഹാ തമ്പുരാനു, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും, നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.....

ആമേൻ.

സെദറാ

മഹത്ത്വമുള്ള വചനമായിരിക്കുന്ന ഞങ്ങളുടെ ദൈവമേ, നിന്റെ കൃപയാൽ ഞങ്ങളെ ദൈവസ്വഭാവത്തിന് അംശികളാക്കിത്തീർപ്പാൻ നിന്റെ സ്നേഹം കൊണ്ടു

നീ മനുഷ്യനായിത്തീർന്നു. സ്രഷ്ടാവേ, സ്വമനസാ താണ അവസ്ഥയിലേക്കു നീ ഇറങ്ങിവന്നിട്ടും സ്രഷ്ടാവ് എന്ന നിന്റെ സ്ഥിതിക്കു കുറവു വരികയോ ഞങ്ങൾക്കുവേണ്ടി മനുഷ്യപുത്രനായിട്ടും നിന്റെ ദൈവത്വത്തിനു വ്യത്യാസം വരികയോ ചെയ്തിട്ടില്ല. ഞങ്ങളെപ്രതി ഞങ്ങളുടെ സാദൃശ്യം ധരിച്ചിട്ടും നിന്റെ ഉന്നതിയുടെ അധികാരത്തിനു നാശം വരികയോ, മരിച്ചവനായിത്തീർന്നിട്ടും നിത്യമായ നിന്റെ ഇരിപ്പിനു ഭേദം വരികയോ ചെയ്തില്ല. പീഡാനുഭവമില്ലാത്തവനായ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, നിന്റെ പീഡാനുഭവം കൊണ്ടു നീ ദുഷ്ടനെ മറിച്ചിടുകയും, നിന്റെ മരണംകൊണ്ടു മരണത്തെ ജയിക്കുയും നിന്റെ പുനരുത്ഥാനം കൊണ്ടു ജീവനെ നീ വെളിപ്പെടുത്തുകയും ചെയ്തു. കർത്താവേ, ഇതു നിമിത്തമായി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്റെ ഉയിർത്തെഴുന്നേല്പുകൊണ്ടു സാധിച്ചിട്ടുള്ള വിസ്മയ കാര്യങ്ങൾ നോക്കി കാൺമാൻ ഞങ്ങളുടെ ബോധങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. എല്ലായ്പ്പോഴും നിന്നോടു കൃതജ്ഞതയുള്ള ഹൃദയവും, സർവ്വനാഴികയും സ്തോത്രയാഗങ്ങൾ അർപ്പിക്കുന്ന മനഃസ്ഥിതിയും ഞങ്ങൾക്കു തരണമേ. നിന്നെക്കുറിച്ചുള്ള ജ്ഞാനമാകുന്ന പ്രകാശത്തിന്റെ രശ്മികൾ നിന്നിൽനിന്നു പ്രാപിപ്പാനും, മഹത്ത്വമുള്ള നിന്റെ വാതിലുകളിൽകൂടി നിന്റെ വിശുദ്ധമണ്ഡപങ്ങളിലേക്കു പ്രവേശിപ്പാനും ഞങ്ങൾക്കു കൃപ നൽകണമേ. നല്ലവനും മനുഷ്യസ്നേഹമുള്ളവനും നീ ആകയാൽ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും

സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റിക്കൊ ള്ളുന്നു. ഹോശോ.....

ജ. ആമേൻ.

(മൊറിയോമോറാൻ-രീതി)

ഒന്നാം നാ-ളാകുന്നീ ദിനത്തിൽ-ഉന്നതന്റെ
സുതനങ്ങുയിർത്തെ-ഴുന്നേറ്റു
മനുജ-കുലത്തിന്റെ
കടിഞ്ഞൂലാം-ആദ്യത്തെയും തന്റെകൂടെ
ഉയിർപ്പിച്ചവനെ-താതങ്കൽ,
കരേറ്റി-ബാറെക്മാർ.

ശുബഹാ

കർത്താധി-കർത്തനെ-നിന്നുയിർപ്പിന്നീനാളിൽ
തിരുരക്തത്താൽ നീ രക്ഷിച്ച
സഭമേൽ-കനിയണമേ.
നിന്നിൽ പു-കഴ്ന്നവൾ-ക്രൂശിപ്പാൻ ശിരസ്സുയർത്തി!
നിൻ സ്ലീബാമൂലം-സങ്കേതം
പ്രാപിച്ചിരിക്കുന്നു.
ഹാലേലു-യ്യാ കോട്ട നീ അവൾക്കായി
പീഡയെല്ലാറ്റിൽ-നിന്നും നീ
കാത്തുസൂ-ക്ഷിക്കണമേ
നാഥാ അ-നുഗ്രഹി-ച്ചെങ്ങളെ തുണയ്ക്കണമേ.

എത്രാ

പ. പരമയാഗത്താൽ പാപമരണത്തിൽ നിന്നും നാശത്തിൽ നിന്നും ഞങ്ങളെ വീണ്ടെടുത്തവനും, രക്ഷാകരമായ സുവിശേഷത്തിന്റെ പ്രകാശത്തെ ഞങ്ങളിൽ വീശിയവനുമായ കർത്താവേ, സുവിശേഷ പ്രകാശത്താൽ ഞങ്ങളുടെ ബോധത്തിന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. നിന്നെ അറിയാത്ത ജനത

കളോട് ഈ സുവാർത്താദൂത് അറിയിപ്പാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിന്റെ വിശുദ്ധ റൂഹായുടെ നൽവരം ഞങ്ങൾക്കും അവർക്കും നൽകണമേ. നിന്നിൽ വിശ്വസിക്കയും ആത്മികമായും ലൗകികമായും ഉള്ള എല്ലാ അനുഗ്രഹങ്ങളും ഞങ്ങളും അവരും അനുഭവിച്ചുകൊണ്ട് നന്ദിയുള്ളവരായിരിക്കയും ചെയ്യുവാൻ കൃപ നൽകേണമേ. ഹോശോ....

ജ. ആമേൻ.

മാർ അപ്രേമിന്റെ അപേക്ഷ

പ. മഹത്വകരമായ ഉയിർത്തെഴുന്നേല്പുകൊണ്ട് ഞങ്ങളെ സ്വതന്ത്രരാക്കിയ ദൈവപുത്രനായ കർത്താവേ, ഞങ്ങളോടു കരുണചെയ്യണമേ.

ജ. ആദ്യദിവസമായ ഞായറാഴ്ച ആദ്യജാതനായവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു-വലിയ ദിവസമായ ഞായറാഴ്ച ജീവന്റെ നാഥനായവൻ കബറിൽനിന്നു ഉയിർത്തെഴുന്നേറ്റു-നാശത്തിന്റെ വാതിൽ തകർക്കയും കബറടങ്ങിയിരിക്കുന്നവർക്കു തന്റെ പ്രകാശം ഉദിപ്പിക്കയും ചെയ്തു.

പ. കർത്താവേ, നിന്റെ പെരുനാളിൽ തിരുരക്തംകൊണ്ട് രക്ഷിക്കപ്പെട്ട സഭയിൽനിന്നു നിനക്കു സ്തുതി-പെരുനാളുകളുടെ നാഥനായുള്ളോവേ, നിന്റെ പെരുന്നാളിനെ ബഹുമാനിക്കുന്നവരിൽനിന്നു നിനക്ക് സ്തുതി-നിനക്കും നിന്നെ അയച്ച പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും പുകഴ്ചയും ഉണ്ടാകുമാറാകട്ടെ.

ജ. പ്രാർത്ഥനകൾ കേൾക്കുന്നവനും-യാചനകൾ നൽകുന്നവനുമായുള്ളോവേ-ഞങ്ങളുടെ പ്രാർത്ഥന

കേട്ടു ഞങ്ങളോടു നിരന്ന്-നിന്റെ കരുണയാൽ
ഞങ്ങളുടെ യാചനകൾ നൽകുമാറാകണമേ.

(അല്ലെങ്കിൽ)

ഗീതം

1 നിന്നുയിർപ്പാൽ-വിടുതൽ തന്ന
കർത്താവേ-അനുഗ്രഹിക്ക

2 ഒന്നാം നാളാദ്യജാതൻ
മരണത്തിൽ-നിന്നുയിർത്തു
ജീവനു-ള്ളോനായവൻ
ഈ വലിയ-നാളിലുയിർത്തു.

3 നാശദാ-രം താൻ തകർത്തു
മരിച്ചോർക്ക-ങ്ങുദയമേകി
തിരുനിണത്താൽ-രക്ഷപ്പെട്ട
സഭയിന്നു സ്തുതിക്കും നിന്നെ.

4 പെരുനാളിൻ-നാഥാ നിന്നെ
ബഹുമാനി-ക്കുന്നോർ സ്തുതിക്കും
നിനക്കും നി-ന്റെ താതനും
വിശുദ്ധാത്മാ-വിന്നും സ്തോത്രം.

5 നമസ്കാരം കേൾക്കുന്നോനേ
യാചനകൾ-നൽകുന്നോനേ
ഞങ്ങളിൻ പ്രാർത്ഥനകൾ കേട്ട്
യാചനകൾ-നൽകീടണമേ.

പ. അത്യുന്നതങ്ങളിൽ കർത്താവിന്റെ..... (പുറം 32)

അഞ്ചാം ഞായറാഴ്ച

പ്രോമ്യോൻ

പ. നാമെല്ലാവരും.... (പുറം 28)

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ
അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കണമേ.

പ. സ്തുതിയും സ്തോത്രവും....

സർവ്വലോകത്തിന്റെയും പാപശാന്തിക്കും വീണ്ടെടുപ്പിനുമായി തന്നെത്തന്നെ യാഗമായി അർപ്പിക്കയും ക്രൂശാരോഹണത്താലും മരണത്താലും ചെന്നായ്ക്കളിൽ നിന്നു തന്റെ ആട്ടിൻകൂട്ടത്തെ രക്ഷിക്കയും സ്വന്തയാഗത്താൽ പരിശുദ്ധനും നീതിമാനുമായ തന്റെ പിതാവിനോട് നമ്മുടെ വർഗ്ഗത്തെ രമ്യപ്പെടുത്തുകയും ഉയിർത്തെഴുന്നേല്പുകൊണ്ട് തന്റെ വിശ്വാസികൾക്കു പുതിയ ജീവൻ പ്രദാനം ചെയ്യുകയും ചെയ്ത ഏക പുത്രനായ മ്ശിഹാതമ്പുരാനു, പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ....

ജ. ആമേൻ.

സെദറാ

പ. ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും പാപത്തിനും നാശത്തിനും അടിമപ്പെട്ടവരെ സ്വതന്ത്രരാക്കുവാൻ പാപികൾക്കു കീഴ്പ്പെട്ട നാഥനും, അന്ധകാരപൂർണമായിത്തീർന്നിരിക്കുന്ന ഈ ലോകത്തിനു സത്യവെളിച്ചമായി വിളങ്ങുവാൻ ഉദിച്ച നീതിസൂര്യനും, ബലവാന്റെ ബന്ധനങ്ങളിൽനിന്നു ഞങ്ങളെ വേർപെടുത്തുവാൻ ബന്ധനമേറ്റ ലോകൈക യോദ്ധാവും രാജാധിരാജാവും ദൈവവുമായ മ്ശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, തിരുസഭയെ എല്ലാ ഉപദ്രവങ്ങളിൽനിന്നും പീഡകളിൽനിന്നും രക്ഷിക്കയും, സത്യവിശ്വാസത്തെ ഇവിടെ പ്രബലപ്പെടുത്തുകയും, ജീവന്റെ വെളിച്ചം പ്രകാശിക്കുമാറാ

ക്കുകയും, സ്തുതിയും സ്തോത്രവും പ്രാർത്ഥന യുമാകുന്ന ആരാധന അതിൽ പ്രബലപ്പെടുവാൻ നീ കൃപ നല്കുകയും ചെയ്തിരിക്കുന്നതിനായി നിനക്കു സ്തോത്രം ചെയ്ത്, നിന്നെ ഞങ്ങൾ മഹ ത്വപ്പെടുത്തുന്നു. കർത്താവേ, നിന്റെ സഭയെ സകല ആത്മീയ അനുഗ്രഹങ്ങളാലും സമ്പൂർണയാക്കണ മേ. അതിലെ എല്ലാ ശുശ്രൂഷകർക്കും ഉയരത്തിൽ നിന്നുള്ള ശക്തിയും ജ്ഞാനവും സമൃദ്ധിയായി നല്കണമേ. തിരുസഭയുടെ സകല സന്താന ങ്ങൾക്കും സന്തോഷങ്ങളുടെ കാലവും പുഷ്ടി യുള്ള സംവത്സരങ്ങളും നൽകേണമേ. മനസ്സലിവും ദയയും ഉള്ള കർത്താവേ, രോഗികൾക്കു പാപമോ ചനവും പരിപൂർണ്ണസൗഖ്യവും, ദരിദ്രർക്കും ഞെരു ക്കത്തിലിരിക്കുന്നവർക്കും ആശ്വാസവും സമാധാ നവും കൊടുക്കണമേ. അനാഥരെയും വിധവമാ രെയും പോറ്റിപ്പുലർത്തണമേ. യുദ്ധങ്ങളും മത്സര ങ്ങളും സംഘർഷങ്ങളും ശമിപ്പിച്ച് ഭൂമിയിൽ നിന്റെ സമാധാനം വാഴുമാറാക്കണമേ. സകല വർഗ്ഗങ്ങളും ഭാഷക്കാരും രക്ഷാമാർഗം അറിയുകയും നിന്നിൽ വിശ്വസിക്കയും ചെയ്യുന്ന കാലം ശീഘ്രം വരണ മേ. നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിക്കുന്നു. ഹോശോ....

ജ. ആമേൻ.

(ഗീതം)

കുക്കായ

ദൈവസുതനെ സ്തുതിചെയ്വാൻ-വരുവിൻ പ്രി-യരേ-
സ്നേഹത്താൽ സഭയെ ഉയർത്തിയ-മ്ശിഹായേ! സ്തോത്രം

സൃഷ്ടികളെതൻ-നിണത്താൽ വീണ്ടോനേ
വന്നെതിരേല്പിൻ-എടുപ്പിൻ-ദീപങ്ങൾ
ദീപം തെളിയിച്ചൻപോടെ-നാമെല്ലാവ-രും
രക്ഷയിൻ സന്തോഷത്താലെ-ബലം ധരിച്ചീടേ-ണം
ഹാലേലുയ്യാ-സ്തോത്രം പാടീടുവിൻ-ബാറെക്മാർ

ശുബഹാ

ദൈവകുഞ്ഞാടേ ഞങ്ങളുടെ-രക്ഷകനാം നാഥനേ
ലോകാരംഭത്തിനുമുമ്പായി-അറുക്കപ്പെട്ടോ-നേ
ദൈവമന്ദിരത്തിൽ പൂകുവാൻ ഞങ്ങളെ നീ
നാശകൻ കയ്യിൽ-നിന്നുദ്ധരിച്ചതിനാൽ
നിന്തിരുമേനിയും തിരുരക്തവും-അനുഭവിച്ചീയ-ടിയാർ
നിന്മരണത്തെ ഓർത്തിന്നിഹ-കൊണ്ടാടുന്നെ-ങ്ങൾ
ഹാലേലുയ്യാ സ്തേത്രം പാടുന്നു
നാഥാ-അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമെ.

എത്രാ

പ. സ്വമനസാ കഷ്ടതയേല്പാൻ എഴുന്നള്ളിവന്നു തന്റെ സൃഷ്ടികളെ ആരാധനയ്ക്കായി ആകർഷിച്ച ഭക്തപാലകനും രക്ഷിതാവുമായ മ്ശിഹായേ, തിരു സന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്ന ഈ ശുശ്രൂഷ കൈക്കൊള്ളണമേ. പാപമാലിന്യം ഞങ്ങളിൽ നിന്നു നീങ്ങി വിശുദ്ധരാകുവാൻ ഞങ്ങൾക്കു നീ കൃപ നൽകണമേ. മാറ്റം വരാത്ത നിന്റെ സമാധാനം ഞങ്ങളിൽ വസിക്കണമേ. നിനക്കു സ്തുതിസ്തോത്രങ്ങൾ പാടുന്നതിനു ഞങ്ങൾക്കു ഹൃദയ സന്തോഷവും നിന്നെ പ്രസാദിപ്പിക്കുന്നതിനു ഞങ്ങൾക്കു കൃപയും

നൽകണമേ. ഭയഭക്തിയോടെ നിന്നെ ആരാധിപ്പാൻ ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കേണമേ.

ജ. ആമേൻ

ഗീതം

മാർ അപ്രേമിന്റെ അപേക്ഷ

1 നിന്നുയിർപ്പാൽ-വിടുതൽ തന്ന
കർത്താവേ-അനുഗ്രഹിക്ക.

2 ലോകത്തിൻ-ശാപം തീർപ്പാൻ
മഹത്വത്തിൻ-സിംഹാസനത്തെ
വെടിഞ്ഞൊരു-ദൈവസുതനെ
മറക്കാനാരാൽ-കഴിയും.

3 നിൻ ക്രൂശിൻ-വിടുതൽമൂലം
ജാതികൾ-സ്തുതിപാടുന്നു
നിനക്കും നിന്റെ താതനും
വിശുദ്ധാത്മ-വിനും സ്തുതി.

4 പ്രാർത്ഥനകൾ-കേൾക്കുന്നോനേ
യാചനകൾ-നല്കുന്നോനേ
ഞങ്ങളിൻ പ്രാർത്ഥനകൾ കേട്ട്
യാചനകൾ-നൽകീടണമേ.

പ. അത്യുന്നതങ്ങളിൽ കർത്താവിന്റെ ..... (പുറം 32)

രണ്ടാംഭാഗം ശുശ്രൂഷ

അപേക്ഷ

പ. ഗാഗുൽത്തായുടെ ഉയരത്തിൽ യാഗമായി അർപ്പിക്കപ്പെടുകയും, അതിനാൽ സർവ്വലോകത്തിന്റെയും പാപങ്ങൾ പരിഹരിക്കയും ചെയ്ത കർത്താവേ, ഈ സമയത്തു നിന്റെ ധാരാളമായ അനുഗ്രഹ

ങ്ങൾക്കായി നോക്കിപ്പാർക്കുന്ന നിന്റെ അടിയാരായ ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊണ്ട്. ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും വിശുദ്ധീകരീക്കണമേ. സ്നേഹവും സമാധാനവും ഐക്യമത്യവും ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. കർത്താവേ, നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിങ്കൽ മഹത്വമുള്ള ഉയിർത്തെഴുന്നേല്പിനും നിന്റെ വലത്തുഭാഗത്തുള്ള നിലയ്ക്കും ഞങ്ങളെ യോഗ്യതയുള്ളവരാക്കിത്തീർക്കയും ചെയ്യണമേ. ഹോശോ....

ജ. ആമേൻ.

63-ാം മസുമൂർ

പ. ദൈവമേ നീ എന്റെ ദൈവമാകുന്നു-നിനക്കായി ഞാൻ നോക്കിപ്പാർക്കും.

ജ. ദാഹിച്ചുവലഞ്ഞു വെള്ളത്തിനായി കാംക്ഷിക്കുന്ന ഭൂമിപോലെ-എന്റെ ആത്മാവു നിന്നെക്കുറിച്ചു ദാഹിച്ചിരിക്കുന്നു-എന്റെ ദേഹവും നിനക്കായി കാത്തിരിക്കുന്നു.

പ. നിന്റെ ബലവും ബഹുമാനവും കാണ്മാൻ-ഇപ്രകാരം സത്യത്തോടെ നിന്നെ ഞാൻ നോക്കി,

ജ. എന്തെന്നാൽ നിന്റെ കരുണ ജീവനെക്കാൾ നല്ലതാകുന്നു-എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

പ. ഇപ്രകാരം ഞാൻ എന്റെ ആയുഷ്കാലം മുഴുവനും നിന്നെ വാഴ്ത്തും-നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

ജ. എന്റെ ആത്മാവ് മജ്ജയും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടിയുള്ളതായി-എന്റെ വായ് സ്തുതിയുള്ള അധരങ്ങൾ കൊണ്ടു നിന്നെ കീർത്തിക്കും.

പ. എന്റെ കിടക്കയിൽ ഞാൻ നിന്നെ ഓർക്കയും രാത്രി തോറും നിന്നെ ധ്യാനിക്കയും ചെയ്തു-എന്തെന്നാൽ നീ എനിക്കു സഹായകനായിത്തീർന്നു-നിന്റെ ചിറകുകളുടെ കീഴിൽ ഞാൻ മറയ്ക്കപ്പെടും.

ജ. എന്റെ ആത്മാവു നിന്നെ പിന്തുടർന്നു-നിന്റെ വലങ്കൈ എന്നെ താങ്ങുകയും ചെയ്തു-ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ-ആമേൻ

പ. കർത്താവേ-അഗ്നിമയന്മാരും ആത്മമയന്മാരും ആയ കൂട്ടങ്ങൾ ഉന്നതങ്ങളിൽ നിന്നെ സ്തുതിക്കുന്നു. അവരോടുകൂടെ ഞങ്ങളും ആർത്തുചൊല്ലുന്നു.

ജ. മ്ശിഹായേ, നീ എഴുന്നള്ളുമ്പോൾ, ഞങ്ങളെയും ഓർത്തുകൊള്ളണമേ.

പ. കർത്താവേ, നിന്റെ താഴ്മയെ ഞങ്ങൾ കൊണ്ടാടുന്നു. നിന്റെ ദൈവത്വത്തെയും മരിച്ചവരുടെ ഇടയിൽനിന്നുള്ള നിന്റെ ഉയർത്തെഴുന്നേല്പിനെയും ഞങ്ങൾ മഹത്വപ്പെടുത്തുന്നു.

ജ. മ്ശിഹായേ നീ എഴുന്നള്ളുമ്പോൾ ഞങ്ങളെയും ഓർത്തുകൊള്ളണമേ.

പ. കർത്താവേ, വിശ്വാസമുള്ള സഭയുടെ സന്താനങ്ങളായ ഞങ്ങളെ നിന്റെ ഉയിർത്തെഴുന്നേല്പിനാൽ സന്തോഷിപ്പിച്ചതുകൊണ്ട്, ഭൂമിയിൽ നിനക്കു ഞങ്ങൾ വന്ദനം ചെയ്യുന്നു.

ജ. മ്ശിഹായേ, നീ എഴുന്നള്ളുമ്പോൾ ഞങ്ങളെയും ഓർത്തുകൊള്ളണമേ.

പ. കർത്താവേ, നീ എഴുന്നള്ളി വഴിതെറ്റിൽനിന്ന് സഭയെ രക്ഷിച്ചതുകൊണ്ട്-സഭയും അതിന്റെ സകല സന്താനങ്ങളും നിന്നെ സ്തുതിച്ചു നിന്റെ ഉയിർത്തെഴുന്നേല്പിനെ വന്ദിക്കുന്നു.

ജ. മ്ശിഹായേ, നീ എഴുന്നള്ളുമ്പോൾ ഞങ്ങളെയും ഓർത്തു കൊള്ളണമേ.

*(*അതിന്റെ ശേഷം നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഏവൻ ഗേലിയോൻ പട്ടക്കാരൻ വായിക്കുന്നു.*

ഏവൻഗേലിയോൻ വായനയ്ക്കുശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ തൂബദേൻ അപേക്ഷകളോ, 61 മുതൽ 67 വരെയുള്ള പുറങ്ങളിലെ പ്രാർത്ഥനകളിൽ ചിലതോ സമയോചിതം ഉപയോഗിക്കാം)

അതിനു ശേഷം

പ. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, നിബ്യന്മാരുടെയും ശ്ലീഹന്മാരുടെയും വിശ്വാസത്തിന്റെ പാറമേൽ ഞങ്ങളുടെ അടിസ്ഥാനത്തെ സ്ഥിരപ്പെടുത്തണമേ. വിശുദ്ധ സഭയുടെ കോൺകല്ലായ ഞങ്ങളുടെ രക്ഷിതാവ് യേശുമ്ശിഹായാകുന്ന ശോധന ചെയ്യപ്പെട്ട കല്ലിന്മേൽ ഞങ്ങളെ പണി ചെയ്യണമേ.

ജ. ബാറെക്മാർ

പ. ദൈവമേ, ഞങ്ങളുടെ മേൽപട്ടക്കാരുടെമേലും പട്ടക്കാരുടെമേലും ശെമ്മാശന്മാരുടെമേലും അവരെ ഭരമേല്പിച്ചിരിക്കുന്ന ജനങ്ങളിന്മേലും നിന്റെ കരുണകൾ നീ ചിന്തുമാറാകണമേ. ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ മ്ശിഹായുടെ മഹത്വ

ത്തിന്നായി സത്യോപദേശം അവർ നിലനിർത്തു വാൻ, നിന്റെ ജീവന്റെ മഞ്ഞ് അവരുടെമേൽ തളി ക്കുമാറാകണമേ.

ജ. കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹാ യിക്കണമേ.

പ. ദൈവമായ കർത്താവേ, എല്ലാ ഭരണാധികാരി കൾക്കും ന്യായാധിപന്മാർക്കും രാജ്യതന്ത്രജ്ഞ ന്മാർക്കും നിയമ സഭാംഗങ്ങൾക്കും വേണ്ടി, പ്രത്യേ കമായി ഭാരത റിപ്പബ്ലിക്കിന്റെ അധ്യക്ഷനും മന്ത്രി മാർക്കും പാർലമെന്റ് അംഗങ്ങൾക്കു വേണ്ടിയും. ഞങ്ങൾ അപേക്ഷിക്കുന്നു. ജ്ഞാനവും വിവേകവും നന്മ ചെയ്യുന്നതിനുള്ള വിശാലമനസ്സും സഹകരണ ബുദ്ധിയും ദൈവാശ്രയവും അവർക്കു കൊടുത്ത്, നിന്റെ നോട്ടത്തിൻകീഴ് അവരെ നടത്തണമേ.

ജ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ ആമേൻ.

(ഇവിടെ കൌമ്മാ ചൊല്ലുന്നു)

നിഖ്യാ വിശ്വാസപ്രമാണം

പ. പിതാവായ, സർവ്വശക്തനായ.....

ജ. ആകാശത്തിന്റെയും ഭൂമിയുടെയും-കാണപ്പെ ടുന്നവയും കാണപ്പെടാത്തവയുമായ-സകലത്തി ന്റെയും സ്രഷ്ടാവുമായ-സത്യൈക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും-

സർവ്വലോകങ്ങൾക്കും മുൻപെ പിതാവിൽനിന്നു ജനിച്ചവനും-പ്രകാശത്തിൽ നിന്നുള്ള പ്രകാശവും -സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും-ജനിച്ച വനും സൃഷ്ടിയല്ലാത്തവനും-തത്വത്തിൽ പിതാവി

നോട് ഏകത്വമുള്ളവനും-സകലസൃഷ്ടിക്കും മുഖാന്തരമായവനും-മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി-സ്വർഗത്തിൽനിന്നും ഇറങ്ങി-വിശുദ്ധറൂഹായാൽ കന്യകമറിയാമിൽനിന്നും ജഡം ധരിച്ച് മനുഷ്യനായി-പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ-ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട്-കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് തിരുഹിതപ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റ്-സ്വർഗ്ഗത്തിലേക്കു കരേറി- തന്റെ പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നവനും-അവസാനമില്ലാത്ത രാജത്വമുള്ളവനും-ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ-തന്റെ മഹാപ്രഭാവത്തോടെ ഇനിയും വരുവാനിരിക്കുന്നവനുമായ-യേശുമ്ശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും-

പിതാവിൽനിന്നു പുറപ്പെട്ട്-പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട്-സ്തുതിക്കപ്പെടുന്നവനും-നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ-ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും-കാതോലികവും അപ്പൊസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമ്മോദീസാ-

ഒന്നു മാത്രമെന്നു ഞങ്ങൾ ഏറ്റുപറഞ്ഞ്-മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനും-വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും-ഞങ്ങൾ നോക്കിപ്പാർക്കയും ചെയ്യുന്നു- ആമേൻ.

ശു. ബാറെക്മാർ സ്തൈമൻകാലോ-സ്

ജ. കുറിയേലാ-യിസ്സോൻ.

(അല്പസമയം ധ്യാനപൂർവം മൗനമായി നിന്നതിനു ശേഷം എല്ലാവരും ഇരിക്കുന്നു.)

1. *കല്പനകൾ, പരസ്യങ്ങൾ മുതലായവ*
2. *പാട്ട്, സ്തോത്രകാഴ്ച*
3. *പ്രസംഗം, പ്രാർത്ഥന*

ഹൂത്താമ്മാ

പ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, എന്നേക്കും നിനക്കു സ്തുതി. നിനക്കു സ്തുതി.. നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേശുമ്ശിഹായേ, നിന്റെ കൃപയാലും ധാരാളമായ കരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട്, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങളുടെ സഹായത്തിന് നീ വന്ന് എന്നേക്കും ഞങ്ങളെ വിശുദ്ധരാക്കണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷ നിനക്കു രമ്യവും, ഞങ്ങളുടെ നമസ്കാരം നിനക്കു പ്രസാദകരവും, ഞങ്ങളുടെ അപേക്ഷ നിനക്കു സ്വീകാര്യവും, ഞങ്ങളുടെ പ്രാർത്ഥന നിനക്കു ബഹുമാനകരവുമായിരിക്കണമേ. കർത്താവേ, നിന്റെ അനുഗ്രഹങ്ങളും കരുണകളും സഹായങ്ങളും കൃപകളും ദൈവികമായ നിന്റെ സകല ദാനങ്ങളും, ബലഹീനരായ ഞങ്ങളുടെമേലും, ബലഹീനതയുള്ള ഞങ്ങളുടെ വർഗ്ഗത്തിന്മേലും വന്ന് ആവസിച്ച്, എന്നേക്കും പാർക്കുമാറാകണമേ.

ജ. ആമേൻ.

(അല്ലെങ്കിൽ)

പ. സത്യവിശ്വാസികൾക്കു ബലമുള്ള കോട്ടയും പിശാചുകൾക്ക് ഭയങ്കരമായതും മാലാഖമാർക്ക് ബഹുമാനമുള്ളതുമായ ദൈവപുത്രന്റെ വന്ദ്യമായ സ്ലീബാരാപ്പകൽ നമ്മെ കാത്തു മറച്ചുകൊള്ളുമാറാകട്ടെ. ദുഷ്ടമനുഷ്യരുടെ കോപത്തിൽനിന്നും, പിശാചുക്കളുടെയും, അവിശ്വാസികളുടെയും അസൂയയിൽ നിന്നും, ഉപദ്രവകരമായ അധികാരങ്ങളിൽനിന്നും കരുണയില്ലാത്ത യജമാനന്മാരുടെ കൈകളിൽനിന്നും രഹസ്യവും പരസ്യവുമായ സകല ശത്രുക്കളിൽനിന്നും സാത്താന്റെ കെണിയിൽനിന്നും, ആത്മാവിനെയും ശരീരത്തെയും ക്ലേശിപ്പിക്കുന്ന ദുർവികാരങ്ങളിൽ നിന്നും, പാപത്തിന്റെ എല്ലാ ശക്തിയിൽ നിന്നും കർത്താവു നമ്മെ വിടുവിച്ച് വീണ്ടെടുത്ത്, നമ്മുടെ ആയുഷ്കാലം മുഴുവനും നമ്മെ പരിപാലിക്കുമാറാകട്ടെ.

ജ. ആമേൻ

പട്ടക്കാരൻ ജനങ്ങൾക്കു നേരെ തിരിഞ്ഞു താഴെയുള്ള ആശീർവാദം പറയണം

പ. സകല ബുദ്ധിയേയും കവിയുന്ന ദൈവത്തിന്റെ സമാധാനം, ദൈവത്തെയും അവന്റെ പുത്രനും നമ്മുടെ രക്ഷിതാവുമായ യേശുമ്ശിഹായെയും കുറിച്ചുള്ള അറിവിലും സ്നേഹത്തിലും നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും കാക്കട്ടെ. പിതാവും പുത്രനും വിശുദ്ധ റൂഹായുമായ ത്രി-ഏക ദൈവത്തിന്റെ കൃപയും അനുഗ്രഹവും നിങ്ങളോടുകൂടെയും നിങ്ങളുടെ ഇടയിലും ഉണ്ടായിരുന്ന്,

സകല ദോഷങ്ങളിൽ നിന്നും നിങ്ങളെ കാത്തുമറച്ച്, സകല നന്മകൾക്കും നിങ്ങളെ യോഗ്യതയുള്ളവരാക്കിത്തീർക്കുമാറാകട്ടെ.

ജ. ആമേൻ.

(അല്ലെങ്കിൽ)

പ. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ആത്മീയമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ ഒരുങ്ങിവന്ന് സംബന്ധിച്ചിട്ടുള്ള എല്ലാവരേയും ദൈവമായ കർത്താവ് അനുഗ്രഹിച്ച് ശുദ്ധീകരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവം ബലഹീനതയും കുറവുമുള്ള നമ്മുടെ പ്രാർത്ഥനകൾ ഉന്നതമായ തന്റെ സിംഹാസനത്തിൻ മുൻപാകെ കേൾക്കയും കൈക്കൊള്ളുകയും ചെയ്യുമാറാകട്ടെ.

ജ. ആമേൻ

*(*പട്ടക്കാരൻ ഇല്ലാത്ത സമയം വിശ്വാസപ്രമാണം കഴിഞ്ഞ് പ്രസംഗം നടത്തണം. അതിനുമുമ്പ് സ്തോത്രകാഴ്ച എടുക്കുകയും, ശുശ്രൂഷകൻ അതുവാങ്ങി വണക്കത്തോടെ മേശമേലോ, മദ്ബഹാനടയിലോ വയ്ക്കുകയും ചെയ്യണം. പിന്നീട് എല്ലാവരും എഴുന്നേറ്റുനിന്ന്, പതിവുപോലുള്ള പ്രാർത്ഥനയും കർത്താവിന്റെ പ്രാർത്ഥനയും ചൊല്ലിയശേഷം ശുശ്രൂഷകൻ പിന്നാലെയുള്ള ആശീർവാദം പറയണം)*

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപയും, ദൈവത്തിന്റെ സ്നേഹവും പരിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നാം എല്ലാവർക്കും എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജ. ആമേൻ.

(ഇവിടെ ഓരോരുത്തരും തനിച്ചു മനഃപ്രാർത്ഥനയോ പിന്നാലെ ചേർത്തിരിക്കുന്ന സ്തോത്രപ്രാർത്ഥനയോ മൌനമായി കഴിച്ചശേഷം കുർബാനസമയത്തുള്ള തുപോലെ തമ്മിൽ തമ്മിൽ കയ്യസൂരി കൊടുക്കയും സാവധാനത്തിൽ യോഗം പിരിഞ്ഞുപോകയും ചെയ്യണം.)

സർവ്വശക്തനും നീതിമാനും ആയിരിക്കുന്ന പരമ പിതാവായ ദൈവമേ, ഇന്നേദിവസം തിരുസന്നിധിയിൽ അടുത്തുവന്ന് നിന്നെ ആരാധിപ്പാനും, തിരുവചനം കേട്ടു ധ്യാനിപ്പാനും നീ നല്കിയ കൃപയ്ക്കായി നന്ദിപൂർവം ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു. ദൈവമേ, നീ ഇതുവരെ എനിക്കു ചെയ്തു തന്നിട്ടുള്ള സകല നന്മകൾക്കും കൃപകൾക്കുംവേണ്ടി നിന്നെ ഞാൻ സ്തുതിക്കുന്നു. പരിശുദ്ധനായ പിതാവേ, പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ എപ്പോഴും നിന്നെ സ്നേഹിപ്പാനും, എന്നെപ്പോലെതന്നെ എന്റെ അയൽക്കാരെ സ്നേഹിപ്പാനും, എനിക്കു കൃപ നൽകണമേ. ദൈവമേ, ഇന്നേ ദിവസം തിരുസന്നിധിയിൽ വന്നു കൂടിയിരിക്കുന്ന ഞങ്ങളെ എല്ലാവരെയും അനുഗ്രഹിച്ച് സമാധാനത്തോടെ അയക്കണമേ. കർത്താവേ, തിരുസഭയെയും അതിന്റെ സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമേ. നിന്റെ നൽവരങ്ങൾ അവർക്കും എനിക്കും നൽകണമേ. എന്റെ ആയുഷ്കാലം മുഴുവനും നിഷ്കളങ്കമായി നടന്ന് നിന്നെ പ്രസാദിപ്പാൻ എനിക്കു കൃപയരുളുകയും ചെയ്യണമേ. ആമേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

(ഞായറാഴ്ച കാലത്തെ നമസ്കാരം ഇവിടെ അവസാനിക്കുന്നു)

പ്രത്യേക പ്രാർത്ഥനകൾ

1 ക്രിസ്തുസഭയുടെ യോജിപ്പിനുവേണ്ടി

കർത്താവേ, ലോകമെങ്ങുമുള്ള തിരുസഭയ്ക്കു വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. അന്യോന്യം ഭിന്നിച്ചിരിക്കുന്ന ദുരവസ്ഥയിൽനിന്ന് അതിനെ രക്ഷിക്കണമേ. സഭകളുടെ യോജിപ്പിനും സഹകരണത്തിനുമായി നടക്കുന്ന എല്ലാ ആലോചനകളെയും നീ നയിച്ച് സഫലമാക്കിത്തീർക്കണമേ. യോജിപ്പിനായുള്ള അഭിവാഞ്ഛയും ഉത്സാഹവും സഭാനേതാക്കന്മാരിലും ജനങ്ങളിലും വർദ്ധിപ്പിക്കണമേ. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകണം എന്നുള്ള നിന്റെ പ്രാർത്ഥന സഭയിൽ നിവൃത്തിയാക്കുകയും ചെയ്യുമാറാകണമേ.

ജ. ആമേൻ.

2 സുവിശേഷ സ്ഥാപനങ്ങൾക്കുവേണ്ടി

കർത്താവേ, നിന്റെ ജീവസുവിശേഷം ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനായി നടത്തിവരുന്ന എല്ലാ സ്ഥാപനങ്ങളെയും അനുഗ്രഹിക്കണമേ. സ്വദേശത്തും വിദേശത്തും സുവിശേഷഘോഷണം നടത്തുന്ന എല്ലാ സഹോദരി സഹോദരന്മാരെയും ഞങ്ങൾ ഓർക്കുന്നു.

(ഇവിടെ വേലസ്ഥലങ്ങളുടെ പേർ എടുത്തുപറയണം)

അവർക്കുവേണ്ടുന്ന ആത്മീയ ദർശനവും ജീവനും ശക്തിയും നീ പ്രദാനം ചെയ്യണമേ; വേലസ്ഥലങ്ങളിൽ നേരിടുന്ന പ്രതിബന്ധങ്ങളെ ധീരതയോടെ

അഭിമുഖീകരിച്ച് നിന്നിലുള്ള വിശ്വാസത്തിൽ ശുശ്രൂഷയെ ഫലപ്രദമായി നിറവേറ്റുവാൻ അവർക്കു സഹായിക്കണമേ. രക്ഷാകരമായ നിന്റെ സുവിശേഷത്തിന്റെ ദൂതുകേൾക്കുന്ന ജനങ്ങൾ അതുമൂലം പ്രകാശം ലഭിച്ചു ലോകൈക രക്ഷിതാവായ നിന്നെ കർത്താവും ദൈവവുമായി സ്വീകരിക്കയും സകല മുഴങ്കാലും നിന്റെ മുമ്പാകെ മടങ്ങുകയും ചെയ്യുന്ന കാലം വേഗം വരുത്തുമാറാകണമേ.

ജ. ആമേൻ.

ആശ്രമങ്ങൾക്കുവേണ്ടി

കർത്താവേ, ക്രിസ്തീയ കൂട്ടായ്മയുടെ വർദ്ധമാനമായ അനുഭവത്തിനും പ്രയോജനകരമായ ശുശ്രൂഷയുടെ നിർവ്വഹണത്തിനുമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ആശ്രമങ്ങൾക്കുവേണ്ടി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആശ്രമവാസികളായി സേവനം നടത്തുന്ന എല്ലാ ദാസീദാസന്മാരെയും നിന്റെ നിരന്തരമായ സാന്നിദ്ധ്യ ദർശനങ്ങളാൽ ധൈര്യപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യണമേ. അവരുടെ ശുശ്രൂഷകൾ നിമിത്തം, അന്ധകാരത്തിലിരിക്കുന്നവർക്കു പ്രകാശവും, രോഗത്തിലിരിക്കുന്നവർക്കു സൗഖ്യവും, ദുഃഖത്തിലിരിക്കുന്നവർക്ക് ആശ്വാസവും, ദാരിദ്ര്യത്തിൽ വലയുന്നവർക്ക് സഹായവും, അധഃപതിച്ചിരിക്കുന്നവർക്ക് ഉന്നമനവും ഉണ്ടാകുമാറാകണമേ.

ജ. ആമേൻ.

4. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി

കർത്താവേ, കുട്ടികളുടെ ആത്മീയാഭ്യാസത്തിനും അഭ്യുന്നതിക്കുമായി നടത്തിവരുന്ന എല്ലാ സണ്ടേ സ്കൂളുകൾക്കുവേണ്ടിയും ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. പൈതങ്ങൾ തങ്ങളുടെ രക്ഷിതാവായ യേശുമ്ശിഹായെക്കുറിച്ചുള്ള അറിവിലും ഭയത്തിലും സ്ഥിരപ്പെട്ട്, ഉയർന്ന ആദർശങ്ങളും ആത്മീയ ദർശനവും ഉള്ളവരായി വളർന്നുവരുവാൻ ഇടയാക്കണമേ. നിന്റെ സേവനത്തിനായി തങ്ങളെത്തന്നെ സമർപ്പിച്ചുകൊണ്ട് വൈദികസെമിനാരികളിലും മറ്റു പാഠശാലകളിലും അഭ്യസനം കഴിക്കുന്ന എല്ലാവരെയും ഞങ്ങൾ തിരുമുമ്പാകെ ഓർക്കുന്നു. അവർ നിന്റെ സത്യത്തിൽ വേരുറച്ച് പരമാർത്ഥമായ ആത്മസമർപ്പണത്തോടും ത്യാഗത്തോടുംകൂടെ സഭയിലും അവരെ ഭരമേൽപിക്കുന്ന എല്ലാവേലയിലും ഫലകരമാംവണ്ണം പ്രവർത്തിപ്പാൻ ആവശ്യമുള്ള കൃപകളും സഹായങ്ങളും അവർക്കു നൽകണമേ. അവരെ അഭ്യസിപ്പിക്കുന്ന പാഠശാലകളെയും, പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരെയും കരുണയോടെ അനുഗ്രഹിക്കണമേ. പ്രീ-പ്രൈമറി മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ അദ്ധ്യാപകർക്കും അവരുടെ മേൽനോട്ടം വഹിക്കുന്ന എല്ലാവർക്കും വേണ്ടി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. അവരുടെ എല്ലാ പ്രയത്നങ്ങളെയും അനുഗ്രഹിച്ച്, പൈതങ്ങൾ ശരിയായ അടിസ്ഥാനത്തിൽ ഉറച്ചുവളരുന്നതിനും, അദ്ധ്യാപകർ അവരുടെ പ്രയാസമേറിയ ജോലി സ്നേഹപൂർവ്വം നിർവ്വഹിക്കുന്നതിനും ആവശ്യമായ കൃപകൾ ഉയരത്തിൽ നിന്നു നൽകുമാറാകണമേ.

ഹൈസ്കൂളുകൾ, ട്രെയിനിംഗ് സ്കൂളുകൾ, കോളജുകൾ ഇവയിൽ അഭ്യസനം നടത്തുന്ന വിദ്യാർത്ഥികൾ, അവരുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകർ, മറ്റു ഭാരവാഹികൾ ഇവർക്കുവേണ്ടിയും, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക പരിശീലനം ഇവ നടത്തുന്നവർക്കു വേണ്ടിയും ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. അവർ എല്ലാവരും നിന്റെ രാജ്യത്തിന്റെ മഹത്വത്തിനായി ആത്മസമർപ്പണത്തോടുകൂടെ വേല ചെയ്വാൻ സഹായിക്കേണമേ.

ഇങ്ങനെ വിദ്യാഭ്യാസപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും പ്രവർത്തകർക്കും ആവശ്യമായ ആത്മീയ ദർശനവും പരിജ്ഞാനവും ഉത്സാഹവും സമൃദ്ധിയായി നൽകുമാറാകണമേ.

ജ. ആമേൻ.

5. ചികിത്സാലയങ്ങൾ, ആതുരശാലകൾ മുതലായവയ്ക്കുവേണ്ടി

കർത്താവേ, രോഗത്തിലും ദാരിദ്ര്യത്തിലും ഇരിക്കുന്നവർക്കുവേണ്ടിയും, വൈധവ്യത്തിലും അനാഥത്വത്തിലും, വാർദ്ധക്യത്തിലും, നിസ്സഹായതയിലും ഇരിക്കുന്നവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇങ്ങനെയുള്ള കഷ്ടാരിഷ്ടതകളിൽ വലയുന്നവരുടെ സഹായത്തിനും ആശ്വാസത്തിനുമായി നടത്തിവരുന്ന എല്ലാ ചികിത്സാലയങ്ങൾക്കും, അനാഥശാലകൾക്കും വയോവൃദ്ധമന്ദിരങ്ങൾക്കും,

ദാരിദ്ര്യനിവാരണകേന്ദ്രങ്ങൾക്കും വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ ഈ സ്ഥാപനങ്ങളിൽ വേല ചെയ്യുന്ന ഓരോരുവരും നിന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു എന്നബോധത്തോടുകൂടി വേല ചെയ്വാൻ അവർക്ക് സഹായിക്കണമേ. അപ്രകാര മുള്ള സേവനങ്ങൾക്കു ക്രിസ്തീയാദർശനിഷ്ഠരായ ആളുകൾ അധികമധികം സന്നദ്ധരാകുന്നതിനും ഈ കാരുണ്യ പ്രവൃത്തികൾക്ക്, ജനങ്ങൾ ഔദാര്യ പൂർവ്വം ധനസഹായം ചെയ്യുന്നതിൽ ഉത്തരോത്തരം ഉത്സുകരാകുന്നതിനും നീ തുണയ്ക്കണമേ. ഈ കരു ണാലയങ്ങളിൽ സങ്കേതം പ്രാപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കയും നിന്റെ സ്നേഹത്താൽ അവരെ സൂക്ഷിക്കുകയും ചെയ്യണമേ.

ജ. ആമേൻ.

6. വിവിധ തൊഴിൽക്കാർക്കുവേണ്ടി

കർത്താവേ, കൃഷി, കച്ചവടം, വിവിധ തൊഴിലുകൾ വ്യവസായം, സർക്കാരുദ്യോഗം മുതലായ പ്രവർത്ത നങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും, തോട്ടങ്ങൾ, ബാങ്കുകൾ മുതലായ സ്ഥാപനങ്ങളിൽ ജോലി ചെയ്യു ന്നവരെയും, ഞങ്ങൾ ഓർത്തു അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. തൊഴിലുകൾ സ്വന്ത പ്രയോജന ത്തിനായിട്ടല്ല, സാമൂഹ്യസേവനത്തിനും, രാജ്യത്തി ന്റെയും രാഷ്ട്രത്തിന്റെയും അഭിവൃദ്ധിക്കുമായി തങ്ങളെഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷയാണെന്ന് കരുതി, അവരുടെ ജോലികൾ വിശ്വസ്തതയോടെ നിർവ്വഹിക്കുവാൻ അവരെ സഹായിക്കണമേ. കര യിലും വെള്ളത്തിലും ആപൽക്കരങ്ങളും വിഷമക

രങ്ങളും ആയ വിവിധതരം ജോലികൾ നിറവേറ്റുന്ന വർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ജീവിത സൗകര്യങ്ങൾ അവരുടെ തൊഴിലുകളിന്മേൽ ആശ്രയിച്ചിരിക്കുന്നു എന്ന ഓർത്ത് അവരെ ഞങ്ങൾ ബഹുമാനിപ്പാനും അവരുടെ തൊഴിലുകളെക്കുറിച്ച് അവർക്കുതന്നെയും മറ്റുള്ളവർക്കും മതിപ്പുണ്ടാകുവാനും തിരുവുള്ളമാകണമേ.

ജ. ആമേൻ.

7. സാമൂഹികമായ അസമത്വങ്ങളുടെ പരിഹാരത്തിനുവേണ്ടി

കർത്താവേ, മുതലാളികളും, തൊഴിലാളികളും സ്വന്തുടമസ്ഥന്മാരും കൂലിവേലക്കാരും, ധനവാന്മാരും ദരിദ്രന്മാരും, ഉയർന്നവരും താണവരും എന്നിങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്ന ഞങ്ങളുടെ സാമൂഹിക ഘടനയിലെ അനീതിയെപ്പറ്റി ഞങ്ങൾക്കു കൂടുതൽബോധം തരണമേ. പകൽ മുഴുവനും കഠിനപ്രയത്നം ചെയ്തിട്ടും തങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ സ്ഥിതി ഉയർത്തുവാനും, തങ്ങളുടെ പ്രയത്നത്തിൽനിന്ന് ഉണ്ടാകുന്ന ആദായത്തിന്റെ ന്യായമായ അംശം ലഭിപ്പാനും നിവൃത്തിയില്ലാത്ത ഒരു വലിയ പങ്ക് ആളുകളെ അവശതയിലാക്കുന്ന സാമൂഹികവ്യവസ്ഥിതി മാറ്റുന്നതിന് നടക്കുന്ന സമാധാനപരമായ എല്ലായത്നങ്ങളെയും നീ സഫലമാക്കണമേ. ആത്മീയ കാര്യങ്ങളിൽ മാത്രമല്ല സാമ്പത്തികവിഷയങ്ങളിലും കൂട്ടായ്മ അനുഭവിപ്പാനുള്ള ദർശനവും മനസ്സും നിന്റെ മക്കളിൽ നീ വളർത്തണമേ. ഓരോരുത്തനും അവനവന്റെ വ്യക്തിപരമായ ജീവിതവികസനത്തിന്

അവകാശമുള്ള അവസരങ്ങൾ നൽകണമേ. ക്രിസ്തീയ നീതി അനുഭവമാകുന്ന സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിക്കു വേണ്ടിയുള്ള അഭിവാഞ്ഛയും അതു സാധിക്കുന്നതിനു വേണ്ട പ്രവർത്തന സന്നദ്ധതയും ഞങ്ങൾക്ക് തരികയും ചെയ്യുമാറാകണമേ.

ജ. ആമേൻ.

8.നമ്മുടെ സഭയിലെ സ്ഥാപനങ്ങൾക്കു വേണ്ടി

കർത്താവേ, വിശുദ്ധ കാതോലികസഭയുടെ ശാഖയായി ഞങ്ങൾ ഉൾപ്പെട്ടുനിൽക്കുന്ന മലങ്കരസഭയ്ക്കുവേണ്ടി ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. അതിന്റെ ചുമതലയിൽ നടത്തുന്ന എല്ലാ സ്ഥാപനങ്ങൾക്കും പ്രവർത്തനങ്ങൾക്കും വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. സുവിശേഷസംഘം, സണ്ടേ സ്കൂൾ സമാജം, സേവികാസംഘം, സന്നദ്ധസുവിശേഷകസംഘം, യുവജനസഖ്യം ഇവയ്ക്കുവേണ്ടിയും വൈദികസെമിനാരി, മറ്റു വേദപാഠശാലകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയ്ക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവയുടെ ചുമതലക്കാരെയും, അവയിൽ പ്രവർത്തിക്കുന്നവരെയും നീ കരുണയോടെ കടാക്ഷിക്കണമേ. അവയുടെ ചുമതല വഹിക്കുന്നവർക്കു വേണ്ടുന്ന ഉത്തമദർശനവും, പരിജ്ഞാനവും, കാര്യ പ്രാപ്തിയും നൽകണമേ. ഈ സ്ഥാപനത്തിലെ പ്രവർത്തകർ വ്യക്തികളായും സംഘമായും അനുഷ്ഠിക്കുന്ന ശുശ്രൂഷയിൽ നിനക്കു പ്രസാദം തോന്നണമേ. അവർ സ്വന്തതാല്പര്യപ്രകാരമല്ല, തിരുഹിതപ്രകാരം അവരുടെ കൃത്യം നിർവ്വഹിപ്പാൻ നിന്റെ ആത്മവരം അവർക്കു നല്കുകയും ചെയ്യണമേ,

ജ. ആമേൻ.

വിശുദ്ധ കുർബാനയുടെ ക്രമം

വിശുദ്ധ കുർബാനയ്ക്കു മുൻപുള്ള
തൂയാബാ എന്ന ശുശ്രൂഷ

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നന്നേക്കും രണ്ടുലോകങ്ങളിലും ചിന്തപ്പെടുമാറാകണമേ. ആമേൻ.

പ. (പ്രാരംഭപ്രാർത്ഥന)

ജ. ആമേൻ.

51-ാം മസ്മൂർ (പാപം ഏറ്റുപറച്ചിൽ)
പട്ടക്കാരനും ജനങ്ങളും കൂടി
വാക്യം പ്രതിവാക്യമായി ചൊല്ലണം (പുറം 4)

പ. ദൈവത്തിന്റെ പീഠത്തിലേക്കും.....

ദൈവമേ, നിന്റെ ഭവനത്തിങ്കലേക്ക്.....

കർത്താവേ, ഞങ്ങളുടെ പെരുന്നാളു.....

പ്രകാശം നിറഞ്ഞ.....

പ്രകാശത്തട്ടുകളിൽ.....

ഗീതം
(ബ്-നുഹറൊക്ക് ഹോസേനാൻ)

വെളിവ് നിറഞ്ഞ-രക്ഷകനേ-നിൻ വെ-ളിച്ചംകൊണ്ട്
ഇരുൾവാസികളാം-ഞങ്ങളിന്നു വെളിച്ചം കാണുന്നു.
സ്വർഗ്ഗസ്ഥപിതാ-വിൻ ക തിരേ
ശോഭിപ്പിക്ക-ഞങ്ങളെ ഇന്ന്
ശോഭനിറഞ്ഞോ-രാലയത്തിൽ വസിക്കു-ന്നപരിശുദ്ധാ
നിൻദാസരാം ഞങ്ങളുടെ-ദുശ്ചിന്ത-ദുർമ്മോഹം
ശമനംചെയ്വതി നിന്നയ്യോ-വിളിക്കുന്നുനിൻനാ-മ-ത്തെ

പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ചു.....

ജ. അനുഗ്രഹിക്കുന്നവനായ.....

പ. സ്തുതിയും സ്തോത്രവും.....

ജ. ആമേൻ

പ (സെദറാ)

ജ. ആമേൻ

പ. കർത്താവേ, നിന്റെ വാതിലിൽ.....

ഗീതം

(ബ്തറ ഒക്മോറാൻ നോക്കെശ്നോ)

1 കർത്താവേ നിൻ ബസ്ഗാസായിൻ വാതിലിൽമുട്ടി-
ട്ടനുഗ്രഹമിരക്കുന്നേൻ
വഴിതെറ്റിട്ടകലെ പോയോരു പാപി ഞാനയ്യോ-
അനുതപിച്ചവയെ വിട്ടു ഞാൻ നിൻ കൃപയാൽ
ജീവിപ്പാനരുൾക

(ബത്റാമാൻ നിസാൽ)

2 ദയവാനേ നിൻ വാതിൽ വിട്ടിട്ടെവിടെപ്പോയീ-
മുട്ടീടുന്നെങ്ങൾ
മന്നിലെ നൃപരാൽ വന്ദിതാ ബഹുമാനിതനാം മന്നാ!-
നിൻ കൃപ നിന്നോടു പ്രാർത്ഥിക്കാഞ്ഞലെങ്ങൾക്കായ്
മറ്റാരിരന്നീടും.

പ. പ്രാർത്ഥന

അല്ലെങ്കിൽ ഗീതം (ആബോവബ്റോ)

3 പിതൃപുത്രവിശുദ്ധാത്മാവേ! ഞങ്ങളോടെതിർക്കും-
ദുഷ്ടനിൽനിന്നും തൻ-
സേനയിൽ നിന്നും ഗോപുരമഭയസ്ഥാനവും നീയേ-
ദുഷ്ട വിശിഷ്ടവിഭാഗേ ഞങ്ങളെ നിൻ കൃപയിൻ-
ചിറകിലൊളിക്കണമേ.

(നെഹവെക്കാലദ്)

4 നാഥാ ഞങ്ങളുടെ പ്രാർത്ഥനയിൻസ്വരം വാനവാതിൽ
തുറക്കുമാറാകട്ടെ.

ദൂതർ തങ്ങളിൻ പന്തിയിലിങ്ങനെ ചൊല്ലീടട്ടെ
മണ്ണോർ സ്വരമെത്ര മനോഹരമവരുടെ കെഞ്ചൽ
ഉടയവനരുളീടും.

പ. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന.....

ജ. ആമേൻ.

പ. പാപികളോടു കരുണ ചെയ്യുന്നവനേ.....

ജ. ആമേൻ

(അല്ലെങ്കിൽ) ഗീതം
(ഹ്ത്തീസ്ലോക്)
പാപി-കളിൽ കൃപ ചെയ്വവനേ
പിഴചെയ്തെങ്ങൾ
യാചന കേൾക്കണമേ-പാപം
തിർത്തീശാ കൃപചെ-യ്കെങ്ങളിൽ
(വേറൊന്ന്)

പ. വെടിപ്പുള്ള മഹാപുരോഹിതനായ.....
ഹുത്താമ്മാ

പ. കർത്താവേ, ഞങ്ങളുടെ സകല വിചാരങ്ങളും.....

ജ. ആമേൻ.

ഇവിടെ കൌമ്മാ ചൊല്ലി അവസാനിപ്പിക്കണം (പേജ്1)

വിശുദ്ധകുർബ്ബാനയുടെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് താഴെ വരുന്നതോ സമയോചിതമായി വേറെയോ ഗീതം പാടാം

(ബ്-നുഹറൊക്ക് ഹോസേനാൻ)

1 അഹറോൻ അണച്ച ധൂപം-പോൽ പ്രാർത്ഥന സ്വീകരിക്ക
നിനുവർ യാചനയതുപോലെ ശുശ്രൂ-ഷ കൈക്കൊൾക-
കടലിൽ യോനായ്ക്ക-രുളി-യപോൽ
അടിയാർക്കുത്തര-മരുളീ-ടുക

2 പാവനമാം തിരുനാ-മത്തിന്നണയ്ക്കു-ന്ന പ്രാർത്ഥനകൾ
കരുണകളിന്നാനുകൂല്യത്തിനായി-ഭവിക്കണമേ-
കരുണാനിധിയാം ദേ-വാ-നീ-
മനോഗുണത്താൽ ദയ-ചെ-യ്യണമേ.

3 ലോകമൊക്കെയിൽ നല്വരമെത്രതൂകി-യിരിക്കുന്നു-
ഈശോദേവാ കൃപകരുണകൾക്കനുദി-നവും സ്തുതി-
നിന്നെ വിളിച്ച നിനുവാ-യരെ-
കോപമൊഴിച്ചു നീ-വീ-ണ്ട-ല്ലോ.

4 ഉന്നതപീഠത്തിൽ സ്തുതിയാലുയരു-ന്നുന്നതനേ-
വാഴ്ത്തപ്പെട്ടവൾ തൻ മടിയിൽ ഹിതമായ് നീ വസിച്ചല്ലോ.
നാനാഭാഗങ്ങളിൽ നി-ന്റെ-
സ്വസ്തിയും നിരപ്പും വസിപ്പി-ക്ക.

5 പരമാർത്ഥിയാം ഹാബേലിനാടും-നോഹിൻകാഴ്ചയും-
അബ്രഹാം തൻബലിയും കൈക്കൊണ്ട ദൈവമേ-
മൽപ്രാർത്ഥന നീ കൈക്കൊണ്ടു-
മമ യാചന നല്കീ-ടേ-ണമേ.

6 വെളിവു നിറഞ്ഞ-രക്ഷകനേ-നിൻവെളിച്ചംകൊണ്ട്
ഇരുൾവാസികളാം-ഞങ്ങളിന്നു വെളിച്ചം കാണുന്നു
സ്വർഗ്ഗസ്ഥപിതാ-വിൻ ക-തിരേ
ശോഭിപ്പിക്ക ഞങ്ങളെ-ഇ-ന്ന്.

7 ശോഭനിറഞ്ഞോ-രാലയത്തിൽ വസിക്കു-ന്ന പരിശുദ്ധാ
നിൻദാസരാം-ഞങ്ങളുടെ-ദുശ്ചിന്ത ദുർമ്മോഹം
ശമനം ചെയ്വതിനി-ന്നയ്യോ വിളിക്കുന്നു നിൻ നാമത്തെ.

വിശുദ്ധ കുർബാനയുടെ പരസ്യ ശുശ്രൂഷ

പ. മറിയാമിൽനിന്നു ജഡം ധരിക്കയും യോഹന്നാനോടു മാമോദീസാ കൈക്കൊൾകയും ചെയ്ത ഞങ്ങളുടെ കർത്താവേശുമ്ശിഹായേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിയണമേ.

(എല്ലാവരുംകൂടി ഒരുമിച്ച്)

സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഏകപുത്രനും വചനവും ആയി-ഞങ്ങളുടെ രാജാവായ കർത്താവേ,

നിന്നെ ഞങ്ങൾ പുകഴ്ത്തും. സ്വഭാവപ്രകാരം മരണമില്ലാത്തവനും-തന്റെ കൃപയാൽ സകല മനുഷ്യരുടെയും ജീവനും രക്ഷയ്ക്കും വേണ്ടി-വിശുദ്ധ കന്യകമറിയാമ്മിൽനിന്നും ജഡം ധരിച്ച്-ഭേദം കൂടാതെ മനുഷ്യപുത്രനായി-ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട്-തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനും-വിശുദ്ധ ത്രിത്വത്തിൽ ഒരുവനും-തന്റെ പിതാവിനോടും ജീവനുള്ള തന്റെ വിശുദ്ധ റൂഹായോടും കൂടെ-തുല്യമായി വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ-ഞങ്ങളുടെ എല്ലാവരുടെമേലും കരുണ ചെയ്യണമേ. ആമേൻ.

പ. *ദൈവമേ-നീ-പരിശുദ്ധനാകുന്നു.

ജ. ബലവാനേ-നീ-പരിശുദ്ധനാകുന്നു.

പ മരണമില്ലാത്തവനേ-നീ-പരിശുദ്ധനാകുന്നു

ജ. ഞങ്ങൾക്കുവേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശിഹാതമ്പുരാനേ-ഞങ്ങളോടു കരുണചെയ്യണമേ.

(പട്ടക്കാരന്റെ പിന്നാലെ താഴെയുള്ളത് ചൊല്ലണം)

കുറിയേ-ലായിസ്സോൻ.....കുറിയേ-ലായിസ്സോൻ.....
കുറിയേലായിസ്സോൻ

ശുശ്രൂഷകൻ: നിങ്ങളോടു ഞങ്ങൾ അറിയിച്ചത് ഒഴികെ-മറ്റൊരുവൻ വന്നു വേറൊരു സുവിശേഷം നിങ്ങളോട് അറിയിക്കുമെങ്കിൽ-അവൻ സ്വർഗ്ഗത്തിൽ

*ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം.

നിന്നൊരു ദൂതനായിരുന്നാലും-സഭയിൽ നിന്നു ശപിക്കപ്പെട്ടവനാകട്ടെ എന്നു ഭാഗ്യവാനായ പൌലോസ് ശ്ലീഹാ പറയുന്നു. കണ്ടാലും എല്ലാഭാഗങ്ങളിൽനിന്നു പലതരമായ ഉപദേശങ്ങൾ പുറപ്പെടുന്നു. എന്നാൽ ദൈവത്തിന്റെ ഉപദേശത്തിൽ തുടങ്ങി അവസാനിപ്പിക്കുന്നവൻ ഭാഗ്യവാനാകുന്നു.

(അല്ലെങ്കിൽ)

പൌലോസ് ശ്ലീഹാ ഭാഗ്യവാൻ ചൊല്ലീ-ടുന്നു
നിങ്ങളെ ഞങ്ങളറിച്ചതെന്യേ മറ്റൊരുവൻവ്വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ-താനേൽക്കും സഭയിൻ ശാ-പം
പലതരമുപദേശങ്ങളഹോ-പാരിൽ മുളച്ചുപരക്കുന്നു
ദൈവത്തിനുപദേശം-തൊ-ട്ടവസാനിപ്പിപ്പോൻ-ധ-ന്യൻ.

(ലേഖനം വായിക്കുന്നതിനു മുമ്പ്)

പ. ഒരു പ്രാർത്ഥന

ജ. ആമേൻ.

(മദ്ബഹായിൽ തെക്കുഭാഗത്ത് ജനത്തിനുനേരെ തിരിഞ്ഞു നിന്ന്)

ശു. ഭാഗ്യവാനായ.....ശ്ലീഹാ.....എഴുതിയ ലേഖനത്തിൽ നിന്നും.

ജ. ശ്ലീഹന്മാരുടെ ഉടയവനു സ്തുതി. കർത്താവേ നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിനു ഞങ്ങൾക്ക് കൃപ നൽകണമേ.

ഇവിടെ ശുശ്രൂഷകൻ അതതു ദിവസത്തേക്കു നിശ്ചയിക്കപ്പെട്ടപ്രകാരമുള്ള ലേഖനം വായിക്കുന്നു. അവസാനത്തിൽ ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ എന്നു ചൊല്ലണം.

ശു. ഹാലേലുയ്യാ സ്തുതിയാകുന്നബലികൾ കർത്താവിനു കഴിപ്പിൻ-കാഴ്ചകൾ എടുത്ത് തന്റെ വിശുദ്ധ മണ്ഡപങ്ങളിൽ പ്രവേശിച്ച് വിശുദ്ധിയിൻ അലങ്കാരത്തിൽ കർത്താവിനെ വന്ദിപ്പിൻ-ഹാലേലുയ്യാ.

(ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പ്)

പ. ഒരു പ്രാർത്ഥന

ജ. ആമേൻ.

ശു. സഹോദരരേ, നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ശ്രദ്ധിച്ച്-നമ്മുടെ കർത്താവേശു മ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയൊനിലെ ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

പട്ടക്കാരൻ ജനത്തിനു നേരെ തിരിഞ്ഞു നിന്ന്:

നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജ. ദൈവമായ കർത്താവ് നിന്റെ ആത്മാവോടു കൂടെ ഞങ്ങളെയും യോഗ്യതയുള്ളവരാക്കട്ടെ,

പ. ലോകത്തിനു ജീവനും രക്ഷയും.....

ജ. വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. നമ്മുടെ രക്ഷയ്ക്കായി തന്നെ അയച്ച പിതാവിന്നു സ്തുതി. തന്റെ അനുഗ്രഹങ്ങൾ നാമെല്ലാവരുടെയും മേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

പ. വിശുദ്ധ കന്യകമറിയാമിൽനിന്നു.....

ജ. അപ്രകാരം ഞങ്ങൾ വിശ്വസിച്ചുകൊണ്ടാടുന്നു.

(ഇവിടെ പട്ടക്കാരൻ അതതു ദിവസത്തേക്കു നിശ്ചയിക്കപ്പെട്ട ഏവൻഗേലിയോൻ വായിക്കുന്നു.)

അതിനുശേഷം പിന്നീടുള്ള ഗാനങ്ങളിൽ ഒന്ന് എല്ലാവരും കൂടി ചൊല്ലണം.

(ക്രോലെ ആലോഹോ രീതി)

1. ദൈവത്തിൻസുവിശേഷം-വിലമതിയാതുള്ളതു-
ദാനം ഇ-തതിശയം

ഗുണമേറീടുളളത്-തേനേക്കാൾ നല്ല രസം-
അതിനുണ്ട്-നിശ്ചയം
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
പുഷ്പമണം-ഒപ്പമല്ല.

2. കൃപ തന്നിൽ വളരുന്ന-ആത്മാവിതിൻ രസമറിയും-
ദു:ഖംപൂ-ണ്ടാത്മാവും
സന്തോഷം പ്രാപിക്കും-ഇതുമൂലം വിശ്വാസി
മോചനം-നേടുന്നു
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
സ്വർഗ്ഗതലം-മോദിക്കും.

3. അതിശയമാം ദാനത്തിൻ-നാഥനാമീശോയേ
ഹൃത്തിങ്കൽ-ശോഭിച്ച്
ഏവൻഗേലിയോൻ രസത്തെയും അതിനുളള
ബലത്തെയും
അടിയാരെ-ഗ്രഹിപ്പിച്ച്
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
സുവിശേഷേ-നടത്തണമേ.

4. പാപികളെ പരലോകെ-ചേർപ്പാൻ നൽവഴിയായി
പഴുതറ്റ-സുവിശേഷം
കല്പിച്ച രക്ഷകനേ-പാപികളാം ഞങ്ങളുടെ-
മദ്ധ്യേ നീ-എഴുന്നളളി
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
ഈ വചനം-വിളങ്ങിക്ക.

5. രക്ഷകനേ ഈ വചനം-രക്ഷയ്ക്കായി ഞങ്ങളുടെ
ഹൃദയേ നീ-ഫലിപ്പിച്ച്
ഇക്ഷിതിയിൽ നിൻ അടിയാർ-സൂക്ഷ്മതയായ് നടപ്പാനും
മോക്ഷത്തിൽ-വരുവാനും
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
നീ കൃപനൽ-കീടണമേ.

6. സത്യാത്മാവേ വന്നീ-ജീവന്റെ വചനത്തെ
പാപത്താൽ-ഇരുളായ
ദാസരുടെ ഹൃദയത്തിൽ-ദീപത്തെപ്പോലാക്കി
ശോഭിപ്പിച്ചടിയാരെ
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ
സുവിശേഷേ.....നടത്തണമേ.

ശു. ബാറെക്മാർ സ്തൗമെൻകാലോസ്-

ജ. കുറിയേലായി-സ്സോൻ
(അല്ലെങ്കിൽ)

എല്ലാവരും: നിങ്കലേക്ക് അടുത്തുവരുവാനായി ലോകത്തിന്റെ പ്രകാശമായ ഏവൻഗേലിയോൻ ഞങ്ങൾക്കു തന്നവനായ കർത്താവേ, നിനക്കു സ്തുതി. ഇപ്പോൾ നിന്റെ സുവിശേഷത്തിൽ നിന്നു ഞങ്ങൾ കേട്ടിരിക്കുന്ന ജീവനുളളവചനങ്ങൾ നിമിത്തം-നിന്നെ മഹത്വീകരിപ്പാൻ ഞങ്ങളെ യോഗ്യതയുളളവരാക്കിത്തീർക്കണമേ.

ശു. ബാറെക്മാർ സ്തൗമെൻകാലോസ്-

ജ. കുറിയേലായി-സ്സോൻ
(അല്ലെങ്കിൽ)
ശൂബഹോലോക്മോറാൻ രീതി
ഒരു ചരണം മാത്രം

1. കർത്താവേ നിന്നോ-ടടുപ്പാൻ വിശ്വവെളിച്ചമാം
സുവിശേഷം നീ തന്നതിനാൽ സ്തോത്രം
നിന്നറിയിപ്പിൽനി-ന്നുയിർവചനം കേൾക്കയാൽനിന്നെ
മഹത്വീകരിപ്പാൻ-യോഗ്യരാക്ക ഞങ്ങളെ

2. സുവിശേഷവെളിച്ചം-സകലർക്കും ശോഭിച്ചീടുവാൻ
വന്നവനായ മഹിമയെഴും രക്ഷകാ!

പാപികളാം ഞങ്ങൾ-അന്ധതനീങ്ങി ശോഭിപ്പാൻ
ഈ സുവിശേഷം-ഫലകരമാക്കിടുക.

3. ഉപദേശം ശാസന-ശിക്ഷ നീതിയിലഭ്യാസം
ഈ വചനത്താൽ അടിയാർക്കു ലഭിപ്പാൻ
കൃപയുളളവനായ-പരമപിതാവേ വേഗം നീ
റുഹായാലെ-അരുളീടണമെന്നും.

ശു. ബാറെക്മാർ സ്തൗമെൻകാലോ-സ്

ജ. കുറിയേലാ-യിസ്സോൻ.

പ്രോമ്യോൻ

പ. നാമെല്ലാവരും.....

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കണമേ.

പ. സ്തുതിയും സ്തോത്രവും.....

ജ. ആമേൻ.

പ. നാമെല്ലാവരും.....

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കണമേ.

പ. നീതീകരിക്കുന്നവനും ശുദ്ധീകരിക്കുന്നവനും.....

ജ. ആമേൻ

പ. (സെദറാ)

ജ. ആമേൻ

പ. ബലഹീനരും പാപികളും.....

ജ. ആമേൻ.

പ. പരിശുദ്ധനായ പിതാവു പരിശുദ്ധനാകുന്നു

ജ. ആമേൻ.

പ. പരിശുദ്ധനായ പുത്രൻ പരിശുദ്ധനാകുന്നു.

ജ. ആമേൻ

പ. പരിശുദ്ധനായ റൂഹായും പരിശുദ്ധനാകുന്നു.

ജ. ആമേൻ.

ശു. ജ്ഞാനം വിളിച്ചുപറയുന്നു. നാമെല്ലാവരും ഭംഗിയോടെ നിന്നു വന്ദ്യപിതാവിന്റെ/ ബഹുമാനമുള്ള പട്ടക്കാരന്റെ പിന്നാലെ ചൊല്ലണം

നിഖ്യാ വിശ്വാസപ്രമാണം (പുറം 55)

പ. പിതാവായ സർവ്വശക്തനായ.....

ജ. ആകാശത്തിന്റെയും ഭൂമിയുടെയും.....

ശു. ബാറെക്മാർ, സ്തൊമെൻകാലോസ്.....

ജ. കുറിയേ-ലായിസ്സോൻ.

1. *കല്പനകൾ, പരസ്യങ്ങൾ മുതലായവ*

2. *പാട്ട്, സ്തോത്രകാഴ്ച*

3. *പ്രസംഗം, പ്രാർത്ഥന, കുമ്പസാരം*

പിന്നീട് പട്ടക്കാരൻ കൈകഴുകി ജനത്തിന്റെ നേരെ തിരിഞ്ഞു വണങ്ങിക്കൊണ്ട് പറയുന്നു:

എന്റെ സഹോദരരും പ്രിയപ്പെട്ടവരുമേ, ഈ ശുശ്രൂഷ കൈക്കൊള്ളുവാനായി എന്നോടുകൂടെ നിങ്ങളും പ്രാർത്ഥിപ്പിൻ.

(പട്ടക്കാരൻ തിരിഞ്ഞു മുട്ടുകുത്തി രഹസ്യമായി പ്രാർത്ഥിക്കുമ്പോൾ ജനം മൗനമായി പ്രാർത്ഥിക്കയോ, താഴെയുള്ള ഗീതം പാടുകയോ ചെയ്യണം)

(ബ്നൂഹറൊക് ഹോസേനാൻ-രീതി)

കർത്താവേ, നിൻ വാതിലിൽ മുട്ടുന്നു-അടിയങ്ങൾ,-
നിൻ ആലയം ചേർന്നിന്നു ഞങ്ങളനുഗ്രഹമിരക്കുന്നു-
ഗുണവാനേ, നിൻസ-ത്യ-ത്താൽ
ശുദ്ധീകരിക്ക നീ ഞങ്ങളെ.

(അല്ലെങ്കിൽ)

(ശൂബഹൊലോക് ദബ്പുക്ക്ദോനോക് രീതി)
കർത്താവേ, നിൻദാസരാ-മടിയങ്ങളുടെ-
പ്രാർത്ഥനകൾ കേട്ടുത്തര-മരുളീടണമേ-
ഇരുവരോ മൂവരോ എൻനാമത്തി-ലൊരുമിച്ചീടിൽ
അവരോടുകൂടെ ഞാനും എന്നരുളിയ നാഥാ
നിൻ ശ്ലീഹന്മാരിൽ വസിച്ച വിശുദ്ധറൂഹായെ
ഞങ്ങളിൽ വസിപ്പാനായി-അയച്ചീടണമേ
(ഇവിടെ പട്ടക്കാരൻ എഴുന്നേറ്റു നിൽക്കുന്നു)

കൈയ്യസൂരിക്ക് മുൻപ്

പ. (സമാധാനത്തിന്റെ പ്രാർത്ഥന)

ജ. ആമേൻ.

പ. നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജ. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

ശു. നമ്മുടെ ദൈവമായ കർത്താവിന്റെ സ്നേഹത്താൽ പരിശുദ്ധവും ദൈവികവും ആയ ചുംബനംകൊണ്ട് നാമെല്ലാവരും തമ്മിൽ തമ്മിൽ സമാധാനം കൊടുക്കണം.

(ഇവിടെ തമ്മിൽ തമ്മിൽ കൈയ്യസൂരി കൊടുക്കണം)

(അന്യോന്യം കൈയ്യസൂരി കൊണ്ടു തീരുവോളം ജനം ആവർത്തിച്ചു ചൊല്ലേണ്ടത്)

ജ. മ്ശിഹാതമ്പുരാന്റെ സ്നേഹവും-സമാധാനവും-സർവ്വദാ ഞങ്ങളുടെ ഇടയിൽ വസിക്കുമാറാകണമേ.

(എല്ലാവരും കൈയ്യസൂരി കൊണ്ടുതീർന്ന ശേഷം)

ശു. സഹോദരരേ, ലഭിച്ചിരിക്കുന്ന ഈ വിശുദ്ധ സമാധാനത്തിനുശേഷം-കരുണയുള്ള കർത്താവിന്റെ മുൻപാകെ നമ്മുടെ തലകളെ നാം വണക്കണം.

(തല വണക്കിക്കൊണ്ട്)

ജ. കൃപയുള്ള ഞങ്ങളുടെ കർത്താവും ദൈവവുമേ, തിരുസന്നിധിയിൽ ഞങ്ങളുടെ തലകളെ ഞങ്ങൾ വണക്കുന്നു.

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.

ശു. സഹോദരരേ,നാം എല്ലാവരും ഭംഗിയോടും ഭയത്തോടും-വണക്കത്തോടും-വെടിപ്പോടും-വിശുദ്ധിയോടും സ്നേഹത്തോടും-അറിവിൽ സത്യവിശ്വാസത്തോടും ദൈവഭക്തിയോടും കൂടി നിന്ന്-നമ്മുടെ മുൻപാകെ വെക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ കുർബാനയിൽ സൂക്ഷിക്കണം. സകലത്തിനും ഉടയവനായ പിതാവായ ദൈവത്തിനു-കൃപയും സമാധാനവും സ്തോത്രവുമാകുന്ന ബലി-നിരപ്പിലും സമാധാനത്തിലും അണയ്ക്കപ്പെടുന്നു.

പ. (ഒന്നാമത്തെ റൂശ്മാ)

ജ. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

പ. പിതാവായ ദൈവത്തിന്റെ.....

ജ. ദൈവമായ കർത്താവിൽ അവയാകുന്നു.

പ. സർവ്വസൃഷ്ടിയുടെയും.....

ജ. സത്യമായി യോഗ്യവും ന്യായവും ആകുന്നു.

പ. (ഒരു പ്രാർത്ഥന)

ജ. ആകാശവും ഭൂമിയും തന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ-പരിശുദ്ധൻ-പരിശുദ്ധൻ-പരിശുദ്ധൻ ഉന്നതങ്ങളിൽ സ്തുതി-കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു.-ഉന്നതങ്ങളിൽ സ്തുതി.

(അല്ലെങ്കിൽ)

വാനംഭൂമി ആസകലം സ്തുതിതിങ്ങും ബലവാൻ നീ-
പരിശുദ്ധൻ-പരിശുദ്ധൻ
പരിശുദ്ധൻ സ്തുതി ഉയരെ-കർത്തനുടെ നാമമതിൽ-
വന്നവനും-ഇനിമേലാൽ
വരുവതി-നുള്ളവനും-വാഴ്വുള്ളോൻ താൻ ആമേൻ
ഉയരത്തിൽ-ഊശാന

സ്ഥാപനവചനങ്ങൾ

പ. പാപമില്ലാത്തവൻ.....എടുത്തു

ജ. കർത്താവേ, നീ വാഴ്ത്തേണമേ.

പ. സ്തോത്രം ചെയ്തു വാഴ്ത്തീ.....

ജ. ആമേൻ.

പ. അപ്രകാരം തന്നെ.....എടുത്തു

ജ. കർത്താവേ, നീ വാഴ്ത്തേണമേ.

പ. സ്തോത്രംചെയ്തു, വാഴ്ത്തി.....

ജ. ആമേൻ.

പ. ഇങ്ങനെ നിങ്ങൾ ഈ അപ്പം.....

ജ. കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു -നിന്റെ ഉയിർത്തെഴുന്നേൽപിനെ ഞങ്ങൾ കൊണ്ടാടുന്നു-നിന്റെ രണ്ടാമത്തെ വരവിനായി ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു-നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ എല്ലാവരുടെമേലും ഉണ്ടായിരിക്കണമേ.

പ. (ഒരു പ്രാർത്ഥന)

ജ. സർവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളോടു കരുണചെയ്യണമേ-ദൈവമായ കർത്താവേ -ഞങ്ങൾ നിന്നെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കയും ചെയ്യുന്നു-നല്ലവനേ-ദയതോന്നി, ഞങ്ങളോടു കരുണ ചെയ്യണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

പ. കർത്താവേ, ഞങ്ങളോടു ഉത്തരമരുളണമേ.....

ജ. കുറിയേ-ലായിസ്സോൻ-കുറിയേ-ലായിസ്സോൻ-കുറിയേ-ലാ-യിസ്സോൻ

പ. (അപ്പം വാഴ്ത്തി ചൊല്ലുന്നു)

ജ. ആമേൻ.

പ. (വീഞ്ഞു വാഴ്ത്തി ചൊല്ലുന്നു)

ജ. ആമേൻ.

പ്രത്യേക അപേക്ഷകൾ

പ (ഒരു പ്രാർത്ഥന)

ജ ആമേൻ .

(ശുശ്രൂഷകൻ താഴെയുള്ള ആറു അപേക്ഷകളോ. അതിനു പകരമായി പട്ടക്കാരൻ വേറെ അപേക്ഷകളോ ചൊല്ലുമ്പോൾ ശുശ്രൂഷകനും ജനവും അപേക്ഷകളുടെ അവസാനത്തിൽ കുറിയേലായിസ്സോൻ എന്നു ചൊല്ലണം)

കർത്താവേ, നാലുഭാഗങ്ങളിലുമുള്ള വിശുദ്ധ സഭയെ മേയിച്ച് ഭരിക്കുന്നവരായ സകല മേൽപട്ടക്കാരെയും, ഇന്ന് ഞങ്ങളെ ഭരിക്കുന്ന ഞങ്ങളുടെ പിതാവായ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായെയും ഞങ്ങളുമായി സംസർഗ്ഗത്തിലുള്ള തെന്നിന്ത്യാ, ഉത്തരേന്ത്യാ സഭകളുടെ മോഡറേറ്റർമാരെയും ഞങ്ങളുടെ പിതാക്കന്മാരായ യൂയാക്കിം മാർ കൂറിലോസ്, ജോസഫ് മാർ ബർന്നബാസ് എന്നീ സഫ്രഗൻ മെത്രാപ്പോലീത്താമാരേയും തോമസ് മാർ തിമൊഥയോസ്, ഐസക് മാർ ഫീലക്സിനോസ്, ഏബ്രഹാം മാർ പൗലോസ്, മാത്യൂസ് മാർ മക്കാറിയോസ്,ഗ്രിഗോറിയോസ് മാർ സ്തെഫാനോസ്, തോമസ് മാർ തീത്തോസ് എന്നീ എപ്പിസ്കോപ്പാമാരെയും, കശ്ശീശന്മാർ, ശെമ്മാശൻമാർ മുതലായി പട്ടത്വത്തിനടുത്ത എല്ലാവരെയും കരുണയോടെ ഓർക്കേണമേ.നിന്റെ വിശുദ്ധ റൂഹായുടെ ദാനങ്ങൾ അവർക്ക് കൊടുത്ത് അവരെ നിന്റെ തോട്ടത്തിൽ മടികൂടാതെ വേലചെയ്യുന്നവരാക്കിത്തീർക്കേണമെ.

ജ കുറിയേ ലായിസ്സോൻ.

പ (ഒരു പ്രാർത്ഥന).

ജ ആമേൻ.

ശു. കർത്താവേ, വിശ്വാസികളും സത്യക്രിസ്ത്യാനികളും ആയ എല്ലാവരേയും നീ ഓർത്തു-നിങ്കൽനിന്നുള്ള സഹായങ്ങളാൽ അവരെ സഹായിച്ചു ആശ്വസിപ്പിക്കണമേ.

ജ. കുറിയേലാ-യിസ്സോൻ

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.

ശു. ദൈവമായ കർത്താവേ, എല്ലാ ഭരണാധികാരികൾക്കും ന്യായാധിപന്മാർക്കും രാജ്യതന്ത്രജ്ഞന്മാർക്കും നിയമസഭാംഗങ്ങൾക്കുംവേണ്ടിയും-പ്രത്യേകമായി ഭാരതറിപ്പബ്ലിക്കിന്റെ അദ്ധ്യക്ഷനും-മന്ത്രിമാർക്കും പാർലമെന്റ് അംഗങ്ങൾക്കും വേണ്ടിയും ഞങ്ങൾ അപേക്ഷിക്കുന്നു. ജ്ഞാനവും അറിവും നന്മ ചെയ്യുന്നതിനുള്ള വിശാല മനസ്സും സഹകരണ ബുദ്ധിയും-ദൈവാശ്രയവും, അവർക്ക് കൊടുത്ത് നിന്റെ നോട്ടത്തിൻകീഴ് അവരെ നടത്തണമേ.

ജ. കുറിയേലാ-യിസ്സോൻ

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.

ശു. കർത്താവേ, ഭൂമിയിലുള്ള സകല വംശങ്ങളിൽനിന്നും ഭാഗ്യത്തിനു യോഗ്യതയുള്ളവളും തമ്പുരാനെ പ്രസവിച്ചവളും ആയ വിശുദ്ധ കന്യക മറിയാമ്മിനെയും-ശുദ്ധിമാൻമാരായ നിബ്യന്മാരെയും ശ്ലീഹന്മാരെയും-അറിയിപ്പുകാരെയും ഏവൻഗേലിസ്ഥന്മാരെയും-സഹദേന്മാരെയും (രക്തസാക്ഷികൾ)മൌദ്യാനന്മാരെയും-സകല പരിശുദ്ധ

ന്മാരെയും ഞങ്ങൾ ഓർക്കുന്നു-കർത്താവേ അവരുടെ പിന്നടിയിൽ നടപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ.

ജ. കുറിയേലാ-യിസ്സോൻ

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.

ശു. കർത്താവേ, നിഖ്യായിലും കുസ്തന്തിനോസ് പൊലീസിലും എഫെസൂസിലും ഉണ്ടായ മൂന്ന് സുന്നഹദോസുകളെയും--അവയിലുൾപ്പെട്ട സകല വിശുദ്ധ പിതാക്കന്മാരെയും ഞങ്ങൾ ഓർക്കുന്നു-കർത്താവേ, അവരുടെ സത്യോപദേശങ്ങൾ അനുസരിച്ചു നടപ്പാൻ ഞങ്ങൾക്ക് കൃപ നൽകണമേ.

ജ. കുറിയേ-ലായിസ്സോൻ

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.

ശു. കർത്താവേ, സത്യവിശ്വാസത്തിൽ മരിച്ച് വിശ്രമിക്കുന്ന വിശ്വാസികളായ സകല മരിച്ചവരെയും-അവസാനനാളിൽ നീ ഉയർപ്പിച്ച് അനുകൂലമാക്കുമ്പോൾ, അവരോടുകൂടെ ദോഷപൊറുതിക്കു ഞങ്ങളെയും യോഗ്യരാക്കി-സ്വർഗ്ഗരാജ്യത്തിൽ ചേർത്തുകൊളളണമേ.

ജ. കുറിയേലായിസ്സോൻ-കുറിയേലായിസ്സോൻ കുറിയേലാ-യിസ്സോൻ

പ. (ഒരു പ്രാർത്ഥന)

ജ. ദൈവമേ-മനസ്സോടും മനസ്സുകൂടാതെയും-അറിവോടും അറിവുകൂടാതെയും-തിരുമുമ്പാകെ ഞങ്ങൾ ചെയ്തുപോയിട്ടുള്ള സകല കുറ്റങ്ങളും ക്ഷമിച്ച് ഞങ്ങളെ ശുദ്ധീകരിച്ച് ആശ്വസിപ്പിക്കണമേ.

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.

പ. നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജ. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

ശു. ദൈവം ഇരുന്നപ്രകാരം ഇരിക്കുന്നു-തലമുറ തലമുറകൾക്കും വരുവാനിരിക്കുന്ന ലോകത്തിലെ തലമുറകൾക്കും-എന്നേക്കും ഇരിക്കുന്നവനും ആകുന്നു.

പ. (രണ്ടാമത്തെ റൂൾമാ)

ജ. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

ഇവിടെ പട്ടക്കാരൻ അപ്പം മുറിക്കുന്നതിനുള്ള ധ്യാനം കഴിക്കുന്നു.

ആ സമയം ശുശ്രൂഷകനും ജനവും കൂടി പിന്നാലെയുള്ള ഗീതമോ ലുത്തിനിയായോ ചൊല്ലണം.

(ബ്തറ ഓദീലോക്-രീതി)

ശു. ആർദ്രമതേ-വാതിലിൽ മുട്ടുന്നു
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

ജ. പ്രാർത്ഥനയിൻ-നാ-ദമെങ്ങളുടെ-കുറി.....

ശു. ആവശ്യത്താൽ-യാചിക്കും-ഹ-ഉ-ഹ

ജ. അടിയാരെ-നീ-വിലക്കരുതേ-കുറി....

ശു. നിന്നെ വിളി-ക്കുന്നു നായകനേ ഹ-ഉ-ഹ

ജ. നിൻ തുണയ്ക്കായി ബലഹീനർ-കുറി.....

ശു. നല്ലവനേ-കേട്ടുയാചനകൾ-ഹ-ഉ-ഹ

ജ. നൽകണമേ-നിൻ കാരുണ്യത്താൽ-കുറി.....

(അല്ലെങ്കിൽ) (തൊന് അദ് എദ്-രീതി)

ഗുണവാ-നേ നിൻവാതിലിൽ-മുട്ടുന്നു യാചനയിൻ നാ-ദം
നിന്നാശ്രിതരിൽ നിന്നയ്യോ മുടക്കരുതേ-യാചന
കണ്ണീർതൂകി വിളിച്ചവളാം ദോഷക്കാരി-
പൊറുതി ലഭിച്ചല്ലോ നിങ്കൽനിന്നു-
ഈശോതന്നുടെ രക്തംകൊണ്ട്-തുണച്ചീടുക-നിൻസഭമേൽ-
പി-ഴച്ചെ-ന്നു-ഗ്രഹിച്ചു ഞങ്ങൾ തെറ്റുകളും-അസംഖ്യമല്ലോ
നരസുതനേ നീ ദയചെയ്ത്-
മ്ലേച്ഛതയിൽനിന്നു ഞങ്ങളെ-ശുദ്ധീകരിക്ക-ഇന്നു.

താഴെകൊടുത്തിരിക്കുന്ന ലൂത്തിനിയാകളിൽ ഒരു ഭാഗമോ ഓരോ ഭാഗത്തുനിന്നും ഏതാനും അപേക്ഷകളോ യുക്തം പോലെ ഉപയോഗിക്കാം.

ലുത്തിനിയാ ഒന്നാം ഭാഗം

എല്ലാവരും. കരുണയുളളവനേ, നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം മുട്ടുന്നു-നിന്നെ വന്ദിക്കുന്നവരിൽ നിന്ന് അവരുടെ ആവശ്യങ്ങളുടെ യാചനകളെ നീ മുടക്കരുതേ-കുറിയേലായിസ്സോൻ,

ശു. സഹോദരരേ, നിരപ്പിന്റെയും സമാധാനത്തിന്റെയും ദൂതിനായും-അനുഗ്രഹങ്ങൾക്കായും കരുണകൾക്കായും-എല്ലാ സമയത്തും കർത്താവിനോടു നാം അപേക്ഷിക്കണം.

ജ. ഞങ്ങളുടെ കർത്താവേ-നിന്റെ കരുണയാൽ ഞങ്ങൾക്കു സമാധാനം നൽകണമേ.

ശു. സഹോദരരേ, സഭകൾക്കു നിരപ്പും ദയറാകൾക്കു സമാധാനവും-അവയുടെ പട്ടക്കാർക്കു നല്ലകാലവും ജനങ്ങൾക്ക് സുഭിക്ഷതയുളള കാലവും ഉണ്ടാകുവാനായി-എല്ലാ സമയത്തും കർത്താവിനോടു നാം അപേക്ഷിക്കണം.

ജ. ഞങ്ങളുടെ കർത്താവേ-നിന്റെ കരുണയാൽ ഞങ്ങൾക്കു സമാധാനം നൽകേണമേ.

ശു. സഹോദരരേ, നല്ല പ്രവൃത്തികൾ കൊണ്ടും മാന്യതയും വെടിപ്പുമുളള നീതിയിൻ നടപടികൾകൊണ്ടും ദൈവത്തിനു പ്രസാദമുളള സത്യക്രിസ്ത്യാനികൾ നാം ആകുവാനായി-എല്ലാ സമയത്തും കർത്താവിനോട് നാം അപേക്ഷിക്കണം.

ജ. ഞങ്ങളുടെ കർത്താവേ-നിന്റെ കൃപയാൽ ഞങ്ങളെ യോഗ്യതയുളളവരാക്കേണമേ.

ശു. സഹോദരരേ, കർത്താവിന്റെ നിത്യവും മഹത്തും ആയ സ്നേഹത്തിനെതിരായുളള എല്ലാ ഹൃദയകാഠിന്യത്തിൽനിന്നും അവന്റെ നീതിയുളള കോപത്തേയും ഭയങ്കരമായ ന്യായവിധിയേയും, ഉജ്ജ്വലിപ്പിക്കുന്നതായ സകല പാപത്തിൽനിന്നും, രക്ഷപെടുവാനായി-എല്ലാ സമയത്തും കർത്താവിനോടു നാം അപേക്ഷിക്കണം.

ജ. ഞങ്ങളുടെ കർത്താവേ-നിന്റെ സ്ലീബായാൽ ഞങ്ങളെ രക്ഷിച്ചുകൊളളണമേ.

ശു.. ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ കൃപയാലും കരുണയാലും-അനുഗ്രഹങ്ങളുടെ ബഹുത്വത്താലും-രോഗികൾക്കു പൂർണ്ണ സൗഖ്യവും-ഞെരുങ്ങിയിരിക്കുന്നവർക്ക് ആശ്വാസവും ബന്ധനത്തിലിരിക്കുന്നവർക്ക് വിടുതലും-ദൂരെപോയിരിക്കുന്നവർക്ക് തിരിച്ചുവരവും-സമീപസ്ഥർക്ക് നല്ല കാവലും-ഭിന്നിച്ചിരിക്കുന്നവർക്ക് ഐക്യമത്യവും സ്നേഹവും-ചിന്നിപ്പോയിരിക്കുന്നവർക്ക് കൂടിവരവും-കാണാതെ പോയവർക്ക്-കണ്ടെത്തിപ്പും-വിലപിക്കുന്നവർക്ക് ആശ്വാസവും-ആവലാതിയോടിരുന്നവർക്ക് ആനുകൂല്യവും-അഗതികൾക്ക് സന്തുഷ്ടിയും-വിധവകൾക്കു മനോധൈര്യവും സഹായവും-ദരിദ്രർക്ക് ആഹാരവും തൃപ്തിയും-പാപികൾക്ക് പൂർണ്ണമോചനവും-പട്ടത്വത്തിനു നല്ല ശ്രേഷ്ഠതയും...ശെമ്മാശന്മാർക്ക് നിർമ്മലതയും-ഭൂമിയിലെ രാജ്യങ്ങളിൽ നിന്റെ സമാധാനവും-യുദ്ധങ്ങൾക്കു ശമനവും നീ നൽകണമേ.

ജ. ഞങ്ങളുടെ കർത്താവേ -നിന്റെ കൃപയാൽ സൗജന്യമായി നൽകണമേ.

ശു. സകലത്തിന്റെയും ഉടയവനായ പിതാവായ ദൈവത്തെ നാം സ്തോത്രംചെയ്കയും, തന്റെ ഏക പുത്രനെ നാം വന്ദിക്കയും-ജീവനും വിശുദ്ധിയും ഉള്ള തന്റെ റൂഹായെ നാം സ്തുതിക്കയും ചെയ്യണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ-നിന്റെ തൃക്കൈയിൽ ഞങ്ങളുടെ ജീവനെ ഞങ്ങൾ ഭരമേൽപിച്ച്-അനുഗ്രഹങ്ങൾ ഇരക്കുന്നു-നല്ലവനേ ദയതോന്നി ഞങ്ങളോടു കരുണചെയ്യണമേ.

ലുത്തിനിയാ രണ്ടാം ഭാഗം

പട്ടക്കാരന്റെ പിന്നാലെ ഏറ്റു ചൊല്ലണം:

ഞങ്ങളുടെ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

ഞങ്ങളുടെ കർത്താവേ, ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ.

അനുഗ്രഹം നിറഞ്ഞിരിക്കുന്നവനായ കർത്താവേ, ഞങ്ങളോടു ഉത്തരമരുളണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകൾ ചെവിക്കൊളളണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ അനുതാപത്തിൽ നീ സന്തോഷിക്കണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ രോഗങ്ങളെ സുഖപ്പെടുത്തണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ രോഗികളെ നീ സ്വസ്ഥതപ്പെടുത്തണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ പാപങ്ങളെ നീ പരിഹരിക്കണമേ.

ഞങ്ങളുടെ കർത്താവേ, ക്ഷാമവും വസന്തയും നീക്കിക്കളയണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളിൽനിന്ന് ക്രോധവഴികളെയും കഠിനശിക്ഷകളെയും ദൂരീകരിക്കണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളിൽനിന്ന് നിഗളത്തെയും അഹങ്കാരത്തെയും മാറ്റിക്കളയണമേ.

ദാവീദിന്റെ പുത്രാ, ഞങ്ങളെ കേൾക്കണമേ.

കനൃകമറിയാമിന്റെ പുത്രാ, ഞങ്ങളെ ചെവിക്കൊള്ളണമേ.

ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടേ, ഞങ്ങളോടു ഉത്തരമരുളേണമേ.

ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി, ബാറെക്മാർ.

പ. (ഒരു പ്രാർത്ഥന) സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

ജ. നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ.....നിന്റെ രാജ്യം വരണമേ.....നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ.....ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ..... ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ.....ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ-ഞങ്ങളെ ദുഷ്ട

നിൽനിന്നു രക്ഷിച്ചു കൊള്ളണമേ-എന്തുകൊണ്ടെ
ന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും
നിനക്കുള്ളതാകുന്നു.....

ആമേൻ.

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.

പ. നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജ. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ...
അനുഗ്രഹിക്കുന്നവനായ ഞങ്ങളുടെ കർത്താവും
ദൈവവുമേ-ഈ രഹസ്യങ്ങളെ കൈക്കൊള്ളുന്ന
തിനു മുൻപ് തിരുസന്നിധിയിൽ ഞങ്ങളുടെ തലകളെ
ഞങ്ങൾ വണക്കുന്നു.

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.

പ. (മൂന്നാമത്തെ റൂശ്മാ)

ജ. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ-വി
ശുദ്ധിയും മഹത്വവും ഉള്ള ത്രിത്വമേ-ഞങ്ങളോടു
കരുണ ചെയ്യണമേ.

ശു. നാം ആദരവോടും ഭയഭക്തിയോടും കൂടി സൂക്ഷി
ക്കണം.

ജ. കർത്താവേ-ദയതോന്നി ഞങ്ങളുടെമേൽ അനു
ഗ്രഹം ചൊരിയണമേ.

പട്ടക്കാരൻ പീലാസാ ഉയർത്തിക്കൊണ്ട് പറയുന്നു:

ഈ വിശുദ്ധതകൾ വിശുദ്ധിയും വെടിപ്പും ഉള്ള
വർക്കു മാത്രം നൽകപ്പെടുന്നു.

ജ. ഏകപിതാവ് പരിശുദ്ധനാകുന്നു.-ഏകപുത്രൻ പരിശുദ്ധനാകുന്നു-ഏക റൂഹായും പരിശുദ്ധനാകുന്നു-ആമേൻ-ബാറെക്മാർ.

പട്ടക്കാരൻ കാസ ഉയർത്തിക്കൊണ്ടു പറയുന്നു:

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും അവർ ഒന്നുതന്നെ ആകുന്നു-ആമേൻ.

പ. തന്റെ കരുണയാൽ ലോകത്തെ.....

ജ. ആമേൻ.

പ. തന്റെ തിരുമേനിയുടെ.....

ജ. ആമേൻ.

പ. ഉണ്ടായതും ഉണ്ടാകുന്നതും ആയ....

ജ. ആമേൻ (എല്ലാവരും)

ദൈവസുതർ നാമായിടുവാൻ-ജീവികളായി നടന്നപ്പോൾ
ഉപദേ-ശിച്ചിട്ടുളളവരാം പുണ്യപിതാക്കളെ-
പ്രാർത്ഥനകാഴ്ചകളൊക്കെയിലും ഓർത്തവരെ പിന്തുടരേണം
ദൈവ-സുതൻ അവരെ മോക്ഷേ-ഷണുകൂലമാക്കും
നാഥാ-അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കേണമേ.

(പട്ടക്കാരൻ കല്പടയിൽ നിന്നിറങ്ങിനിന്ന് ലുത്തിനിയായോ താഴെയുളള ഗീതങ്ങളോ ചൊല്ലണം)

(ഹൂസ് അലയിമോർ-രീതി)

പ. കർത്താവേ, ക-നിഞ്ഞീടണമേ
നിൻ കരുണയുടെ ബഹുത്വത്താൽ

ജ. നല്ലവനേ-പ്രാർത്ഥനകേട്ട്
യാചനകൾ നൽകീടണമേ
സ്തൌമെൻകാലോസ് കുറിയേലായിസ്സോൻ.

പ. ദൈവമേ, സർവ്വേശാ ആശീസേകണമേ.

ജ. തൃക്കൈ നീട്ടണമേ! അനുഗ്രഹിച്ചീടേണമേ.

പ. പരിശുദ്ധാത്മാവേ, ജീവ-ദായകനേ,

ജ. വാഴേണം എന്നുളളിൽ നീ എന്നും എന്നേക്കും.

പ. ദൈവകുഞ്ഞാടേ-ദാവീദുസൂനുവേ-

ജ. മറിയാൾ തന്മകനേ-പ്രാർത്ഥന കേൾക്കണമേ.
കുറിയേലായിസ്സോൻ-കുറിയേ-ലായിസ്സോൻ കുറി
യേലാ-യിസ്സോൻ

ഇവിടെ കുർബാന കൈക്കൊളളുവാൻ ഒരുങ്ങിയിരിക്കുന്നവർ
വന്നു ക്രമമായി മുട്ടുകുത്തണം

പട്ടക്കാരൻ ജനത്തിനു നേരെ തിരിഞ്ഞു വണങ്ങിക്കൊണ്ട്:

എന്റെ സഹോദരരും വാത്സല്യമുളളവരുമേ, എനി
ക്കുവേണ്ടി പ്രാർത്ഥിപ്പിൻ, പിതാവു മക്കളോടു
കരുണ ചെയ്യുന്നപ്രകാരം കർത്താവ് തന്നെ ഭയപ്പ
ടുന്നവരോട് കരുണചെയ്യുന്നു.

ജ. മനുഷ്യന്റെ ദിവസങ്ങൾ പുല്ലുപോലെയാകുന്നു. വയ
ലിലെ പുഷ്പംപോലെ അവൻ മുളയ്ക്കുന്നു. ബാറെ
ക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും
സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നേ-ആമേൻ.

*ഇവിടെ പട്ടക്കാരൻ കിഴക്കോട്ടു തിരിഞ്ഞു മുട്ടുകുത്തി
രഹസ്യമായിട്ടോ പരസ്യമായിട്ടോ പ്രാർത്ഥിക്കുന്നു.*

ശു. നിന്റെ ശരണത്തിലും ആശാബന്ധത്തിലും മരിച്ചി
ട്ടുളളവരായ നിന്റെ അടിയാരെ-ജീവനുളള നിന്റെ
സ്വരം കബറിൽനിന്നു പറുദീസായുടെ ഉളളിലേക്കു
ഉണർത്തുമ്പോൾ ഞങ്ങളേയും ഓർത്തുകൊളള
ണമേ-സെതൗമെൻ കാലോസ്-

ജ. കുറിയേലായിസ്സോൻ

(അല്ലെങ്കിൽ) ഗീതം

(അബ്ദൈക്ക്)

നിൻ ശരണ-ത്തിൽമൃതരാം നിന്നടിയാരെ-നിൻ-ജീവസ്വരം
പറുദീസായിലേക്കുണർത്തുമ്പോൾ-ഞങ്ങളെയും നീ ഓർക്കണമേ
സെതൗമൻകാലോസ്-കുറിയേലായിസ്സോൻ

ശു. **കർത്താവേ,** നിന്റെ വലത്തേതിനടുത്തവരായ **കുഞ്ഞാടുകളോടുകൂടെ** ഞങ്ങൾ എല്ലാവരും **സന്തോഷിക്കുമാറാകണമേ.** നിങ്ങൾ വന്നു പരിശു ദ്ധന്മാരോടുകൂടെ രാജ്യം അവകാശമായി അനുഭ വിപ്പിൻ എന്ന് അരുളിചെയ്യുന്ന നിന്റെ ദയയുള്ള സ്വരം ഞങ്ങൾ കേൾക്കുമാറാകണമേ-ബാറെക്മാർ.

പ. പിതാവിനും പുത്രനും....

ജ. ആദിമുതൽ എന്നെന്നേക്കും...

ശു. നിന്റെ കല്പനയാൽ മരണം അധികാരം ചെയ്തു-നിന്റെ ഉയിർത്തെഴുന്നേൽപിനാൽ അതിനെ മായിച്ചതുകൊണ്ട് നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, സകല വായും നിന്നെ സ്തുതിക്കും-ആദാമിന്റെ സന്തതിയെ സകല ദിക്കിൽ നിന്നും കൂട്ടിച്ചേർക്കുന്നവനായ കർത്താവേ-ഞങ്ങളെ അനുഗ്രഹിച്ചു ഞങ്ങൾക്കു സഹായം ചെയ്യണമേ.

(അല്ലെങ്കിൽ) ഗീതം

(അംഎമ്റെബ്നയി-രാഗം)

കർത്താവേ നിൻ വലഭാഗത്തിന്നുടയോരായ
കുഞ്ഞാടുകളോടൊത്തു ഞങ്ങൾ-മോദി-ക്കണമേ
വരുവിൻ നിങ്ങൾ വിശുദ്ധരോടൊപ്പം നിത്യരാജ്യം
അനുഭവിപ്പിനെന്നരുളും സ്വരം-കേൾക്ക-ണമെങ്ങൾ.

ശുബഹാ

നിൻകല്പനയാൽ മരണം അധികാരം ചെയ്തു
നിന്നുയിർപ്പാലതുമാഞ്ഞതിനാൽ-നിനക്കായ് സ്തോത്രം
എല്ലാ നാവും നിനക്കു സ്തോത്രം അർപ്പിച്ചിടുമേ
ആദാംസുതരെ ചേർത്തിടുവോനേ-അനുഗ്ര-ഹിക്ക.

ജ. സ്വന്ത മരണത്താൽ ഞങ്ങൾക്ക് ജീവൻ നൽകിയ ദൈവപുത്രാ-ഞങ്ങൾ ശബ്ദമുയർത്തി നിനക്കു സ്തുതി പാടുവാൻ മണ്ണിൽനിന്നു ഞങ്ങളെ-ഉയിർത്തെഴുന്നേൽപിക്കണമേ-പിതാവും പുത്രനും പരിശുദ്ധറൂഹായും ആയ ദൈവം വന്ദ്യനും സ്തുത്യനും ആകുന്നു;-ആദിമുതൽ തലമുറതല മുറവരേക്കും തനിക്കു സ്തുതി. ഹാലേലുയ്യാ.

ഇവിടെ പട്ടക്കാരനും ശേഷം വൈദികരും വിശുദ്ധ കുർബാന കൈക്കൊള്ളുന്നു.തുടർന്ന് പട്ടക്കാരൻ കാസായും പീലാസായും എടുത്തുകൊണ്ട്:

ഞങ്ങളുടെ രക്ഷയ്ക്കായി വന്നവനും.....

ജ. ആമേൻ.

പട്ടക്കാരൻ ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നുകൊണ്ട്:

ദൈവമായ കർത്താവേ.....

ജ. ആമേൻ.

പട്ടക്കാരൻ കല്പടയിൽ നിന്നിറങ്ങി മുന്നോട്ടുവന്നു നിന്നു കൊണ്ട്:

മഹാദൈവവും നമ്മുടെ രക്ഷിതാവും....

ജ. ആമേൻ, ഞങ്ങളുടെ കർത്താവേ-ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ-ദയ തോന്നി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ-ഉത്തരമരുളി ഞങ്ങളോടു കരുണ ചെയ്യണമേ-ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി-ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി -എന്നേക്കും ഞങ്ങളുടെ ശരണവുമേ, നിനക്കു സ്തുതി-ഹാലേലുയ്യാ.

ഇവിടെപട്ടക്കാരൻ ഒരുങ്ങിയിരിക്കുന്നവർക്ക് വിശുദ്ധകുർബാന കൊടുക്കുന്നു.

കൂർബാന കൈക്കൊണ്ടവർ കിഴക്കോട്ടു മുഖം തിരിച്ചു മുട്ടുകുത്തിയിരിക്കുമ്പോൾ പട്ടക്കാരൻ ജനങ്ങളുടെ നേരെ തിരിഞ്ഞു നിന്നു കൊണ്ട്:

ഞങ്ങളുടെ കർത്താവും ദൈവവുമേ.....

സ്തോത്രപ്രാർത്ഥനയ്ക്കു ശേഷം, വിശുദ്ധ കൂർബാന കൈക്കൊണ്ടവർ എഴുന്നേറ്റു നിൽക്കാം.

ജ. ഭൂലോകം മുഴുവനും നിന്നെ മുട്ടുകുത്തി വന്ദിക്കും -സകല നാവും നിന്റെ നാമത്തിനു സ്തോത്രം ചെയ്യും-മരിച്ചവരെ ഉയിർത്തെഴുന്നേൽപിക്കുന്നവനും അവരുടെ പ്രത്യാശയും നീ ആകകൊണ്ട്-ഞങ്ങളോടുള്ള നിന്റെ കൃപയ്ക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു

പട്ടക്കാരൻ തിരിഞ്ഞു കൽപടമേൽ നിന്നുകൊണ്ട്:

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.

പ. നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജ. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ-അനുഗ്രഹിക്കുന്നവനായ ഞങ്ങളുടെ കർത്താവും ദൈവവുമേ-തിരുശരീര രക്തങ്ങളെ കൈക്കൊണ്ടതിന്റെ ശേഷം-തിരുസന്നിധിയിൽ ഞങ്ങളുടെ തലകളെ ഞങ്ങൾ വണക്കുന്നു.

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ.....ബാറെക്മാർ.

പട്ടക്കാരൻ താഴെ വരുന്ന ഹൂത്താമ്മയിൽ ഒന്നോ അതിലധി കമോ യുക്തം പോലെ ചൊല്ലണം

മാർ അപ്രേമിന്റെ രാഗം-രീതി
(ബാറെക്ക്കൂലാൻ ആലോഹാൻ)

ഞങ്ങൾക്കുള്ള കർത്താവേ-ഞങ്ങളെയെല്ലാം വാഴ്ത്തണമേ-
ഞങ്ങൾക്കുള്ള സ്രഷ്ടാവേ-ഞങ്ങളെയെല്ലാം കാക്കണമേ
സകലത്തിനും ഉടയവനും-സഹായകനുമായുള്ളോവേ-
രക്ഷയ്ക്കുള്ള വഴിയെ നീ-ഞങ്ങൾക്കെന്നും കാണിക്ക.

(ഇൽ ആലോഹോ മ്റഹോനോ)

അലിവു നിറഞ്ഞ ബലവാനേ- അനുഗ്രഹമെങ്ങൾ-ക്കേകണമേ
നല്ല പ്രയോജനമുള്ളവരായ്-നടത്തീടണമേ അടിയാരെ
കർത്താവേ കരുണാകരനേ-ഞങ്ങളിൽ നീ കൃപചെയ്യണമേ-
കുറവു വരാത്തൊരഭിവൃദ്ധി-ഞങ്ങൾക്കെപ്പൊഴുമേകണമേ.

മാർ യാക്കോബിന്റെ രാഗം

(ഇൽ ആലോഹോ ഹൗദ്ബംറൗമേ)

അത്യുന്നതങ്ങളിൽ വാസം ചെയ്യുന്നിലോയി ദേവാ
തിങ്ങും കരുണക്കണ്ണാൽ ഞങ്ങളെ സൂക്ഷിക്കണമേ
ശോഭിതമാം നിൻക്രൂശിൻ നിഴലിൽ ഞങ്ങളെ മറച്ചു-
കാരുണ്യത്താൽ-ഈ കൂട്ടത്തെ വാഴ്ത്തിടണമേ.

(മെൻപുംകൂലാൻ)

സർവ്വപുകഴ്ചയും ഞങ്ങൾവായാൽ ചൊല്ലും നിനക്കും-
നിൻ താതനും റൂഹാക്കുദ്ശായിക്കും സ്തുതിപാടീടും
പാപികൾ ഞങ്ങൾ തിരുമേശയിൽ നിന്നനുഭവിച്ചതിനാൽ
ഞങ്ങളുടെ പിഴകൾ-കറകളുമെല്ലാം മോചി-ക്കണമേ.

(സാകൽ വോ-സാൻ)

അകൃത്യവും കറകളും നിൻ സോപ്പായാൽ വെടിപ്പാക്കണമേ-
ഞങ്ങളുടെ കടങ്ങൾ കുറവുകളും നീ ഓർത്തീടരുതേ-
മേല്പെട്ടാടുകളിൻ കൂട്ടത്തിൽ ഞങ്ങളെ എണ്ണി-
എന്നും സ്വർഗ്ഗം-അനുഭവിപ്പീനെന്നരുളീടണമേ.

(ലഘുത്തോക് കായേം)

തിരുസഭയെ നീ സ്ഥിരമാം പാറമേലുറപ്പിക്കണമേ
ഭരണക്കാരെ നിൻഭുജത്താലെ കാത്തീടണമേ
പട്ടക്കാരെയും മ്ശമ്ശാനരെയും അലങ്കരിക്കണമേ
കാറോയരെയും ഗായകരെയും-ശോഭിപ്പിക്ക

(ബാത്തേൽ റൂഗസൊ)

ജീവിയും ജീവനെ നൽകുന്നതുമാം തിരുനാമത്തെ
ഭജനം ചെയ്യും ദേശത്തോടു നീ കോപിക്കല്ലെ,
യുദ്ധവും ദാസ്യവും പഞ്ഞവും വസന്തയും നീക്കി നിന്റെ
സ്വസ്ഥത അതിനെ കോട്ടകൾപോലെ ചുറ്റീടണമേ.

(ആലോഹ് ആലോഹ്)

ദേവമൽദേവനെ നീയേ നിത്യം സർവ്വശക്തൻ
സ്ഫടിക രഥത്തിലിരിക്കുന്നോനാം ഉന്നതവാൻ നീ
രാജൻ ദാവീദിന്നുടെ കാഴ്ച നീ കൈക്കൊണ്ടതു പോൽ
ക്രിസ്തേശുവേ-ഞങ്ങളിൻ പ്രാർത്ഥന കൈക്കൊളളണമേ.

(ബർ-ആലോഹോ)

പാപികളെ തൻബലിയാൽ വീണ്ടൊരു ദൈവസുതനേ
അതിനാൽ എന്നുടെ ദുരിതം വേദന നീക്കീടണമേ-
ഗാഗുൽത്തായിൽ ചങ്കുതുറന്ന നല്ലവനേ നീ
ഒഴുക്കിയ രക്തം ജലവുംകൊണ്ടെൻ ദാഹം തീർക്ക.

ജ. കർത്താവേ, തിരുസന്നിധിയിൽ ശുശ്രൂഷചെയ്ത നിന്റെ ദാസന്റെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊണ്ട്-നിന്റെ ഇടവകയുടെ കുറ്റങ്ങൾ ക്ഷമിക്കണമേ. കർത്താവേ, നിന്റെ വാഴ്വുകൾക്കും അനുഗ്രഹങ്ങൾക്കും ഞങ്ങളെ യോഗ്യതയുളളവരാക്കി-നിന്റെ സമാധാനത്തോടെ ഞങ്ങളെ അയക്കണമേ.

പ. (നാലാമത്തെ റൂശ്മ)

ജ. കർത്താവു നിന്റെ ശുശ്രൂഷ കൈക്കൊണ്ട്-നിന്റെ പ്രാർത്ഥനയാൽ ഞങ്ങളെ സഹായിക്കുമാറാകട്ടെ - ആമേൻ.

അല്ലെങ്കിൽ
(ബസ് ലീബോക് മോറാനേശു)

ക്രിസ്തേശു നി-ൻ കുരിശാലും-മദ്ധ്യസ്ഥപ്രാർത്ഥനയാലും
ശിക്ഷകൾ ഞങ്ങളിൽ നിന്നൊഴിച്ച് രക്ഷയിലാക്കികാക്കേണമേ.

ഇവിടെ ഓരോരുത്തരും തനിച്ച് മൗനമായി പ്രാർത്ഥിക്കുകയോ 60-ാം പുറത്തു ചേർത്തിരിക്കുന്ന സ്തോത്രപ്രാർത്ഥന കഴിക്കയോ ചെയ്ത ശേഷം സാവധാനത്തിൽ യോഗം പിരിയുന്നു.

വിശുദ്ധ കുർബാന ജനങ്ങൾക്ക് കൊടുക്കുന്ന സമയം പിന്നാലെയുള്ളതോ സമയോചിതമായ വേറെ ഗീതങ്ങളോ ചൊല്ലുന്നു.

(റസ്സലി റസ്സലി-രാഗം)

സ്തുതിപ്പിൻ സ്തുതിപ്പിൻ-മ്ശിഹായേ സ്തുതിപ്പിൻ
സ്തുതി തനിക്കെന്നും ഉണ്ടാക ആമേൻ

1 പന്തിരുപേരെ-പന്തിയിരുത്തി-
ചന്തമേറും തൻ-ചിന്തയുരച്ചോനെ സ്തുതി

2 അപ്പവും വീഞ്ഞും അപ്പോളെടുത്തവർ-
ക്കോർപ്പാൻ കൊടുത്തി-ട്ടോർപ്പിച്ചവനെ സ്തുതി

3 രക്തം, ശരീരം-ഘോരപാപത്തി-
ന്നോരോരുവർക്കായി-തീരെ കൊടുത്തോനേ സ്തുതി

4 ഓർപ്പാൻ തന്നെ-ഓർപ്പാനെപ്പോഴും
ഓർപ്പാനിവയും-സദാ നൽകിയോനേ- സ്തുതി

5 തോട്ടത്തിലേറി കൂട്ടംപിരിഞ്ഞു തൻ
മുട്ടിൽ വീണിട്ടു-പ്രാർത്ഥിച്ചവനേ സ്തുതി

6 ദൈവകോപത്തിൻ-സർവ്വബലത്തേയും
ഉർവ്വിയിൽ നിന്നു-സർവ്വം സഹിച്ചോനേ- സ്തുതി

7 രക്തം വിയർത്തു-വ്യഥയാൽ തളർന്നു
ശക്തിക്ഷയനായ്-അലറിക്കരഞ്ഞോനേ സ്തുതി

8 ഭൂമിയിൽചോര-ഭൂതലർക്കായ്തുകി
ഭൂവാസികൾ കണ്ടു-സാക്ഷിച്ചവനേ- സ്തുതി

9 അത്താഴമെന്നും-ചിത്തമോദത്താൽ
മഹത്തായ് കഴിച്ച-യൂദാ ത്യജിച്ചോനേ- സ്തുതി

10 തൻതിരുസഭയെ-വീണ്ടെടുത്ത
താതസുതനു-മഹത്വം നൽക- സ്തുതി

(റസ്സലി-റസ്സലി എന്നുള്ള സുറിയാനി ഗീതത്തിന്റെ തർജ്ജമ)

1 രഹസ്യം രഹസ്യം കർത്താവരുളി
രഹസ്യമിതെൻ വീട്ടീന്നുമെനിക്കും
അത്യുന്നതത്തിൽ-സത്യമണാളാ
നിത്യം മഹത്വം-സ്തുത്യാവതാമ്മേൻ

2 മെസ്രേൽ കടിഞ്ഞൂൽ-കൂട്ടക്കൊലയിൽ
ഇസ്രായേല്യരെ ര-ക്ഷിച്ചൊരജമാം- അത്യു

3 മുളളിൻപടർപ്പിൽ-മൂന്നം വിളങ്ങി
മുറ്റുംപ്രകാശം-മൂശെയ്ക്കു ഏകി-യോനാം- അത്യു

4 അങ്കിവിഭോഗം സെഹിയോ-നിങ്കൽ
മുൻകണ്ടവനാൽ സങ്കീർത്തിതനാം- അത്യു

5 താനായ-ഹാബേൽ-തന്റെ രഹസ്യം
തൻ ചോരയാലെ പൂർത്തീകരിച്ചൊ- അത്യു

6 വെട്ടായ് വതിന്നാ-യിട്ടിസഹാക്കെ-
കാട്ടിൽ കിടന്നോ-രാട്ടിൻകിടാവാം- അത്യു

7* ഇന്നന്തിയിങ്ക-ലേറ്റം ഉഴറി-
ട്ടന്നവർ കയ്പാൽ-തിന്നോരജമാം അത്യു

8* അടിമനുകത്തെ-തകർത്തിട്ടവരെ-
വിടുവിച്ചൊരുവൻ-ദിവസമിതല്ലോ- അത്യു

9* തൻജീവരക്തം-തന്ന സുതനേ-
ഇന്നാൾ വിശേഷാ-ലേറ്റം സ്തുതിപ്പാൻ അത്യു

10* എൻ സോദരരേ-ഇന്നേകജാതൻ
തന്റെ പെസഹാ-നാളാചരിപ്പിൻ- അത്യു

11 അന്നെസ്കിയേൽ താൻ-തേരിൽ മനുഷ്യ
നന്ദനനെപ്പോൽ-കണ്ടതിൻവതാൻ- അത്യു

12 ആമോസ് സുതന-ത്യുന്നതമാം സിം-
സിംഹാസനത്തിൽ-കണ്ടവൻതാൻ- അത്യു

13 ഏല്യാവിന്റെ-രഹസ്യത്തിനാൽ
ഉയിർത്തേകിയമ്മയ്ക്കു-പൈതൽതന്നെ- അത്യു

14 സ്തുതി ചെയ്വിനെന്നും-മുധിരം ചൊരിഞ്ഞ-
സുതനായി-സർവ്വ-പുറജാതി വർഗ്ഗം- അത്യു

15 സ്തുതി താതന്നും-സുതന്നും മഹത്വം
സതതം വിശുദ്ധറൂഹായിക്കുമാമ്മേൻ അത്യു

(*പെസഹായിക്കു മാത്രം ചൊല്ലേണ്ടത്)

കുമ്പസാരസമയം ചൊല്ലുന്ന അപേക്ഷ

സർവ്വശക്തിയുള്ള ബാവാതമ്പുരാനേ-നിനക്കു വിരോധമായും, ലോകത്തെ രക്ഷിപ്പാനായി-തന്റെ -കൃപയാൽ -വിശുദ്ധകന്യകമറിയാമിൽനിന്ന് ജനിച്ചു ഞങ്ങൾക്കു വേണ്ടി-കഷ്ടത അനുഭവിച്ച് മരിച്ച്-ഞങ്ങൾക്കു രക്ഷ നല്കിയ മ്ശിഹാതമ്പുരാനേ നിനക്കു വിരോധമായും, സകലത്തെയും ജീവിപ്പിക്കുന്നവനും-ആശ്വസിപ്പിച്ചു ശുദ്ധീകരിക്കുന്നവനും ആയ പരിശുദ്ധാത്മാവാം തമ്പുരാനേ, നിനക്കു വിരോധമായും, ഞാൻ ചെയ്തു പോയ-സകല പാപങ്ങളെയും -ഏറ്റുപറഞ്ഞ് സങ്കടപ്പെടുന്നു-സത്യമായി അനുതപിക്കുന്നവരെ കൈക്കൊള്ളുമെന്ന്-നീ ചെയ്തിരിക്കുന്ന വാഗ്ദാനം ഞാൻ വിശ്വസിച്ച്-സകലത്തിലും പിഴച്ചു എന്ന് ഞാൻ ഏറ്റു പറയുന്നു. വിചാരത്തിലും വചനത്തിലും-പ്രവൃത്തിയിലും-ഞാൻ പിഴച്ചു. നിന്റെ കല്പനകൾ എല്ലാം ഞാൻ ലംഘിച്ചു. നിന്റെ ശിക്ഷയ്ക്കു പാത്രമാവുകയും ചെയ്തിരിക്കുന്നു. കാരുണ്യവാനും-കൃപനിറഞ്ഞവനുമായ കർത്താവേ, ചുങ്കക്കാരനെയും-ആ പാപിയായ സ്ത്രീയേയും കുരിശിൽവെച്ചു കള്ളനെയും കൈക്കൊണ്ട പ്രകാരം-എന്നെയും കൈക്കൊണ്ട്-നിന്റെ തിരുവചനത്തിന്റെ തണുപ്പാൽ-എന്നെ ആശ്വസിപ്പിക്കണമേ. കർത്താവേ-ഞാൻ അനുഭവിക്കുന്ന തിരുശരീരവും തിരുരക്തവും-എനിക്ക് ശിക്ഷാവിധിക്കും കുറ്റത്തിനും ആയിത്തീരാതെ-ജീവനും രക്ഷയ്ക്കും ആക്കിത്തീർക്കണമേ-ആമേൻ.

(അല്ലെങ്കിൽ)

സർവ്വശക്തിയുള്ള ബാവാതമ്പുരാനേ-നിനക്കു വിരോധമായും-ലോകത്തെ രക്ഷിപ്പാനായി തന്റെ കൃപയാൽ -വിശുദ്ധ കന്യകമറിയാമിൽനിന്നു ജനിച്ചു-ഞങ്ങൾക്കു വേണ്ടി കഷ്ടത അനുഭവിച്ച്-മരിച്ച്-ഞങ്ങൾക്കു രക്ഷ നല്കിയ മ്ശിഹാ തമ്പുരാനേ-നിനക്കു വിരോധമായും -സകലത്തേയും ജീവിപ്പിക്കുന്നവനും-ആശ്വസിപ്പിച്ച് ശുദ്ധീകരിക്കുന്നവനുമായ പരിശുദ്ധാത്മാവാം തമ്പു

രാനേ-നിനക്കു-വിരോധമായും-ഞാൻ ചെയ്തുപോയ സകല പാപങ്ങളെയും ഏറ്റുപറഞ്ഞു സങ്കടപ്പെടുന്നു-മനുഷ്യരുടെ അന്യായങ്ങളെ ക്ഷമിക്കുന്നവനും-പാപികളുടെ മരണത്തിൽ ഇഷ്ടമില്ലാത്തവനുമായ സർവ്വ ശക്തിയുള്ള ദൈവമായ കർത്താവേ, എന്റെ ഹൃദയ കൈകളെ നിങ്കലേക്കു നീട്ടി-എന്റെ സകല ലംഘനങ്ങളുടെയും മോചനം നിന്നോടു യാചിച്ചുകൊള്ളുന്നു-ഞാൻ മുഴുവനും നിങ്കലായിരിപ്പാനും-നിന്റെ ദിവ്യരഹസ്യങ്ങളുടെ ദാനം നിന്നിൽനിന്നു ലഭിപ്പാനും ആയി ഞാൻ അയോഗ്യനെങ്കിലും-എതിരാളികളുടെ സകല വ്യാപാരങ്ങളിൽനിന്നും എന്റെ ബോധത്തെയും-ദുർമ്മോഹത്തോടെ നോക്കാതിരിപ്പാൻ എന്റെ കണ്ണുകളെയും-വ്യർത്ഥകാര്യങ്ങളെ കേൾക്കാതിരിപ്പാൻ എന്റെ ചെവികളെയും-വെറുക്കത്തക്ക പ്രവൃത്തികളിൽനിന്നു എന്റെ കൈകളെയും-നിന്നാൽ പ്രയോഗിക്കപ്പെടത്തക്കവണ്ണം എന്റെ അന്തരംഗങ്ങളെയും-കാത്തുകൊള്ളണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു.ആമേൻ.

പാപമോചന പ്രഖ്യാപനം

സത്യമായി അനുതപിച്ച് തങ്ങളുടെ പാപങ്ങളെ ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞിരിക്കുന്ന നിങ്ങൾ ഓരോരുത്തരോടും കരുണാ സമ്പന്നനായ ദൈവം മനസ്സലിഞ്ഞ് സകല പാപങ്ങളും ക്ഷമിച്ചിരിക്കുന്നു. തന്നോടുള്ള നിരന്തരം കൂട്ടായ്മയിലും പുതുജീവനിലും നിലനില്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ ശക്തീകരിച്ച് വഴിനടത്തുമാറാകട്ടെ. ആമേൻ.

പത്തുകല്പനച്ചുരുക്കം

1 ഞാൻ അല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.
2 നിനക്കു ഒരു വിഗ്രഹത്തെയും ഉണ്ടാക്കരുത്.
3 നിന്റെ ദൈവമായ കർത്താവിന്റെ നാമം വ്യഥാ എടുക്കരുത്.
4 സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക
5 നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്ക
6 നീ കൊല ചെയ്യരുത്
7 നീ വ്യഭിചാരം ചെയ്യരുത്
8 നീ മോഷ്ടിക്കരുത്
9 നീ കള്ളസാക്ഷി പറയരുത്
10 നീ നിന്റെ അയൽക്കാരനുള്ള യാതൊന്നിനെയും മോഹിക്കരുത്.

ഈ പത്തു കല്പനകൾ രണ്ടായി സംഗ്രഹിച്ചിരിക്കുന്നു:

1 നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, നിന്റെ പൂർണ്ണമനസ്സോടും, പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കണം

2 നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം.

വിശുദ്ധ കുർബാന കൈക്കൊണ്ടവർ പള്ളിയിൽ വച്ചോ ഭവനത്തിൽ ചെന്നിട്ടോ ചൊല്ലേണ്ട പ്രാർത്ഥന.

കർത്താവേ, വിശുദ്ധ കന്യകമറിയാമിൽ നിന്നു നീ ജനിക്കയും ശീലകളാൽ പൊതിയപ്പെട്ട്, മൃഗങ്ങളുടെ പുൽക്കൂട്ടിൽ വെക്കപ്പെടുകയും, പാപിയെപ്പോലെ യോഹന്നാൻ മംദാനായുടെ മുൻപാകെ നിന്റെ തലകുനിച്ച് യോർദ്ദാൻ നദിയിൽവെച്ച് മാമോദീസാ കൈക്കൊളളുകയും മനുഷ്യനെപ്പോലെ ഉപേക്ഷിച്ചു സാത്താനെ ലജ്ജിപ്പിക്കയും, ഞങ്ങൾക്കു ജയം നൽകുകയും, അന്യായക്കാരനെപ്പോലെ ന്യായാധിപതിയുടെ മുൻപാകെ നിൽക്കയും നിന്ദയും പരിഹാസവും, അപമാനവും, അടികളും ഏറ്റ് കളളന്മാരുടെ ഇടയിൽ ക്രൂശിക്കപ്പെടുകയും കബറിൽ വയ്ക്കപ്പെട്ടു പാതാളത്തിലേക്ക് ഇറങ്ങുകയും മരണത്തിന്റെ ബന്ധനങ്ങളെ ഛേദിച്ച് മഹത്വത്തോടെ ഉയിർത്തെഴുന്നേല്ക്കയും സ്വർഗ്ഗത്തിലേക്കു കയറി മഹത്തായ രക്ഷയും നൽവരവും ഞങ്ങൾക്കു ചിന്തിത്തരികയും ചെയ്തതിനു പ്രത്യുപകാരം ചെയ്വാൻ ആരാൽ കഴിയും? കരുണയുളള കർത്താവേ, ഞാൻ നിനക്കു വിരോധമായി അന്യായവും ചതിവും ദുഷ്ടതയും നേരുകേടും അക്രമവും പ്രവർത്തിച്ച് നിന്നെ കോപിപ്പിച്ചും നിന്റെ കല്പനകൾ ഒന്നും ഞാൻ കാത്തിട്ടില്ല. എന്റെ പാപങ്ങൾക്കു തക്കവണ്ണം എന്നോടു പകരം ചെയ്യാതെ, നിന്റെ ധാരാളമായ കൃപയിൻപ്രകാരം എന്നെ അനുഗ്രഹിച്ച്, രക്ഷിച്ചുകൊളളണമേ. 'എന്റെ ശരീരം ഭക്ഷിക്കുകയും, എന്റെ രക്തം പാനം ചെയ്കയും, എന്നിൽ വിശ്വസിക്കയും ചെയ്യുന്നവൻ എന്നിൽ പാർക്കും. അവനിൽ ഞാൻ പാർക്കും. അവസാന നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും' എന്നുളള നിന്റെ കല്പ

നയിൽ ശരണപ്പെട്ട് തിരുശരീരവും തിരുരക്തവും ഇന്നു ഞാൻ അനുഭവിച്ചതിനാൽ എന്റെ പ്രവൃത്തികൾകൊണ്ട് ഞാൻ യോഗ്യനല്ലെങ്കിലും നിന്റെ ആർദ്ര കരുണകൊണ്ട് എന്നെ യോഗ്യനാക്കി രക്ഷിച്ചുകൊള്ളണമേ. സ്ലീബായിൽ തറയ്ക്കപ്പെട്ട വിശുദ്ധ ശരീരത്താലും ഗാഗുൽത്തായിൽ ചൊരിയപ്പെട്ട രക്തത്താലും, മനുഷ്യവർഗ്ഗത്തിനു നിന്റെ കൃപയിൽ രക്ഷ നൽകിയിരിക്കകൊണ്ട്, പാപത്തിൽനിന്നും, കുറ്റത്തിൽനിന്നും എന്നെ വെടിപ്പാക്കി, നിന്റെ കരുണയാൽ എന്നെ രക്ഷിക്കണമേ, അനുഗ്രഹങ്ങൾ വളരെയുള്ള കർത്താവേ, സകല മനുഷ്യരെയും ന്യായം വിധിപ്പാൻ നിന്റെ പിതാവിന്റെ മഹത്വത്തോടും പ്രഭാവത്തോടും കൂടി നീ എഴുന്നള്ളി ന്യായം വിസ്തരിക്കുമ്പോൾ, കൃപയോടെ എന്റെമേൽ കനിവുണ്ടായി നിന്റെ വലത്തുഭാഗത്ത് എന്നെ ചേർത്തുകൊള്ളുകയും ചെയ്യുമാറാകണമേ. ആമേൻ.

ഗീതങ്ങൾ

കുക്കോയോ

(ആബൂൻദ് ബർമായൊ)

സ്വർഗ്ഗപിതാവേ കേൾക്കണമേ-കൂപ്പിടുന്നെങ്ങൾ
തുണചെയ്വാൻ മറ്റൊരുജനകൻ ഇല്ലേ നീയെന്യേ
ഇല്ലായ്മയിൽനിന്നുരുവാക്കി ഞങ്ങളെ
ഇങ്ങനെയിരിക്കെ-കോപിച്ചീടരുതെ
തിരുകല്പനയാചരിപ്പാനും സൽക്രിയമൂലം
തിരുവിഷ്ടം നിറവേറ്റാനും-പഠിപ്പിക്ക ഞങ്ങളെ
ഹാലേലുയ്യാ-ദയയാൽ കനിയണമേ. ബാറെക്മോർ

ശുബഹാ

(കൊറിയോലീ)

പേരിനുമാത്രം ഞാൻ നിനക്കെ-ന്നതിനാൽ ദു:ഖിക്കുന്നേൻ-
ദുഷ്ക്രിയമൂലം നിങ്കൽനി-ന്നകലെപ്പോയവൻ ഞാൻ
മനസ്സുണ്ടെനിക്കു-മാനസാന്തരം വരുവാൻ
ദുർമനസ്സെന്നെ വി-രോധിക്കുന്നയ്യോ

പഠിപ്പിക്കും ഞാൻ പഠിപ്പോനല്ല കുടിപ്പിച്ചും-ദാഹ-മേ
കുന്തത്താൽ തുറന്നുറവായാലെൻ-ദാഹം-ശമിപ്പിച്ചുപോം
ഹാലേലുയ്യാ കുടിച്ചാനന്ദിപ്പിൻ
ഉത്തരമരുൾക-അരുൾക ദേവാ-അനുഗ്രഹിക്ക
മർത്യർ ചിത്തം മാനസാന്തരേ-വരുത്തീടണമേ നീ

(തൊ-നിമാർ-രീതി)

നീതിപുണ്യം ധരിച്ചവരാം-വിശുദ്ധന്മാരെ നാം ഓർക്കയിൽ
നാഥനു നാം കൂട്ടമായ്-പാടിടേണം സ്തുതിയേ
ആയവരിൽ ആദ്യൻ-അമ്രാം സുതൻ-മൂശെ
പ്രവാചകരിൽ ദാനിയേൽ ഏശായായും
ബാബെലെ ജയിച്ച-ബാലകരാംമൂവർ
സഹദേന്മാരിൽ ആദ്യനാം-പരിശുദ്ധസ്തേഫാനോസും
ഇവർ നടുവിൽ കൂടവെ-ഈ സഭയിൽ സ്ഥാപകനാം
ഇന്ത്യാവിൻഗുരുവാം മാർത്തോമ്മാ ശ്ലീഹായും

(തോ-ബൾലോം-രീതി)

നല്ലവനും-ജ്ഞാനിയുമായുള്ളോ-
രിടയനേ വരിക-തിരുസഭയിൽ
നല്ലവരാം ശ്ലീഹരിൻ-അടിസ്ഥാനേ
ഞങ്ങളെ സ്ഥിരമാക്കീടണമേ,
നല്ലൊരു പുൽമാലി-തന്നിലും
ശാന്തമാം വെള്ളത്തിങ്കലും
അല്ലലകറ്റി മേയിച്ചീടണേ,
ഇല്ലൊരു-കുറവിനി ഞങ്ങൾക്കിഹ-
വല്ലഭനേ ന-ടത്തീടണമേ-
ദൈവമേ-നിന്നെ വിളിച്ചീടും
പാപികളിൽ കനിയുന്നോനേ-
കോപത്തിൻ-വടിയും ശിക്ഷയും നീ
ദയയാൽ ഞങ്ങളിൽ നിന്നൊഴിച്ച്
നൽകേണം പുഷ്ടിയു-ള്ളാണ്ടുകൾ
നിന്നുടെ ക്രൂശിൻ മഹത്വത്താൽ
ദുഷ്ടനെ-ഓടിച്ചീടണമെ-
കൃപയെ ഞങ്ങൾ സ്തുതിക്കുന്നു.

(ലാദ്മാർബിൻ-രീതി)

ഏലോഹീം ദേ-വസുതനു
സ്തുതിപാടി-ഘോഷിക്കാം നാം
സകലഭൂതലമേ-സ്തുതിപ്പിനിവനെ
യേശു-ര-ക്ഷിതാവെന്നു-പാടുവിൻ
ഗതസി-മേനിൽ-യേശു
തിരുരക്തം-വി-യ-ർത്തോ-ഴുകി-
ദൈവകോപത്തീ-അവന്മേലെരിഞ്ഞു
ക്രോധപാത്രം-പാനം ചെയ്ത
ക്രൂശതിൽ താൻ-വേദനയാം
മരണത്തെ രുചിച്ചു-ഏവർക്കുമായ്
തൻ തിരുരക്തം-ചിന്തിനാനയ്യോ
നമ്മുടെ രക്ഷ-പൂർത്തി-ആയി
ഹാലേലുയ്യാ-യേശുദേവനേ
സ്നേഹമാർന്നോനേ-സ്തുതി-നി-ന-ക്കെന്നും
മോദമോടെ-പാടീടുവാൻ
അല്ലലകറ്റി-പാ-ലി-ക്ക-നീ

പരസ്യാരാധനക്രമത്തിലും കുർബ്ബാനതക്സായിലുമുള്ള സുറിയാനി പദങ്ങളുടെ അർത്ഥം

കുർബാന = കാഴ്ച, അർപ്പണം
പ്രോമ്യോൻ = മുഖവുര
സെദറാ = നിര,കൂട്ടം (പല വിഷയങ്ങൾ ക്രമീകരിച്ച പ്രാർത്ഥനകൾ)
കൌമാ = എഴുന്നേറ്റുള്ള പ്രാർത്ഥന
തൂയോബൊ = ഒരുക്കം
ബാറെക്മാർ = കർത്താവേ, നീ വാഴ്ത്തണമേ
സതൌമൻകാലോസ് = നമ്മുക്ക് ഭംഗിയോടെ നിൽക്കാം
തുബ്ദേൻ = വീണ്ടും
കുറിയേലായിസ്സോൻ = കർത്താവേ, ഞങ്ങളോട് കരുണ ചെയ്യണമേ.
ഹോശോവബ്കൂൽസ്
ബാൻല്ഒൽമീൻ = ഇപ്പോഴും എല്ലായ്പോഴും എന്നേക്കും

കോയേൻവൊമറീൻ = അവർ അട്ടഹസിച്ചു പറയുന്നു
ലാബൂക് കാദ്ഒമറോ = നിന്റെ പിതാവിനോട് അവൾ (സഭ) പറയുമ്പോൾ
മെത്തുലോസെ ഒപ്പ്ലാൻ = അവൻ മുഖാന്തരം ഞങ്ങൾക്കും
ലുത്തിനിയാ = അപേക്ഷകളടങ്ങിയ പ്രാർത്ഥന
എത്രോ = ധൂപപ്രാർത്ഥന
ഹൂത്തോമ്മാ = മുദ്രയിടിൽ, അവസാനം
റൂശ്മാ = മുദ്ര
മൊദ്യോനൂസോ = ഏറ്റുപറച്ചിൽ
എനിയോനൊ = പ്രതിവാക്യം
മെമ്രാ = പ്രബന്ധം
ഹാലേലുയ്യാ = ദൈവത്തിനു സ്തുതി
സൂത്താറ = കാവൽ, പ്രാർത്ഥന,ശയനനമസ്ക്കാരം
റൂഹാ = ആത്മാവ്
റൂഹാദ്കുദ്ശാ = പരിശുദ്ധാത്മാവ്
സ്ലീബാ = കുരിശ്
ബശ്മോദാബോ ഉദാബ്രോ,
വദ്റൂഹോ കാദീശോ = പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ
കുക്കിലിയോൻ = ഒരു രാഗത്തിന്റെ പേര്
കുക്കോയോ = ശെമയോൻ കുക്കായ രചിച്ച രാഗം
എക്ബാ = ചരണങ്ങൾ
യൽദോ = ജനനം
ദനഹാ = ഉദയം-കർത്താവിന്റെ മാമോ ദീസാ ദിവസം
സ്തൗമെൻകാലൊസ് = നാം ഭംഗിയായി നില്ക്കണം
ക്നുമാ = ആളത്തം
ബസ്ഗാസ = ശ്രീഭണ്ഡാരം
നിബിയന്മാർ = പ്രവാചകന്മാർ
ശ്ലീഹന്മാർ = അപ്പോസ്തലന്മാർ
ഏവൻഗേലിയോൻ = സുവിശേഷം
ഏവൻഗേലിസ്ഥൻ = സുവിശേഷകൻ
സഹദേന്മാർ = രക്തസാക്ഷികൾ
മൗദ്യാനന്മാർ = വിശ്വാസം ഏറ്റു പറഞ്ഞവർ

മാറ്റമുള്ള പെരുനാളുകൾ

A TABLE OF MOVABLE FESTIVALS AND OTHER DAYS

Year	ചാമ്പൽ ബുധനാഴ്ച Ash Wednesday	ഉയിർപ്പ് Easter	Year	ചാമ്പൽ ബുധനാഴ്ച Ash Wednesday	ഉയിർപ്പ് Easter
1994	16 February	03 April	2010	17 February	04 April
1995	01 March	16 April	2011	09 March	24 April
1996	21 February	07 April	2012	22 February	08 April
1997	12 February	30 March	2013	13 February	31 March
1998	25 February	12 April	2014	05 March	20 April
1999	17 February	04 April	2015	18 February	05 April
2000	08 March	23 April	2016	10 February	27 March
2001	28 February	15 April	2017	01 March	16 April
2002	13 February	31 March	2018	14 February	01 April
2003	05 March	20 April	2019	06 March	21 April
2004	25 February	11 April	2020	26 February	12 April
2005	09 February	27 March	2021	17 February	04 April
2006	01 March	16 April	2022	02 March	17 April
2007	21 February	08 April	2023	22 February	09 April
2008	06 February	23 March	2024	14 February	31 March
2009	25 February	12 April	2025	05 March	20 April

ഒന്നാം പതിപ്പ് മുഖവുര

നമ്മുടെ സഭയിലെ പള്ളിക്രമങ്ങൾ എല്ലാം സുറിയാനി ഭാഷയിൽ ഇരിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് അവയുടെ സാരാംശം മുഴുവൻ മനസ്സിലാക്കുവാൻ പാടില്ലാതെ തീർന്നിരിക്കുന്നു. എല്ലാം തർജ്ജിമ ചെയ്തു അച്ചടിപ്പിക്കുന്നത് അധികം പ്രയോജനമായിട്ടുള്ളതാണെങ്കിലും അതിനുള്ള കാലതാമസവും പണച്ചിലവും അധികമായി വരുന്നതുകൊണ്ട് ഓരോന്നു അച്ചടിപ്പിക്കുന്നതിന് ആഗ്രഹിക്കുന്നു. ഞായറാഴ്ചതോറുമുള്ള കാലത്തെ ശുശ്രൂഷയും കുർബാന എന്ന മഹത്തായ ശുശ്രൂഷയിൽ ശുശ്രൂഷക്കാരും ജനങ്ങളും ചൊല്ലുന്ന ഭാഗങ്ങളും പലവിധമായി നടത്തിവരുന്നു. തല്ക്കാലം ഇതുകളെ മാത്രമെങ്കിലും എല്ലാസ്ഥലത്തും ക്രമമായും ഏകരീതിയിലും നടത്താൻ തക്കവണ്ണം ഒരു പുസ്തകം ഉണ്ടാക്കുന്നത് അത്യാവശ്യമെന്നുള്ള പലരുടെയും ആഗ്രഹ നിവർത്തിക്കായി ഈ പുസ്തകം ചമയ്ക്കുന്നതിന് ഉത്സാഹിച്ചിട്ടുള്ളതാകുന്നു. ഇതു സുറിയാനി ഭാഷയിൽനിന്ന് തർജ്ജിമ ചെയ്തിട്ടുള്ളതും മാരാമൺ പള്ളിയുടെ പാലക്കുന്നത്തു ബഹു. അബ്രഹാം മല്പാനച്ചൻ അവർകൾ നടത്തിയിട്ടുള്ള നടപടികൾക്ക് അനുസരണമായതും ആകുന്നു. ഈ പുസ്തകം എല്ലാവരാലും സ്വീകരിക്കപ്പെട്ട് എല്ലാപള്ളികളിലും ഉപയോഗമാക്കിക്കൊള്ളുമെന്നുള്ള ആഗ്രഹത്തോടുകൂടെ അച്ചടിപ്പിച്ചിരിക്കുന്നതും. ആകുന്നു.

ഒ.ജെ.ജെ

(ഒലശ്ശേരിൽ ഓസേപ്പ് മൽപ്പാൻ)

അവതാരിക

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ പരസ്യാരാധന ക്രമത്തിന്റെ പ്രാരംഭ ഭാഗമായ ഞായറാഴ്ച കാലത്തെ നമസ്കാരക്രമം ക്രമീകൃതവും ആകർഷകവുമായ രീതിയിൽ കൊ. വർഷം 1067 ൽ (ഏ.ഡി. 1892) ആദ്യമായി പ്രസിദ്ധം ചെയ്തു. അബ്രഹാം മല്പാനച്ചൻ തുടങ്ങിയുള്ള മലങ്കര സഭയിലെ ശുചീകരണ പ്രസ്ഥാന നേതാക്കൾ ആവിഷ്കരിച്ച ഉപദേശ തത്ത്വസംഹിതകൾക്കനുസൃതമായി എല്ലാ ശുശ്രൂഷക്രമങ്ങളും ആധുനികരീതിയിൽ പ്രസിദ്ധീകരിക്കുവാൻ നി. വ. ദി. മ. ശ്രീ. തീത്തൂസ് ദ്വിതീയൻ മെത്രാപ്പോലീത്താ നിർവഹിച്ച നിസ്തുലവും സ്തുത്യർഹവുമായ പ്രയത്നം എന്നും സ്മരണീയമത്രെ. ഒലശ്ശേരിൽ ഔസേപ്പ് മല്പാൻ മുതലായി സഭയുടെ വിശ്വാസാചാരങ്ങളിലും, സുറിയാനി, മലയാള ഭാഷകളിലും നിപുണരായ വൈദികശ്രേഷ്ഠരും, അത്മായ പ്രമുഖരും ചേർന്ന് രൂപംകൊടുത്ത ആരാധനക്രമങ്ങൾ, തിരുമനസ്സിലെ അനുഗ്രഹാശിസ്സുകളോടുകൂടിയും സ്വന്ത ഉത്തരവാദിത്വത്തിലും പ്രസിദ്ധീകരിക്കയും സഭയുടെ പൊതു ഉപയോഗത്തിൽ വരുകയും ചെയ്തു.

സഭാ ഭരണഘടനയ്ക്കു വിധേയമായി ആരാധനക്രമങ്ങളുടെയും ഇതര പ്രസിദ്ധീകരണങ്ങളുടെയും തുടർന്നുള്ള പതിപ്പുകൾ എപ്പിസ്കോപ്പൽ സംഘത്തിന്റെ അംഗീകാരത്തോടും ചുമതലയിലും ആവശ്യമായ ഭേദഗതികളോടുകൂടി ക്രമീകൃതമായ രീതിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു.

ഞായറാഴ്ച കാലത്തെ നമസ്കാരക്രമത്തിലും കുർബാനക്രമത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തി നിയമാനുസൃതം 54-ാം പതിപ്പുവരെ പ്രസിദ്ധീകരിച്ചു. ആ പതിപ്പിന്റെ 50000 കോപ്പികൾ രണ്ടു വർഷത്തിനുള്ളിൽ സഭാജനങ്ങൾ വാങ്ങി ഉപയോഗിച്ചത് സന്തോഷപ്രദമാണ്.

ഇപ്പോൾ 55-ാം പതിപ്പ് പ്രസിദ്ധീകരിക്കുന്നു. ഇതിൽ മുൻപതിപ്പിൽ നിന്ന് വ്യത്യാസം ഒന്നുംതന്നെ വരുത്തിയിട്ടില്ല. ഏങ്കിലും തെറ്റുകൾ തിരുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. എപ്പിസ്കോപ്പാമാരുടെ സംഘത്തിന്റെ അനുമതിയോടെ പ്രസിദ്ധപ്പെടുത്തുന്ന ആരാധനക്രമത്തിന്റെ ഈ പതിപ്പിന് മുൻപു ലഭിച്ചിട്ടുള്ള സ്വാഗതം ലഭിക്കുമെന്നും സത്യവിശ്വാസത്തിലുള്ള ആരാധനയ്ക്ക് കൂടുതൽ ജനങ്ങളെ സഹായിക്കുമെന്നും പ്രതീക്ഷിച്ചുകൊണ്ട് സസന്തോഷം സഭാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഈ പതിപ്പ് ഏറ്റവും ഭംഗിയായി അച്ചടിക്കുന്നതിന് സഹായിച്ച മാർത്തോമ്മാ സഭാപ്രസ്സിലെ ജീവനക്കാർ, വിശിഷ്യ ഡയറക്ടർ റവ. ജിനിൽ ഏബ്രഹാം, വിതരണത്തിന് നേതൃത്വം നല്കുന്ന സഭാ ബുക്ക് ഡിപ്പോ മാനേജർ ശ്രീ. ബിജു പി. ജോർജ് എന്നിവരോടുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവല്ല,
30-06-2016

റവ. ഉമ്മൻ ഫിലിപ്പ്
സഭാ സെക്രട്ടറി & കൺവീനർ
മാർത്തോമ്മാസഭാ പ്രസിദ്ധീകരണ സമിതി



ഒന്നാം പതിപ്പ് മുഖവുര

അവതാരിക

പ്രത്യേക പ്രാർത്ഥനകൾ

1 ക്രിസ്തുസഭയുടെ യോജിപ്പിനുവേണ്ടി

2 സുവിശേഷ സ്ഥാപനങ്ങൾക്കുവേണ്ടി

3 ആശ്രമങ്ങൾക്കുവേണ്ടി

4. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി

5. ചികിത്സാലയങ്ങൾ, ആതുരശാലകൾ മുതലായവയ്ക്കുവേണ്ടി

6. വിവിധ തൊഴിൽക്കാർക്കുവേണ്ടി

7. സാമൂഹികമായ അസമത്വങ്ങളുടെ പരിഹാരത്തിനുവേണ്ടി

8.നമ്മുടെ സഭയിലെ സ്ഥാപനങ്ങൾക്കു വേണ്ടി

നിഖ്യാ വിശ്വാസപ്രമാണം

കുമ്പസാരസമയം ചൊല്ലുന്ന അപേക്ഷ

പാപമോചന പ്രഖ്യാപനം

പത്തുകല്പനച്ചുരുക്കം

വിശുദ്ധ കുർബാന കൈക്കൊണ്ടവർ പള്ളിയിൽ വച്ചോ ഭവനത്തിൽ ചെന്നിട്ടോ ചൊലേണ്ട പ്രാർത്ഥന

സുറിയാനി പദങ്ങളുടെ അർത്ഥം

മാറ്റമുള്ള പെരുനാളുകൾ